# അദ്ധ്യായം 12

# ക്രിസ്തീയ ജീവിതം
## (ഭാഗം 1)

അദ്ധ്യായങ്ങൾ 1 മുതൽ 8–ന്റെ അവസാനം വരെയുള്ള ഭാഗത്ത്, നമ്മുടെ രക്ഷയുടെ അടിസ്ഥാനം സംബന്ധിച്ചുള്ള അഭിപ്രായങ്ങൾ അടങ്ങുമ്പോൾ, അദ്ധ്യായങ്ങൾ 9 മുതൽ 11–ന്റെ അവസാനം വരെയുള്ള ഭാഗത്ത് ''യഹൂദ പ്രഹേളിക'' കൈകാര്യം ചെയ്യുന്നു. അവസാന അദ്ധ്യായങ്ങൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്, അപ്പൊസ്തലൻ പറഞ്ഞ എല്ലാ കാര്യങ്ങളുടെയും പ്രായോഗികമായ ഉപയോഗത്തിലാണ്. പൗലൊസ് അപ്പൊസ്തലൻ തന്റെ ലേഖനങ്ങളിൽ ഇടയ്ക്ക് ദൈവശാസ്ത്രപര ചിന്തകളുടെ അത്യുന്നങ്ങളിലേക്ക് ഉയർന്നിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ കാലടികൾ നിലം തൊട്ടിരുന്നു - നാം ജീവിക്കുന്ന ഇവിടെത്തന്നെ. വിശ്വാസത്തെക്കുറിച്ചും പെരുമാറ്റത്തെ ക്കുറിച്ചും രണ്ടിനെക്കുറിച്ചും അദ്ദേഹം ഉൽകണ്ഠാകുലനായിരുന്നു.[1] ആത്മീക ജ്ഞാനം നേടുന്നതിൽ മാത്രമല്ല ജീവിതത്തിൽ അത് പ്രായോഗികമാക്കുന്ന തിനെക്കുറിച്ചും അദ്ദേഹം ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നു - ദൈവീക തത്വങ്ങളെക്കുറിച്ച് മാത്രമല്ല, നിർവ്വഹിക്കേണ്ട കർത്തവ്യങ്ങളെക്കുറിച്ചും.[2] റോമാ ലേഖനത്തിന്റെ ആദ്യ അദ്ധ്യായങ്ങളെ ആർ. സി. ബെൽ വിളിച്ചത് “വേര്” എന്നാണ്, പിന്നീടുള്ള അദ്ധ്യായങ്ങളെ “ഫലം” എന്നും.[3]

ലേഖനത്തിന്റെ പ്രായോഗിക ഭാഗം ആരംഭിക്കുന്നത് തിരുവചനത്തിലെ ഏറ്റവും മഹത്തായ അദ്ധ്യായങ്ങളിലൊന്നോടെയാണ്: റോമർ 12. ഈ പ്രിയങ്കരമായ അദ്ധ്യായത്തെക്കുറിച്ച് ജെ. ഡി. തോമസ് പറഞ്ഞതി ങ്ങനെ യാണ്: ''വേദപുസ്തകത്തിൽ മറ്റൊരിടത്തും ക്രൈസ്തവ ജീവിത ത്തിന്റെ ഇതിനേക്കാൾ മികച്ച ഒരു സംക്ഷേപം നിങ്ങൾക്ക് കാണുവാൻ കഴിയുകയ ില്ല.''[4]

### ദൈവത്തോടുള്ള മനോഭാവം (12:1, 2)

**[1]സഹോദരന്മാരേ, ഞാൻ ദൈവത്തിന്റെ മനസ്സലിവു ഓർമ്മിപ്പിച്ചു നിങ്ങളെ പ്രബോധിപ്പിക്കുന്നതു: നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന്നു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ. [2]ഈ ലോകത്തിന്നു അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിന്നു മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ.**

ഈ വാക്യങ്ങൾ അദ്ധ്യായങ്ങൾ 12 മുതൽ 16–ന്റെ അവസാനം വരെയുള്ള അനുശാസനങ്ങൾക്ക് വേദിയൊരുക്കി. റോമർ 12:1, 2 എന്നീ വാക്യങ്ങളിൽ ക്രിസ്തീയ വിശ്വാസികൾ ചെയ്യുന്നതിനായി പൗലൊസ് പ്രേ രണ നൽകുന്നത് നാം ചെയ്യുന്നുവെങ്കിൽ, 12:3–16:27–ലെ ഏതെങ്കിലും ഉപ

ാധികൾ പൂർത്തീകരിക്കു ന്നതിന് നമുക്ക് ഏറെ വൈഷമ്യം നേരിടേണ്ടി വരില്ല.

**വാക്യം 1.** ഈ അദ്ധ്യായം തുടങ്ങുന്നത് **അതിനാൽ** (οὖν, *oun*) എന്ന വാക്കോടെയാണ്. പൗലൊസ് പലപ്പോഴും ഒരു പുതിയ ഭാഗം തുടങ്ങുമ്പോൾ ''അതിനാൽ'' (കാണുക 1:24; 2:1; 5:1, 12; 6:12; 7:4, 13; 8:1)[5] എന്ന വാക്കുപയോഗിച്ചു കൊണ്ട് ആരംഭിച്ചിട്ടുണ്ട്. തൊട്ടു മുൻപ‌ുള്ള വാക്യത്തിൽ താൻ പൂർത്തീകരിച്ച ചിന്തയോട് കൂട്ടിച്ചേർക്കുന്നതിന് വേണ്ടിയാണ് അദ്ദേഹം ഈ പദം ഉപയോഗിച്ചത്. 12:1–ലെ ''അതിനാൽ'' എന്ന സമുച്ചയ പദം, റോമാ ലേഖനത്തിലെ ആദ്യ ഭാഗത്തെ, അവസാന ഭാഗങ്ങളിലെ പ്രായോഗികമാക്കലുമായി ബന്ധിപ്പിക്കുകയാണ്. ക്രിസ്തീയ വിശ്വാസികൾ വിശ്വാസത്താലാണ് നീതീകരിക്കപ്പെടുന്നതെന്ന് പൗലൊസ് ഊന്നിപ്പറഞ്ഞിരുന്നു. ഇവിടെ, വിശ്വാസത്താൽ നീതീകരിക്കപ്പെട്ട ഒരു വ്യക്തി എങ്ങനെയാണ് ജീവിക്കേണ്ടത് എന്ന് അദ്ദേഹം വിശദമായി പ്രതിപാദിക്കുന്നു.

പൗലൊസ് പറഞ്ഞു, **ഞാൻ ... നിങ്ങളെ പ്രബോധിപ്പിക്കുന്നതു**. കെജെവി പരിഭാഷയിൽ ഇത് ''ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നത്.'' എൻഇബി പറയുന്നത് ''ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നത്'' എന്നാണ്. മറ്റ് നിരവധി പരിഭാഷകളിൽ ''ഞാൻ നിങ്ങളോട് യാചിക്കുന്നത്'' (ഫിലിപ്സ്; മാക്കോർഡ്; ജെബി) എന്ന് തർജ്ജമ നൽകിയിരിക്കുന്നു. തന്റെ വായനക്കാരോട് ആജ്ഞാപ‌ിക്കുന്നതിന് പകരം, പൗലൊസ് അവരെ പ്രബോധിപ്പിക്കുകയും അവരോട് അഭ്യർത്ഥിക്കുകയും അപേക്ഷിക്കുകയും യാചിക്കുകയും ചെയ്തു. ഒരു പക്ഷേ, ദൈവം ബലം പ്രയോഗിച്ച് ഒരു ദാനം ആഗ്രഹിക്കുന്നില്ല; എന്നാൽ ഹൃദയപൂർവ്വമുള്ള ഒരു ത്യാഗമാണ് അവിടുന്ന് പ്രതീക്ഷിക്കുന്നത് എന്നതിന‌ാലാവണം ഒരു പക്ഷേ പൗലൊസ് ഇങ്ങനെ ചെയ്തത്.

''പ്രബോധിപ്പിക്കുക'' എന്ന് തർജ്ജമ ചെയ്യപ്പെട്ടിരിക്കുന്നത് ''തന്റെ വശത്തേക്ക് വിളിക്കുക''[6] എന്ന് അക്ഷരികമായി അർത്ഥം വരുന്ന παρακαλέω (*parakaleō*) എന്ന പദത്തിൽ നിന്നാണ്. καλέω (*kaleō,* ''വിളിക്കുക'') – യും παρά (*para*, ''അരികിലേക്ക്'') – യും ചേർന്ന സംയുക്തപദമാണ് അത്. ഒരു സുഹൃത്തിനെ അരികിലേക്ക് വിളിക്കുകയും അയാളുടെ ചുമലിൽ കൈയിട്ട്, കണ്ണുകളിലേക്ക് നോക്കി ഇങ്ങനെ പറയുന്നതിന് സമാനമായ ഒന്നാണ് ഇത്: ''സഹോദരാ, ഇത് ചെയ്യുന്നതിന് എന്റെ ശക്തിയുമുപ‌യോഗിച്ച് താങ്കളെ പ്രോത്സാഹിപ്പിക്കട്ടെ.'' ഡേയ്ൽ ഹാർട്ട്മാൻ ഇങ്ങനെ അഭിപ്രായപ്പെട്ടു: ''ഊന്നൽ നൽകുന്നതിനായി പൗലൊസ് ഈ വാക്കുകൾക്ക് അടിവരയിട്ടിരുന്നുവെങ്കിൽ, പൗലൊസ് ഈ വാക്കുകളും തൊട്ടു വരുന്ന വാക്കുകളും അടിവരയിടുമായിരുന്നു.''[7] റോമാ ലേഖനം വായിക്കുന്നതിന്റെ ഫലമായി ഒരു വ്യക്തി എന്തു ചെയ്യേണ്ടതുണ്ട് എന്ന് അപ്പൊസ്തലൻ വെളിപ്പെടുത്തുവാൻ പോകുകയായിരുന്നു.

**സഹോദരൻമാരേ** എന്ന് വിളിച്ചു കൊണ്ട്, പൗലൊസ് തന്റെ ഊഷ്മളമായ, വ്യക്തമായ അഭിസംബോധന ചെയ്തു കൊണ്ടുള്ള സമീപനം തുടരുന്നു. ഇവിടെ മുതൽ ലേഖനത്തിന്റെ അവസാനം വരെ റോമയിലുള്ള തന്റെ *എല്ലാ* ആത്മീയ സഹോദരൻമാരേയും സഹോദരിമാരേയും – യഹൂദൻമാരിൽ നിന്നുള്ളവരാണെങ്കിലും ജാതികളിൽനിന്നുള്ളവരാണെങ്കിലും – അഭിസംബോധന ചെയ്തു കൊണ്ടാണ് പൗലൊസ് എഴുതുന്നത്.

തന്റെ സഹോദരൻമാരെ **ദൈവത്തിന്റെ മനസ്സലിവ്** ഓർമ്മിച്ചു കൊണ്ടാണ് പ്രബോധിപ്പിക്കുന്നത്. ചില പരിഭാഷകൾ ''മനസ്സലിവ്'' (ഏകവചനം) എന്ന്

പറയുമ്പോൾ, ഗ്രീക്ക് വചനഭാഗത്ത് ഇത് ബഹുവചനരൂപത്തിലാണ്. ഇവിടെ ഈ വാക്കിന്റെ നിഘണ്ടു രൂപം οἰκτιρμός (*oiktirmos*) എന്നാണ്. ''മനസ്സലിവ്'' എന്നതിന് പുതിയ നിയമത്തിലെ കൂടുതൽ പൊതുവായ രൂപം ἔλεος (*eleos*) എന്നാണ്. 9:15–ൽ ഈ രണ്ട് ഗ്രീക്ക് പ്രയോഗങ്ങളും അങ്ങോട്ടുമിങ്ങോട്ടും മാറ്റി ഉപയോഗിച്ചിട്ടുണ്ട്. ഇവിടെ *എലിയോസ്* എന്ന വാക്ക് ''കരുണ'' എന്ന് പരിഭാഷപ്പെടുത്തുകയും ഒയ്കട്രിമോസ്, ''കനിവ്'' എന്നുമാണ് ഉപയോഗിച്ചിരിക്കുന്നത്.

''ദൈവത്തിന്റെ മനസ്സലിവ്'' എന്നത് മുൻ അദ്ധ്യായങ്ങളിൽ പരാമർശിക്കപ്പെട്ടിട്ടുള്ള വിവിധ രൂപങ്ങളിലുള്ള കരുണയുടെ പ്രകാശനമാണ്: നമ്മെ രക്ഷിക്കുന്നതിലുള്ള ദൈവത്തിന്റെ കരുണ, ഒരു ക്രിസ്തീയ ജീവിതം നയിക്കുന്നതിൽ നമ്മെ സഹായിക്കുന്ന കരുണ, തുടങ്ങിയവ. അവിടുത്തെ കരുണ ''കണക്കിലെടുക്കുമ്പോൾ'' (എൻഐവി), അവിടുന്ന് നമ്മോട് ചെയ്യുന്നതിന് ആവശ്യപ്പെടുന്ന എന്തും ചെയ്യുന്നതിന് നാം തയ്യാറാകേണ്ടതാണ്. ''അവിടുന്ന് നിങ്ങൾക്ക് ചെയ്തതിനെക്കുറിച്ച് ചിന്തിക്കുമ്പോൾ, നിങ്ങളോട് ചോദിക്കുന്നത് കൂടുതലാണോ?'' (എൻഎൽടി).

ക്രിസ്തുവിലുള്ള തന്റെ സഹോദരൻമാരോടും സഹോദരിമാരോടും എന്ത് ചെയ്യുന്നതിന് വേണ്ടിയാണ് പൗലൊസ് അഭ്യർത്ഥിക്കുന്നത്? അദ്ദേഹം ആദ്യം (അവരുടെ) **ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന്നു പ്രസാദവുമുള്ള യാഗമായി സമർപ്പിക്കുന്നതിനായി** അവരോട് ആവശ്യപ്പെട്ടു. ഈ വാക്കുകൾക്ക് നമ്മിൽ നിരവധി പേരെക്കാളും ഒന്നാം നൂറ്റാണ്ടിലെ വായനക്കാർക്ക് കൂടുതൽ അർത്ഥപൂർണ്ണമായി അനുഭവപ്പെട്ടിരുന്നു. നൂറ്റാണ്ടുകളായി, യഹൂദൻമാർ ദേവാലയത്തിലേക്ക് മൃഗബലികൾ കൊണ്ടു വന്നിരുന്നു. വിഗ്രഹാരാധനയും ബലികളിൽ ആധാരിതമായിരുന്നു. പൗലൊസ് അപ്പൊസ്തലന്റെ ക്രിസ്തീയ വിശ്വാസികളോടുള്ള വെല്ലുവിളി, മൃഗ ബലികളോട് താരതമ്യം ചെയ്യുന്നതും അതോടൊപ്പം തന്നെ വൈരുദ്ധ്യം പുലർത്തുന്നതുമാണ് – പ്രത്യേകിച്ചും യഹൂദ മതത്തിന്റെ. അത്ഭുതകരമായ ഈ വെല്ലുവിളിയെക്കുറിച്ച് നമുക്ക് വിശദമായി പരിശോധിക്കാം:

''സമർപ്പിക്കുക'' – ''സമർപ്പിക്കുക'' എന്ന തർജ്ജമ παρίστημι (*paristēmi*) എന്ന വാക്കിൽ നിന്നുമാണ്. ഇതിന്റെ അടിസ്ഥാനപരമായ അർത്ഥം ''സമീപത്തായി വെക്കുക'' എന്നാണ്. ἵστημι (*histēmi* ''വെക്കുക'') എന്നതും παρά (*para, പാരാ*, ''സമീപത്തായി'') എന്നതും ചേർന്നുണ്ടായ വാക്കാണ്. കർത്താവിന് മുൻപിൽ ഒരു നേർച്ച വെക്കുന്നതിനെ പരാമർശിക്കുന്നതിന് ഉപയോഗിക്കുന്ന പദമായിരുന്നു ഇത്. ''പഴയ നിയമ കാലത്ത് ബലിമൃഗങ്ങളെയും മറ്റ് ദാനങ്ങളെയും സമർപ്പിക്കുന്നതിനുള്ള ഒരു സാങ്കേതിക പദമായിരുന്നു അത്.''[8]

''*നിങ്ങളുടെ ശ*രീരങ്ങളെ'' – നിങ്ങൾ *തന്നെത്തന്നെ* സമർപ്പിക്കേണ്ടതാണ്. ഒരു മൃഗവും ദേവാലയത്തിലേക്ക് കുതിച്ചെത്തി ഇങ്ങനെ പറഞ്ഞില്ല, ''അടിയനിതാ, എന്നെ ബലി കഴിച്ചാലും!'' എന്നാൽ, ഫലത്തിൽ ഒരു ക്രിസ്തീയ വിശ്വാസി അങ്ങനെ ചെയ്യുന്നു. അത് പരിഗണിക്കുമ്പോൾ, ഒരു ക്രിസ്തീയ വിശ്വാസി സ്വയം ഒരു പുരോഹിതനും യാഗവസ്തുവും ആണ്.

''നിങ്ങളുടെ *ശരീരങ്ങളെ*'' – മൃഗങ്ങളെ ബലി കഴിക്കുന്നതിന് പകരം, ശരീരങ്ങളെ ക്രിസ്തീയ വിശ്വാസികൾ അവരുടെ ശരീരങ്ങളും അവരുടെ ജീവിതങ്ങളും ദൈവത്തിന് സമർപ്പിക്കേണ്ടതാണ്.

“ജീവനുള്ള” - ചത്ത മൃഗങ്ങളെ ബലി കഴിക്കുന്നതിന് പകരം, ക്രിസ്തീയ വിശ്വാസികൾ ജീവനുള്ള ബലി കഴിക്കുന്നു. ചില എഴുത്തുകാർ കരുതുന്നത് “ജീവനുള്ള” എന്ന വാക്ക് പരാമർശിക്കുന്നത് ക്രിസ്തീയ വിശ്വാസികൾ ആത്മീയമായി ജീവനുള്ളവരാണ് എന്ന വസ്തുതയാണ്. സ്നാനത്തെത്തുടർന്ന് നാം “ജീവന്റെ പുതുക്കത്തിലേക്ക്” എഴുന്നേൽക്കുന്നു (6:4).

“വിശുദ്ധിയും” - ദൈവത്തിന് സമർപ്പിക്കുന്ന ബലികൾ വിശുദ്ധമായിരിക്കേണ്ടതും (അവിടുത്തേക്കായി വേർതിരിക്കപ്പെട്ടത്) കളങ്കമില്ലാത്തതും (ലേവ്യ. 1:3; മലാഖി 1:8; 1 പത്രൊസ് 1:19) ആകേണ്ടതായിരുന്നു. ക്രിസ്തീയ വിശ്വാസികൾ എപ്പോഴും തങ്ങളുടെ പക്കലുള്ള ഏറ്റവും മികച്ചത് ദൈവത്തിന് സമർപ്പിക്കുന്നു.

“യാഗമായി” - എഫ്. എഫ്. ബ്രൂസ് ഇങ്ങനെ പറയുന്നു: “പുരാതന കാലഘട്ടത്തിലെ മൃഗബലികൾ ക്രിസ്തുവിന്റെ സ്വയാർപ്പണത്തിലൂടെ കാലഹരണപ്പെട്ടു. എങ്കിലും, ആജ്ഞാനുവർത്തിയായ ഹൃദയങ്ങൾ സമർപ്പിക്കുന്ന ആരാധനയ്ക്ക് എന്നും സ്ഥാനമുണ്ട്.”[9] പത്രൊസ് വിശ്വാസികൾക്ക് ഇങ്ങനെ എഴുതുന്നു (1 പത്രൊ. 2:5): “നിങ്ങളും ജീവനുള്ള കല്ലുകൾ എന്നപോലെ ആത്മികഗൃഹമായി യേശുക്രിസ്തു മുഖാന്തരം ദൈവത്തിന്നു പ്രസാദമുള്ള ആത്മികയാഗം കഴിപ്പാന്തക്ക വിശുദ്ധപുരോഹിതവർഗ്ഗമാകേണ്ടതിന്നു പണിയപ്പെടുന്നു.” എബ്രായ ലേഖന കർത്താവ് യേശുവിന്റെ ഓരോ അനുഗാമിക്കും മുൻപിൽ ഈയൊരു വെല്ലുവിളി വെച്ചു: “അതുകൊണ്ടു അവൻ മുഖാന്തരം നാം ദൈവത്തിന്നു അവന്റെ നാമത്തെ ഏറ്റു പറയുന്ന അധരഫലം എന്ന സ്തോത്രയാഗം ഇടവിടാതെ അർപ്പിക്കുക. നന്മ ചെയ്‌വാനും കൂട്ടായ്മ കാണിപ്പാനും മറക്കരുതു. ഈ വക യാഗത്തിലല്ലോ ദൈവം പ്രസാദിക്കുന്നതു” (എബ്രാ. 13:15, 16).

“ദൈവത്തിന്നു പ്രസാദമുള്ള” - “പ്രസാദമുള്ള” എന്ന് പരിഭാഷപ്പെടുത്തിയിരിക്കുന്ന εὐάρεστος (*euarestos*) എന്ന വാക്കിന്റെ ആക്ഷരികമായ അർത്ഥം, “നന്നായി പ്രസാദിപ്പിക്കുന്നത്” എന്നാണ്. εὖ (*eu*) (“നന്നായി”), ἀρεστός (*arestos* “പ്രസാദിപ്പിക്കുന്നത്”) എന്നീ രണ്ട് വാക്കുകളുടെ സംയുക്തമാണ് അത്. പഴയ നിയമ കാലഘട്ടങ്ങളിൽ, ദൈവത്തിനായി മൃഗ ബലികൾ അർപ്പിച്ചിരുന്നപ്പോൾ, അതിൽ നിന്ന് “യഹോവെക്കു സൌരഭ്യവാസനയാകുമാറ്” പുക ഉയർന്നിരുന്നു (സംഖ്യ. 15:3; എൻഐവി). സമാനമായ രീതിയിൽ, നാം ചർച്ച ചെയ്യുന്ന ആത്മീയ യാഗം ദൈവത്തെ പ്രസാദിപ്പിക്കുകയും അവിടുന്ന് അത് സ്വീകരിക്കുകയും ചെയ്യുന്നു.

റോമാ ലേഖനത്തിൽ മുൻപ്, പൗലൊസ് തന്റെ വായനക്കാരുടെ മുൻപിൽ ഒരു വെല്ലുവിളി ഉയർത്തുന്നതിനായി, “സമർപ്പിക്കുക” (*paristēmi*), “ശരീരം” (σῶμα, *sōma*) എന്നീ വാക്കുകൾ ഉപയോഗിച്ചു,

> ... നിങ്ങളുടെ അവയവങ്ങളെ അനീതിയുടെ ആയുധങ്ങളായി പാപത്തിന്നു *സമർപ്പിക്കയും* അരുതു. നിങ്ങളെത്തന്നേ മരിച്ചിട്ടു ജീവിക്കുന്നവരായും നിങ്ങളുടെ അവയവങ്ങളെ (നിങ്ങളുടെ *ശരീരത്തിലെ* അവയവങ്ങളെ) നീതിയുടെ ആയുധങ്ങളായും ദൈവത്തിന്നു *സമർപ്പിച്ചു*കൊൾവിൻ (6:13; പ്രത്യേക ഊന്നൽ നൽകിയിരിക്കുന്നു).

12:1–ലെ “ശരീരങ്ങളെ” എന്ന വാക്കിനെ നിരവധി എഴുത്തുകാർ, “നമ്മുടെ

മുഴുവൻ സത്വം'' ആയി വ്യാഖ്യാനിക്കുന്നു. നാം നമ്മെത്തന്നെ മുഴുവനായും നമുക്കുള്ളതെല്ലാം ദൈവത്തിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ, ''ശരീരങ്ങൾ'' എന്ന പദം ഉപയോഗിക്കുമ്പോൾ പൗലൊസിന് ഒരു പക്ഷേ ഒരു ഉദ്ദേശ്യം ഉണ്ടായിരുന്നിരിക്കണം. റോമാ ലേഖനത്തിലുടനീളം, നമ്മുടെ ഭൗമീക ശരീരം ആത്മീയമായ കഷ്ടതയുടെ ഒരു മുഖ്യ ഉറവിടമായി പൗലൊസ് ഊന്നി പ്പറഞ്ഞിട്ടുണ്ട്. നമ്മുടെ ജഡത്തിന്റെ ബലഹീനത കാരണം, നാം പാപത്തിന്റെ ന ിയമം അനുസരിക്കുന്നു (7:25). ഐച്ഛികമായതിനാൽ, താഴേക്ക് വലിച്ചിടുന്ന നമ്മുടെ ശരീരത്തിന്റെ ജഡിക സ്വഭാവം നമ്മെ കീഴ്പ്പെടുത്തിക്കളയാം (7:5, 18, 23, 24). എങ്കിലും, അദ്ധ്യായം 8:13-ൽ പൗലൊസ് പ്രഖ്യാപിക്കുന്നത് നമുക്ക് ''ദൈവത്തിന്റെ ആത്മാവിനാൽ ശരീരത്തിന്റെ പ്രവൃത്തികളെ'' മരിപ്പിക്കാം എന്നാണ്. ഇവിടെയാണ്, ഒരിക്കൽ അനീതിയുടെ ഉപകരണമായിരുന്ന ഈ ശരീരം ''ജീവനും വിശുദ്ധിയും ദൈവത്തിന്നു പ്രസാദവുമുള്ള യാഗമായി'' സമർപ്പിക്കുന്നതിന് കഴിയും എന്ന് പൗലൊസ് പ്രസ്താവിക്കുന്നത്.

ശരീരത്തിന് ശരിയായ മാന്യതയും മാനവും നൽകുന്ന ഒന്നായി ക്രൈസ്തവ മതം അംഗീകരിക്കപ്പെട്ടിട്ടുണ്ട്.[10] "ഗ്രീക്കുകാർക്ക് ശരീരം ഒരു തടവറയാണ്; വെറുക്കപ്പെടേണ്ടതും ലജ്ജിക്ക പോലും ചെയ്യപ്പെടേണ്ടതും."[11] ഇതിന് വിരുദ്ധമായി, ശരീരം "പരിശുദ്ധാത്മാവിന്റെ മന്ദിരം" (1 കൊരി. 6:19) ആണ് എന്ന് ഒരു ക്രിസ്തീയ വിശ്വാസി മനസ്സിലാക്കുന്നു. ഒരു വിശ്വാസിക്ക് തന്റെ ശരീരത്താൽ ദൈവത്തെ മഹത്വപ്പെടുത്തുന്നതിനും ഉയർത്തുന്നതിനും സാധിക്കും (1 കൊരി. 6:20; ഫിലി. 1:20).

ശരീരം ''ജീവനും വിശുദ്ധിയും ദൈവത്തിന്നു പ്രസാദവുമുള്ള യാഗമായി'' സമർപ്പിക്കുന്നതിലുൾപ്പെടുന്നത് എന്താണ്? ദൈവത്തെ സ്തുതിക്കുകയും നൻമ ചെയ്യുകയും പങ്കു വെക്കുകയും ചെയ്യുന്നതിനെക്കുറിച്ച് സംസാരിക്കുന്ന എബ്രായർ 13:15, 16 ഇതിനെക്കുറിച്ച് സൂചന നൽകുന്നുണ്ട്. ഈ യാഗങ്ങളാണ് ദൈവത്തെ പ്രസാദിപ്പിക്കുന്നത്. നമ്മുടെ ശാരീരികമായ വൈഭവങ്ങളും കഴിവു കളും ഉപയോഗിക്കുന്നതിലൂടെ നാം നമ്മുടെ ശരീരങ്ങളെ ദൈവത്തിന് യാഗ മായി സമർപ്പിക്കുന്നു. നമ്മുടെ ശരീരങ്ങളെ ദൈവത്തിന് സമർപ്പിക്കുന്നുവെ ങ്കിൽ എന്താണ് സംഭവിക്കുകയെന്ന് ജോൺ ആർ. ഡബ്ലിയു. സ്റ്റോട്ട് എഴുതി:

> അപ്പോൾ നമ്മുടെ കാൽ അവിടുത്തെ വഴികളിൽ നടക്കുകയും നമ്മുടെ ചുണ്ടുകൾ സത്യം സംസാരിക്കുകയും സുവിശേഷം പ്രസംഗിക്കുകയും നമ്മുടെ നാവ് സൗഖ്യം കൊണ്ടുവരികയും നമ്മുടെ കൈകൾ വീണു പോയവരെ എഴുന്നേൽപ്പിക്കുകയും അനേകം ഭൗമീക ദൗത്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യും ... പാചകം ചെയ്യലും പാത്രം കഴുകലും ടൈപ്പ് ചെയ്യലും കേടുപാട് തീർക്കലും പോലെ; നമ്മുടെ കരങ്ങൾ ഒറ്റപ്പെട്ടു പോയവരെയും സ്നേഹിക്കപ്പെടാതെ പോയവരെയും ആശ്ലേഷിക്കും; നമ്മുടെ കാതുകൾ ക്ലേശിക്കുന്നവരുടെ കരച്ചിലുകൾ ശ്രദ്ധിക്കുകയും നമ്മുടെ കണ്ണുകൾ ദൈവത്തിന്റെ നേർക്ക് വിനീതമായും ക്ഷമയോടെയും നോക്കുകയും ചെയ്യും.[12]

പൗലൊസ് പറഞ്ഞു: ശരീരങ്ങളെ സമർപ്പിക്കുന്നത് **നിങ്ങളുടെ ബുദ്ധിയുള്ള ആരാധനയാണ്**. ഈ വാക്യ പ്രയോഗത്തിൽ അസ്പഷ്ടതയ ുള്ള രണ്ട് വാക്കുകൾ അടങ്ങുന്നുണ്ട്. ''ബുദ്ധിയുള്ള'', (λογικός, *logikos*)

എന്ന് തർജ്ജമ ചെയ്യപ്പെട്ടിട്ടുള്ളതാണ് ഒന്നാമത്തേത്. *ലോഗിക്കോസ്* എന്ന പദാർത്ഥപരമല്ലാത്ത വാക്ക് ഉൽഭവിച്ചിട്ടുള്ളത് λόγος (*logos*, ''വചനം'') – ൽ നിന്നാണ്. ''യുക്തിപരത'' എന്ന പദത്തിന്റെ ഉറവിടമാണ് ഇത്. ഡബ്ലിയു. ഇ. വൈൻ പറഞ്ഞിട്ടുള്ളത് ലോഗിക്കോസ് ''യുക്തിപരമായി ചിന്തിക്കുന്നതിനുള്ള കഴിവി''നോട് ബന്ധപ്പെട്ടിരിക്കുന്നുവെന്നും അത് അർത്ഥമാക്കുന്നത് ''ബുദ്ധിപരമായ'' അല്ലെങ്കിൽ ''യുക്തി സഹമായ'' എന്നാണ്.[13] ഏറ്റവും ആധുനികമായ പരിഭാഷകൾ, വാക്യം 1-ൽ പ്രഥമ ഗണന നൽകുന്നത് "ആത്മീയമായ" എന്ന പദത്തിനാണ്. വ്യത്യസ്തമായ ഒരു ഗ്രീക്ക് നാമവിശേഷണം പ്രത്യേകമായി "ആത്മീയമായ" (πνευματικός, *pneumatikos*) എന്ന് അർത്ഥമാക്കുന്നു. ഈ പ്രത്യേക വാക്യത്തിൽ ലോഗിക്കോസിന് ''ബുദ്ധിയുള്ള'' അല്ലെങ്കിൽ ''ബുദ്ധിപൂർവ്വമായ'' എന്നത് കൂടുതൽ സ്വാഭാവികമായ ഒരു തെരഞ്ഞെടുപ്പായി തോന്നുന്നു.

നമ്മുടെ ശരീരങ്ങളെ ദൈവത്തിന് ഒരു യാഗമായി സമർപ്പിക്കുന്നത് ''ബുദ്ധിയുള്ള''തായി ഏത് വിധത്തിൽ പരിഗണിക്കാം? ആദ്യമായി, ദൈവം നമുക്ക് ചെയ്തിട്ടുള്ളത് പരിഗണിക്കുമ്പോൾ ഇത് ന്യായമായ ഒരു അഭ്യർത്ഥനയാണ്. അത് കൂടാതെ, ദൈവത്തിന്റെ സ്നേഹത്തോട് നാം പ്രതികരിക്കുന്നത് യുക്തിവിചാരത്തോടു കൂടിയ, ബുദ്ധിപരമായുള്ള വ്യക്തികളായിട്ടാണ്. കൂടുതലായി, നാം ഈ യാഗമായി സമർപ്പിക്കുമ്പോൾ അത് ചെയ്യുന്നത് ശ്രദ്ധയോടും ചിന്തിച്ചുമാണ്.

അസ്പഷ്ടതയുള്ള രണ്ടാമത്തെ വാക്ക്, എൻഎസ്ബി ''ആരാധനയുടെ സേവ'' എന്ന് പരിഭാഷപ്പെടുത്തുന്ന പദമാണ്: λατρεία (*latreia*). *ലാറ്റ്റേറിയ* എന്നത് ക്രിയാപദമായ λατρεύω (*latreuō*) എന്നതിന്റെ നാമ രൂപമാണ്.

> അസ്സൽ രൂപത്തിൽ (*ലാറ്റേറിയു*) അർത്ഥമാക്കുന്നത് *വാടകയ്ക്ക് അല്ലെങ്കിൽ വേതനത്തിന് ജോലിയെടുക്കുക* എന്നതാണ് .... അത് പിന്നീട് പൊതുവായി *സേവനം നൽകുക* എന്നായി മാറി .... ഒടുവിൽ, അത് *ദൈവങ്ങൾക്ക് സേവ ചെയ്യൽ* എന്ന് സൂചിപ്പിക്കുന്നതിനായി സവിശേഷമായി ഉപയോഗിക്കപ്പെട്ടു. വേദപുസ്തകത്തിൽ അത് ഒരിക്കലും മനുഷ്യനെ സേവിക്കുക എന്ന് അർത്ഥം നൽകുന്നില്ല; അത് എപ്പോഴും ദൈവത്തിന് നൽകുന്ന ശുശ്രൂഷയും ദൈവീകാരാധനയും അർത്ഥമാക്കുന്നതിനാണ് ഉപയോഗിച്ചിട്ടുള്ളത്.[14]

*ലാറ്റേറിയു* എന്ന പദം ''ആരാധന'', ''സേവ'' എന്നത് പരിഭാഷപ്പെടുത്തുന്നതിനുള്ള യുക്തിയുക്തമായ മാർഗ്ഗങ്ങളാണ്. കെജെവി ഉൾപ്പെടെയുള്ള പരിഭാഷകളിൽ ''സേവ'' എന്ന പദം നൽകിയിട്ടുണ്ടെങ്കിലും എൻഐവി പോലെയുള്ള മറ്റുള്ള പരിഭാഷകളിൽ ''ആരാധന'' എന്ന വാക്ക് മാത്രമേയുള്ളു. രണ്ട് വാക്കുകളിൽ ഏതെങ്കിലുമൊന്ന് തെരഞ്ഞെടുക്കുന്നതിന് പകരം, എൻഎഎസ്ബി പരിഭാഷകർ ''ആരാധനയുടെ സേവ''എന്നീ രണ്ട് വാക്കുകളും ഈ പ്രയോഗത്തിൽ ഉൾപ്പെടുത്തി.[15] (കൂടുതൽ വിവരങ്ങൾക്കായി, കാണുക പ്രായോഗികം: 43–44 പേജുകളിൽ "*ആരാധന" അല്ലെങ്കിൽ "സേവ"?)*

**വാക്യം 2**. ഈ വാക്യത്തെ മുൻപുള്ള വാക്യവുമായി ''**ഒപ്പം** (ഇംഗ്ലീഷിൽ **ആൻഡ്**)'' എന്ന സംയോജനം ബന്ധിക്കുന്നു. ദൈവത്തിന് ജീവിതം

സമർപ്പിക്കുന്നതിനെക്കുറിച്ചുള്ള ചർച്ച തുടരുകയാണ്. ആരോ ഒരിക്കൽ പറഞ്ഞു, "ജീവനുള്ള ഒരു യാഗത്തിന്റെ പ്രശ്നം, അത് യാഗപീഠത്തിൽ നിന്ന് ഇഴഞ്ഞു മാറിപ്പോയിക്കൊണ്ടിരിക്കുന്നതാണ്."[16] അതിനാൽ, ദൈവത്തിന് സമർപ്പിതമായ ഒരു ജീവിതത്തിനായി നൽകുന്ന അഭ്യർത്ഥന വീണ്ടും ദൃഢീകരിക്കേണ്ട ആവശ്യകത പൗലൊസ് മനസ്സിലാക്കി.

*നിഷേധാത്മകമായത്.* പൗലൊസ് ആദ്യം നിഷേധാത്മകമായ ഒരു കൽപ്പന നൽകുന്നു: **ഈ ലോകത്തിന്നു അനുരൂപമാകാതെയിരിക്കുക.** "അനുരൂപമാകുക" എന്ന വാക്ക് പരിഭാഷപ്പെടുത്തിയിരിക്കുന്നത് συσχηματίζω (*suschēmatizō*) - യിൽ നിന്നാണ്. ഇവ വലിയ പദം നിർമ്മിതമായിരിക്കുന്നത്, രൂപപ്പെടുക എന്ന് അർത്ഥം വരുന്ന σχῆμα (*schēma*) - യും അതിന് മുൻപായി σύν (*sun*) ("ഒപ്പം") എന്ന പദവും ചേർന്നാണ്.[17] "ലോകം" പരിഭാഷപ്പെടുത്തിയിരിക്കുന്നത് "പ്രായം" എന്ന തർജ്ജമ വരുന്ന αἰών (*aiōn*) - ൽ നിന്നാണ്. അയോൺ അർത്ഥമാക്കുന്നത് സ്വാഭാവിക ലോകത്തെ അല്ല (കല്ലുകൾ, മരങ്ങൾ, പുഷ്പങ്ങൾ തുടങ്ങിയവ പോലെ), എന്നാൽ പൗലൊസ് മറ്റെല്ലായിടത്തും വിളിക്കുന്ന "ഇപ്പോഴത്തെ ദുഷ്ട ലോക (*അയോൺ*)" (ഗലാ. 1:4)-ത്തെയാണ്. പൗലൊസിന്റെ ഈ താക്കീത് വ്യത്യസ്ത പരിഭാഷകൾ എങ്ങനെയാണ് പരിഭാഷപ്പെടുത്തിയിരിക്കു ന്നതെന്ന് താഴെ നൽകിയിരിക്കുന്നു:

ഇന്നത്തെ ലോകത്തിന്റെ ക്രമം നിങ്ങൾ പാലിക്കാതിരിക്കുക (എൻഇബി).

ഈ ലോകത്തിന്റെ പെരുമാറ്റങ്ങളും സമ്പ്രദായങ്ങളും കർത്താതിരിക്കുക (എൻഎൽടി).

നിങ്ങളുടെ ചുറ്റുമുള്ള ലോകം അതിന്റെ മൂശയിലേക്ക് നിങ്ങളെ തെരുകിക്കയറ്റുന്നതിന് അനുവദിക്കരുത് (ഫിലിപ്സ്).

ചിന്തിക്കുക പോലും ചെയ്യാതെ നിങ്ങളുടെ സംസ്കാരത്തിനോട് ഇണങ്ങിപ്പോകുന്ന വിധത്തിൽ, അതിലേക്ക് ഇഴുകിച്ചേർന്നു പോകരുത് (എംഎസ്ജി).

ധനാത്മകമായത്: പൗലൊസ് നിഷേധാത്മകമായ ഒരു പ്രസ്താവനയിൽ അവസാനിപ്പിച്ചില്ല; എന്നാൽ അദ്ദേഹം ധനാത്മകമായ ഒരു നിർദ്ദേശം വെക്കുകയാണ്: **എന്നാൽ ... രൂപാന്തരപ്പെടുക.** "രൂപാന്തരപ്പെടുക" എന്നത് μεταμορφόω (*metamorphoō*) എന്നതിന്റെ തർജ്ജമയാണ്. ഈ വാക്ക് രൂപപ്പെട്ടിരിക്കുന്നത് μορφή (*morphē*) ("രൂപപ്പെടുക") എന്നുള്ളതിന് മറ്റൊരു വാക്ക് - ൽ നിന്നും അതിന്റെ മുൻപിലായി μετά (*meta*) ("ഒപ്പം") എന്നുള്ളതിന്റെ മറ്റൊരു വാക്ക്-ഉം ചേർന്നാണ്. നമുക്ക് ഇംഗ്ലീഷ് ഭാഷയിൽ "മെറ്റമോർഫോസിസ്" (രൂപാന്തരപ്രാപ്തി) അഥവാ എന്ന പദം ലഭിക്കുന്നത് ഈ വാക്കിൽ നിന്നാണ്. ഇത് രൂപാന്തരത്തെ കുറിക്കുന്നു - മിക്കപ്പോഴും നാടകീയമായ ഒരു മാറ്റത്തെ.[18] മെറ്റമോർഫോസിസ് (രൂപാന്തരപ്രാപ്തി) സൂചിപ്പിക്കുന്നതിനായി പതിവായി ഉപയോഗിക്കപ്പെടുന്ന ഒരു ചിത്രീകരണം, കമ്പിളിപ്പുഴു ഒരു ചിത്രശലഭമായി പരിണമിക്കുന്നതാണ്. അത്തരത്തിലുള്ള

ശാരീരിക രൂപാന്തരപ്രാപ്തി വിസ്മയകരമാണെന്നിരിക്കെ, ക്രിസ്തുവിലേക്ക് വരുന്ന ഒരു വ്യക്തിയിൽ സാദ്ധ്യമായ ആത്മീയ രൂപ പരിണാമം, അതിനേക്കാളേറെ എത്രയോ അത്യൽഭുതം ഉണ്ടാക്കുന്നതാണ്.

നിരവധി എഴുത്തുകാരും പ്രസ്താവിക്കുന്നത് ''രൂപാന്തരപ്പെടുക'' എന്നത് ഒരു കർമ്മണി പ്രയോഗമാണെന്നാണ്. രൂപാന്തരം എന്നത്, *നാം ചെയ്യുന്ന ഒന്ന്* എന്നതിനേക്കാൾ *നമ്മോട് ചെയ്യുന്ന ഒന്നാണ്*. പല തർജ്ജമകളും പരാവർത്തനങ്ങളും ''*ദൈവം* നിങ്ങളെ രൂപാന്തരപ്പെടുത്തട്ടെ'' അല്ലെങ്കിൽ അതിന് സമാനമായ രീതിയിലാണ് ഈ വാക്യത്തെ പരിഭാഷപ്പെടുത്തുന്നത് (ടിഇവി; സിഇവി; എൻഎൽടി; ഫിലിപ്സ്). ''അനുരൂപപ്പെടുക'', ''രൂപാന്തരപ്പെടുക'' എന്നിങ്ങനെ പരിഭാഷപ്പെടുത്തപ്പെട്ടിട്ടുള്ള ഗ്രീക്ക് ക്രിയകൾക്ക് ഒരേ രീതിയിലുള്ള പദാന്തമാണുള്ളത്. എന്നിട്ടും, ''അനുരൂ പപ്പെടുക'' എന്നത് നാം ചെയ്യുന്ന ഒന്നല്ല മറിച്ച് നമ്മോട് ചെയ്യപ്പെടുന്നതാണ് എന്ന് ഏതാനും വ്യാഖ്യാതാക്കൾ ശഠിക്കുന്നു. രണ്ട് വാക്കുകളുടെയും പദാന്തം ഒന്നുകിൽ കർമ്മണി പ്രയോഗത്തിലോ (നമ്മോട് ചെയ്യപ്പെട്ടുവെന്നത്) അല്ലെങ്കിൽ മദ്ധ്യമ പ്രയോഗത്തിലോ (നമ്മോട് തന്നെ ചെയ്യുന്നത് അല്ലെങ്കിൽ നമുക്കായി ചെയ്യുന്നത്) ആണ്[19]. പൗലൊസ് ഈ ഭാഗം ആരംഭിച്ചത് "സഹോദരൻമാരേ ... *നിങ്ങളെ* പ്രബോധിപ്പിക്കുന്നത്'' എന്നായതിനാൽ, നാം എന്താണ് ചെയ്യേണ്ടത് എന്നതിലാണ് ഊന്നൽ. എങ്കിൽത്തന്നെയും, ദൈവത്തിന്റെ സഹായമില്ലാതെ നമുക്ക് രണ്ടിലേത് കൽപ്പനയും – ''അനുരൂ പമാകാതെയിരിക്കുക'' അല്ലെങ്കിൽ ''രൂപാന്തരപ്പെടുക'' – അനുസരിക്കുവാൻ സാദ്ധ്യമല്ല എന്ന് ഓർമ്മിക്കേണ്ടത് പ്രധാനമാണ്. അദ്ധ്യായങ്ങൾ 7, 8 എന്നിവ ഇത് വ്യക്തമാക്കുന്നുണ്ട്. കർത്താവിന്റെ സഹായമില്ലാതെ നാം നിസ്സഹായരാണ്.

നമുക്ക് എങ്ങനെ ''രൂപാന്തരപ്പെടാൻ'' കഴിയും? അപ്പൊസ്തലൻ ഇങ്ങനെ നമ്മോട് തുടർന്നു പറയുന്നു: **നമ്മുടെ മനസ്സ് പുതുക്കുന്നതിലൂടെ**. പുതുക്കുന്നതിലൂടെ എന്ന് പരിഭാഷപ്പെടുത്തിയിട്ടുള്ള വാക്ക് രൂപപ്പെട്ടിട്ടുള്ളത് καινός (*kainos*) (''പുതിയ'')-ഉം ἀνά (*ana*) (''വീണ്ടും'') -ഉം സംയോജിപ്പിച്ചിട്ടുള്ള ἀνακαίνωσις (*anakainōsis*) എന്ന പദത്തിൽ നിന്നാണ്. ''മനസ്സ്'' എന്ന വാക്ക് പരിഭാഷപ്പെടുത്തിയിരിക്കുന്നത് νοῦς (*nous*)-ൽ നിന്നാണ്. ഇത് ഒരാളുടെ ''മനോഭാവം'' അല്ലെങ്കിൽ ''ചിന്തിക്കുന്ന വിധം'' എന്ന് അർത്ഥമാക്കുന്നു. രൂപാന്തരം വരുന്നത് ഉള്ളിൽ നിന്നാണ്. അന്തർഭാഗത്ത് രൂപാന്തരമുണ്ടാകാതെ പുറംഭാഗം മാറ്റുന്നത്, ചെളിയിൽ കളിക്കുന്ന ഒരു കുട്ടിയെ അലക്കി വെളുപ്പിച്ച ഉടുപ്പണിയിക്കുന്നതു പോലെയാണ്. പുറംഭാഗം രൂപാന്തരപ്പെടണമെങ്കിൽ, നമ്മുടെ ഉള്ളിൽ ആദ്യം രൂപാന്തരമുണ്ടാകണം. ഒരു മനുഷ്യൻ ''അവൻ തന്റെ മനസ്സിൽ കണക്കു കൂട്ടുന്നതു പോലെയാകുന്നു'' (സദൃ. 23:7).

നമ്മുടെ മനസ്സുകൾ പുതുക്കേണ്ടതിന്റെ പ്രാധാന്യം എന്താണ്? വാക്യം 2-ന്റെ സമാപനത്തിൽ പൗലൊസ് ഒരു കാരണം നൽകി: **ഈ ലോകത്തിന്നു അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം**[20] **ഇന്നതെന്നു തിരിച്ചറിയേണതിന്നു**. ''നൻമയും'' (ἀγαθός, *agathos*), ''പ്രസാദമുള്ള'' (εὐάρεστος, *euarestos*) (''നന്നായി പ്രസാദിപ്പിക്കുന്ന''), പൂർണ്ണതയുള്ള (τέλειος, *teleios*) (''പൂർണ്ണമായത്, പക്വതയുള്ളത്'') എന്നിവയെല്ലാം ദൈവഹിതത്തിന്റെ അനുയുക്തമായ വിവരണങ്ങളാണ്. ഈ വചനഭാഗത്ത് നമ്മുടെ ചിന്തകളെ വെല്ലുവിളിക്കുന്ന പ്രയോഗം ''തിരിച്ചറിയുക'' (δοκιμάζω,

*dokimazō*) എന്നതാണ്.

*ഡോക്കിമാസോ* (*Dokimazō*) എന്ന പദം ഉപയോഗിച്ചിരുന്നത് ഒരു ലോഹം കലർപ്പില്ലാത്തതാണോ എന്ന് പരിശോധിക്കുന്നതിന് വേണ്ടിയാണ്. അത് ഒന്നുകിൽ ''പരീക്ഷണ വിധേയമാക്കുക, സമഗ്രമായി പരിശോധിക്കുക'' അല്ലെങ്കിൽ ''തെളിയിക്കുക, അംഗീകരിക്കുക'' (വിജയകരമായ ഒരു പരിശോധനയ്ക്ക് ശേഷം)[21]. എൻഐവി ഈ രണ്ട് ആശയങ്ങളും ഉൾപ്പെടുത്തുന്നുണ്ട്: "നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു *പരിശോധിക്കുന്നതിനും അംഗീകരിക്കുന്നതിനും*'' (പ്രത്യേകമായ ഊന്നൽ നൽകിയിരിക്കുന്നു). ചോദ്യമിതാണ്, വാക്യം 2-ൽ *ഡോക്കിമാസോ* ഉപയോഗിച്ചപ്പോൾ പൗലൊസിന്റെ പ്രാഥമിക ചിന്ത എന്തായിരുന്നു?

ഏത് പരിതസ്ഥിതിയിലും ദൈവത്തിന്റെ ഹിതം എന്തെന്ന് *തിരിച്ചറിയുന്നതിന്* നമുക്ക് കഴിയുക എന്നതാണ് പൗലൊസിന്റെ മനസ്സിലുണ്ടായിരുന്നത് എന്ന് നിരവധി എഴുത്തുകാർ കരുതുന്നു. മക്കോർഡ് ഇങ്ങനെ പറയുന്നു, ''ദൈവത്തിന്റെ നല്ലതും അംഗീ കാര്യയോഗ്യവും പൂർണ്ണവുമായ ഹിതം നാം കണ്ടെത്തേണ്ടതിന്.'' ജെബി ഇങ്ങനെ പറയുന്നു, ''ദൈവത്തിന്റെ ഹിതം കണ്ടെത്തുന്നതിനും എന്താണ് നല്ലതെന്നും ദൈവം എന്താണ് ആഗ്രഹിക്കുന്നതെന്നും ചെയ്യാനുള്ള ഏറ്റവും പൂർണ്ണതയുള്ള കാര്യം എന്താണെന്നും അറിയുന്നതിനുമുള്ള ഏക മാർഗ്ഗം ഇതാണ്.'' മനസ്സ് പുതുക്കി രൂപാന്തരപ്പെടുന്നതിന് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ആത്മീയ അഭ്യാസങ്ങൾ, ദൈവവചനത്തിന്റെ അറിവിനോടൊപ്പം തന്നെ ആത്മീയ വിവേചനവും നൽകും. ഇത് ഒരു പ്രത്യേക പരിതസ്ഥിതിയിൽ നാം എന്തു ചെയ്യുന്നതിനാണ് ദൈവം ആഗ്രഹിക്കുന്നത് എന്ന് നിർണ്ണയിക്കുന്നതിന് നമ്മെ സഹായിക്കും.

മറ്റ് എഴുത്തുകാർ ''പരിശോധിക്കൽ'' അല്ലെങ്കിൽ ''തെളിയിക്കൽ'' എന്ന ആശയത്തിന് കൂടുതൽ ഊന്നൽ നൽകി. വില്യം ബാർക്ലേ ഇങ്ങനെ എഴുതി: ''നിങ്ങളുടെ ജീവിതത്തിൽ, ദൈവത്തിന്റെ ഹിതം നല്ലതും ഏറെ പ്രസാദിപ്പിക്കുന്നതും തികഞ്ഞതുമാണെന്ന് നിങ്ങൾ തെളിയിച്ചേക്കാം.''[22] അത് നിങ്ങൾക്ക് മുൻപിൽ *നിങ്ങൾ തന്നെ* തെളിയിച്ചേക്കാം; നിങ്ങൾക്ക് ഇങ്ങനെ പറയുന്നതിന് കഴിയും, ''അതേ, ദൈവത്തിന്റെ ഹിതം ഉത്തമമാണെന്ന് എനിക്ക് ആത്മവിശ്വാസമുണ്ട്.'' പിന്നീട്, നിങ്ങളുടെ ജീവിതത്തിൽ ദൈവഹിതം നിങ്ങൾ പ്രദർശിപ്പിക്കുമ്പോൾ, *മറ്റുള്ളവരുടെ* മുൻപിലും അത് തീർച്ചയായും ഉത്തമമാണെന്ന് നിങ്ങൾ സ്ഥാപിക്കും.

## സഹോദരൻമാരോടുള്ള മനോഭാവം (12:3-13)

ദൈവത്തോടുള്ള തന്റെ സഹോദരൻമാരുടെ മനോഭാവത്തെക്കുറിച്ച് ചർച്ച ചെയ്തതിന് ശേഷം, പൗലൊസ് പരസ്പരമുള്ള അവരുടെ മനോഭാവത്തിലേക്ക് പരിവർത്തനം ചെയ്യുകയാണ്. അവർക്ക് താഴ്മ (12:3–8) -യും സഹോദര സ്നേഹ (12:9–13) - വും ഉണ്ടാകേണ്ടതിന്റെ ആവശ്യകത അദ്ദേഹം ഊന്നിപ്പറഞ്ഞു.

### താഴ്മ (12:3-8)

**3ഭാവിക്കേണതിന്നു മീതെ ഭാവിച്ചുയരാതെ ദൈവം അവനവന്നു വിശ്വാസത്തിന്റെ അളവു പങ്കിട്ടതുപോലെ സുബോധമാകുംവണ്ണം**

**ഭാവിക്കേണമെന്നു ഞാൻ എനിക്കു ലഭിച്ച കൃപയാൽ നിങ്ങളിൽ ഓരോരുത്തനോടും പറയുന്നു. [4]ഒരു ശരീരത്തിൽ നമുക്കു പല അവയവങ്ങൾ ഉണ്ടല്ലോ; എല്ലാ അവയവങ്ങൾക്കും പ്രവൃത്തി ഒന്നല്ലതാനും; [5]അതുപേ ാലെ പലരായ നാം ക്രിസ്തുവിൽ ഒരു ശരീരവും എല്ലാവരും തമ്മിൽ അവയവങ്ങളും ആകുന്നു. [6]ആകയാൽ നമുക്കു ലഭിച്ച കൃപക്കു ഒത്തവണ്ണം വെവ്വേറെ വരം ഉള്ളതുകൊണ്ടു പ്രവചനം എങ്കിൽ വിശ്വാസത്തിന്നു ഒത്തവണ്ണം, [7]ശുശ്രൂഷ എങ്കിൽ ശുശ്രൂഷയിൽ, ഉപദേശിക്കുന്നവൻ എങ്കിൽ ഉപദേശത്തിൽ, പ്രബോധിപ്പിക്കുന്നവൻ എങ്കിൽ [8]പ്രബോധനത്തിൽ, ദാനം ചെയ്യുന്നവൻ ഏകാഗ്രതയോടെ, ഭരിക്കുന്നവൻ ഉത്സാഹത്തോടെ, കരുണചെയ്യുന്നവൻ പ്രസന്നതയോടെ ആകട്ടെ.**

ഓരോ വ്യക്തിയ്ക്കുമുളള കഴിവുകൾ ദൈവത്തിൽ നിന്ന് ഉത്ഭവിച്ചിട്ടുളളതാണ് എന്ന് ചൂണ്ടിക്കാട്ടിക്കൊണ്ട്, തന്റെ വായനക്കാർക്ക് താഴ്മയുടെ ആത്മാവ് ഉണ്ടാകണമെന്ന് അപ്പൊസ്തലൻ ആഗ്രഹിച്ചു. ഇവ യല്ലാം സഭ പണിയുന്നതിന് ആവശ്യമായിരുന്നു.

**വാക്യം 3. എനിക്കു ലഭിച്ച കൃപയാൽ** എന്ന വചന പ്രയോഗം അർത്ഥമാക്കുന്നത്, ദൈവം തന്റെ കൃപയാൽ സമ്മാനിച്ച പൗലൊസിന്റെ അപ്പൊസ്തലിക പദവിയെക്കുറിച്ചാണ് (കാണുക 1:5; 15:15, 16; ഗലാ. 2:7–9). വ്യക്തിപരമായ യോഗ്യത മൂലമല്ല എന്നാൽ ദൈവത്തിന്റെ മഹാകരുണ മൂലമാണ് എന്ന് പൗലൊസ് മനസ്സിലാക്കിയിരുന്നു.

കൃപയാൽ അപ്പൊസ്തലനായിത്തീർന്ന പൗലൊസ്, **ഭാവിക്കേണതിന്നു മീതെ ഭാവിച്ചുയരാതെ ദൈവം അവനവന്നു വിശ്വാസത്തിന്റെ അളവു പങ്കിട്ടതുപോലെ സുബോധമാകുംവണ്ണം ഭാവിക്കേണമെന്ന്** ഓരോ വായനക്കാരനെയും ആഹ്വാനം ചെയ്യുകയാണ്. ഇംഗ്ലീഷ് ഭാഷയിൽ അത്ര വ്യക്തമല്ലാത്ത വാക്കുകൾ കൊണ്ടുള്ള കളി പൗലൊസ് ഉപയോഗിക്കുന്നു. ഇപ്പോൾ ഉദ്ധരിച്ച ഭാഗത്ത് "ചിന്തിക്കുക" (φρονέω, *phroneō*) എന്ന് അർത്ഥം വരുന്ന വാക്കിന്റെ വിവിധ രൂപങ്ങൾ നാല് പ്രാവശ്യം ഇവിടെ കാണപ്പെടുന്നു. ഫ്രോണിയോ രണ്ട് പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു. കൂടുതലായി, ഈ വാക്കിനോട് ὑπέρ (*huper*) ("മുകളിൽ" അല്ലെങ്കിൽ "ഉയരെ") എന്ന് ചേർത്ത് ὑπερφρονέω (*huperphroneō*) എന്ന പദം പൗലൊസ് ഉപയോഗിച്ചു. "തന്നെക്കുറിച്ച് തന്നെ കൂടുതൽ ഉയർത്തിക്കാട്ടുന്ന തരത്തിൽ ചിന്തിക്കുക" എന്നാണ് അതിന്റെ അർത്ഥം. അവസാനമായി, ഈ വാക്കിനോട് σῴς (*sōs*) ("സുബോധമുളള") എന്ന തർജ്ജമ ചെയ്യപ്പെടുന്ന ഒരു വാക്ക് കൂട്ടിച്ചേർത്തു കൊണ്ട് പൗലൊസ് σωφρονέω (*sōphroneō*) എന്നൊരു വാക്ക് ഉപയോഗിക്കുന്നു. അതിന്റെ അർത്ഥം, "സുബോധമുളള ഒരു നിർണ്ണയത്തിലെത്തുക", "സുബോധമുളള (ആരോഗ്യമുളള) ഒരു മനസ്സി നുടമയാകുക"[23] എന്നാണ്. ഈ ഭാഗത്തെ വചനങ്ങൾ ഇങ്ങനെ പരിഭാഷ പ്പെടുത്തപ്പെടാവുന്നതാണ്, "(തന്നെക്കുറിച്ച് തന്നെ) ഉയർത്തിക്കാട്ടുന്ന തരത്തിൽ ചിന്തിക്കാതിരിക്കുക, എന്നാൽ ആരോഗ്യകരമായ ചിന്തകളോടെ (തന്നെക്കുറിച്ച് തന്നെ) ചിന്തിക്കുക." സിജെബി പരിഭാഷപ്പെടുത്തുന്നു: "ഞാൻ പറയുന്നു ... നിങ്ങൾക്ക് ... നിങ്ങളുടെ സ്വന്തം പ്രാധാന്യത്തെക്കുറിച്ച് അതിശയോക്തിപരമായ ആശയങ്ങൾ ഉണ്ടാകരുത്. പകരം, നിങ്ങളെക്കുറിച്ച് തന്നെ നിയന്ത്രിതമായ ഒരു മതിപ്പ് വളർത്തുക."

ദൈവം നമ്മെ വിജയം നൽകി അനുഗ്രഹിക്കുന്നുവെങ്കിൽ, അഹന്ത നമ്മിൽ നിറയുന്നതിന് ഒരു അപകടമുണ്ട്. നമ്മുടെ കഴിവുകൾ മറ്റുള്ളവരേക്കാൾ "കൂടുതൽ കർമ്മോത്സുകതയോടെ" ഉപയോഗിക്കുന്നത് നമ്മിൽ അഹന്തയ്ക്ക് കാരണമായേക്കാം. നമ്മെക്കുറിച്ച് സ്വയം ഉയർത്തിക്കാട്ടുന്ന തരത്തിൽ ചിന്തിക്കാതിരിക്കുന്നതിന് എന്ത് ദൈവീക സംരക്ഷണമാണ് നമ്മെ സഹായിക്കുക? **ദൈവം ഓരോ വ്യക്തിക്കും വിശ്വാസത്തിന്റെ അളവ് പങ്കിട്ടിരിക്കുന്നുവെന്ന്** നാം മനസ്സിലാക്കേണ്ടതുണ്ട്. ദൈവമാണ് മഹത്വം അർഹിക്കുന്നത്; നാമല്ല.

"വിശ്വാസത്തിന്റെ അളവ്" എന്ന പ്രയോഗം ഏറെക്കുറെ അവ്യക്തതയ ുള്ളതാണ്. "അളവ്" എന്ന ഭാഷാന്തരം μέτρον (*metron*) എന്ന പദത്തിൽ നിന്നാണ്. ഇത് "അളക്കുന്നതിനുള്ള ഒരു ഉപകരണം" അല്ലെങ്കിൽ "അളന്ന ഒരു ഭാഗം" എന്ന് അർത്ഥമാക്കാം.[24] ചിലർ കരുതുന്നത് പൗലൊസിന്റെ മനസ്സിലുണ്ടായിരുന്നത് ഒന്നാമത്തെ നിർവ്വചനമായിരുന്നു വെന്നാണ് – ഒരു മാനദണ്ഡം. നാം തന്നെ അളക്കേണ്ട, വിശ്വാസത്തിന്റെ ഒരു മാനദണ്ഡം ദൈവം നമുക്ക് നൽകിയിരിക്കുന്നു. നാം ഒരു അളക്കൽ ഉപകരണം ഉപ യോഗിക്കുമ്പോൾ, നാം നമ്മോടു തന്നെ സത്യസന്ധത പുലർത്തുന്നുവെങ്കിൽ നാം എത്ര മാത്രം കുറവുള്ളവരാണെന്ന് നമുക്ക് വിലയിരുത്തുന്നതിന് കഴിയും. എങ്കിൽ നമ്മുടെ അഹന്ത അപ്രത്യക്ഷമാകും. എങ്കിലും, ഭൂരിഭാഗം പേരും വിശ്വസിക്കുന്നത് രണ്ടാമത്തെ നിർവ്വചനം – ഒരു ഭാഗം – ഈ പശ്ചാത്തലത്തിൽ കൂടുതൽ യോജിക്കുന്നുവെന്നാണ്. ഓരോ ക്രിസ്തീയ വിശ്വാസിക്കും ദൈവം തന്റെ അനുഗ്രഹത്തിന്റെ ഒരു പ്രത്യേക ഭാഗം നൽകിയിട്ടുണ്ട്. ഇത് വാക്യം 6-ൽ ചേരുന്നുണ്ട്: "നമുക്കു ലഭിച്ച കൃപക്കു ഒത്തവണ്ണം വെവ്വേറെ വരം ഉള്ളതുകൊണ്ടു ..."

പിന്നീട് "വിശ്വാസം" (πίστις, *pistis*) എന്ന് വാക്ക് ഉണ്ട്. അപ്പൊസ്തല ലേഖനത്തിൽ അതിന് ഉന്നതമായ സ്ഥാനമുണ്ട്. എങ്കിലും, ഇവിടെ അത് ഏറെക്കുറെ വ്യത്യസ്തമായിട്ടാണ് ഉപയോഗിച്ചിരിക്കുന്നത്. ഈ വചന ഭാഗത്ത് "വിശ്വാസം" എന്നത് ഏറെയും സുവിശേഷത്തോടുള്ള നമ്മുടെ വ്യക്തിഗത പ്രതികരണ (1:16, 17; 10:17) – വുമായി ബന്ധപ്പെട്ടതല്ല; അത് ദൈവത്തിന്റെ കൃപയുടെ ഒരു പ്രകാശനമാണ്. ദൈവം നൽകിയിട്ടുള്ള കഴിവുകൾ വിശ്വാസത്താലാണ് ഉപയോഗിക്കപ്പെടുന്നത് എന്നതിനാൽ, വാക്യം 3-ലെ "വിശ്വാസം" നമ്മുടെ കഴിവുകൾ ഉപയോഗപ്പെടു ത്തുന്നതിനായി നമുക്ക് *ആവശ്യമായതെല്ലാം* (വചനം ഉൾപ്പെടെ) ദൈവം നൽകുന്നതിനെക്കുറിച്ചാണ് എന്ന് നാം കരുതിയേക്കാം. സമാനമായി, പത്രൊസ് ആത്മീയ വരങ്ങളുടെ ഒരു പട്ടിക നൽകുമ്പോൾ ഇങ്ങനെ പറയുന്നു: "... ഒരുത്തൻ ശുശ്രൂഷിക്കുന്നു എങ്കിൽ *ദൈവം നല്കുന്ന പ്രാപ്തിക്കു ഒത്തവണ്ണവും* ആകട്ടെ" (1 പത്രൊസ് 4:11; പ്രത്യേക ഊന്നൽ നൽകിയിരിക്കുന്നു).

"വിശ്വാസത്തിന്റെ ഒരു അളവ്" എന്ന പ്രയോഗത്തിന്റെ അർത്ഥം മനസ്സിലാക്കാതെ നാം അതിൽ തട്ടിത്തടഞ്ഞു നിൽക്കേണ്ടതില്ല. പൗലൊസ് അതു കൊണ്ട് അർത്ഥമാക്കിയതെന്തായാലും *ദൈവം* അത് നമുക്ക് പങ്കിട്ടു നൽകുന്നുവെന്നതിനാൽ, നമുക്ക് വ്യക്തിപരമായ ഒരു അഹന്തയുണ്ടാകേണ്ട കാര്യമില്ല എന്ന വസ്തുതയാണ് അദ്ദേഹം ചൂണ്ടിക്കാട്ടുന്നത്. ദൈവരാജ്യത്തിന ായി ഒരു പക്ഷേ പൗലൊസിനേക്കാൾ ഏറെ നേട്ടങ്ങൾ കൈവരിച്ച ഒരു വ്യക്തിയുണ്ടായേക്കില്ല; എന്നിട്ടും പൗലൊസ് പറയുന്നു: "ഞാൻ ആകുന്നത്

ദൈവകൃപയാൽ ആകുന്നു'' (1 കൊരി. 15:10).

വാക്യം 3-ൽ പൗലൊസിന്റെ നിർദ്ദിഷ്ടമായ ഉൽകണ്ഠ പ്രകടിപ്പിക്കുന്നത് ക്രിസ്തീയ വിശ്വാസികൾ തങ്ങളെക്കുറിച്ചു തന്നെ സ്വയം ഉയർത്തിക്കാട്ടുന്ന രീതിയിൽ ചിന്തിക്കുന്നുവെന്നതാണ്. എങ്കിലും, ''സുബോധമാകുംവണ്ണം ഭാവിക്കേണം (തന്നെക്കുറിച്ച് ചിന്തിക്കണമെന്ന്)'' എന്നുള്ള ശാസന, നേരെ അങ്ങേയറ്റം വിപരീതമായി പ്രവർത്തിക്കുന്നതും അപലപിക്കുന്നു: അതായത്, ഒരു ക്രിസ്തീയ വിശ്വാസി സ്വയം *ഏറ്റവും മൂല്യം കുറഞ്ഞ* വ്യക്തിയായി വിലയിരുത്തുന്നത്. ഒരു വ്യക്തിയും സ്വയം മറ്റുള്ളവരേക്കാൾ ശ്രേഷ്ഠതയുള്ള വ്യക്തിയായി കരുതരുത്. അതേ സമയം തന്നെ, ഒരു ക്രിസ്തീയ വിശ്വാസിയും തന്നെത്തന്നെ വിലയില്ലാത്തവനായും കാണരുത്. ''ദൈവം അവനവന്നു വിശ്വാസത്തിന്റെ അളവു പങ്കിട്ടതുപോലെ'' എന്നാണ് പൗലൊസ് പറഞ്ഞത്. ദൈവം ഒരാളേയും മാറ്റി നിർത്തിയിട്ടില്ല; ദൈവം തന്റെ *എല്ലാ* മക്കൾക്കും വരങ്ങൾ നൽകിയിട്ടുണ്ട്. നാം അനുചിതമായ അഹന്ത നമുക്കുണ്ടാകുന്നത് സൂക്ഷിക്കണം. എന്നാൽ, ദൈവം നമ്മിൽ നിക്ഷേപിച്ചിട്ടുള്ള വരങ്ങൾ ഉപയോഗിക്കുന്നതിൽ നമ്മെ തടയുന്ന വ്യാജ വിനയം നാം ഒഴിവാക്കണം.

**വാക്യങ്ങൾ 4, 5.** തന്റെ നിർദ്ദേശങ്ങൾ എഴുതിയതിന് ശേഷം പൗലൊസ് പലപ്പോഴും ഉപയോഗിച്ചിട്ടുള്ള ഒരു ചിത്രീകരണം ഇവിടെ അദ്ദേഹം ഉപയോഗിക്കുന്നു: സഭയെ മനുഷ്യ ശരീരവുമായി താരമത്യം ചെയ്യുന്നു. അദ്ദേഹം പറയുന്നു: **ഒരു ശരീരത്തിൽ നമുക്കു പല അവയവങ്ങൾ ഉണ്ടല്ലോ** (കാണുക 1 കൊരി. 12:14, 20). അത്തരം ''അവയവങ്ങളിൽ'' കൈകൾ, കാൽ, കണ്ണുകൾ, കാതുകൾ എന്നിവയും ഭൗമീക ശരീരത്തിന്റെ മറ്റ് അവയവങ്ങളും ഉൾപ്പെടുന്നു. മനുഷ്യ ശരീരത്തിന് വിവിധ അവയവങ്ങൾ ഉണ്ടെങ്കിലും **എല്ലാ അവയവങ്ങൾക്കും പ്രവൃത്തി ഒന്നല്ല** (1 കൊരി. 12:15–19, 21–26). കരം ശരീരത്തിന്റെ അധിക പ്രയോജനത്തിനായി, അവർക്ക് പ്രത്യേകമായ പങ്ക് വഹിക്കാനുണ്ട്. ഇതേ വിധത്തിൽ, **പലരായ നാം ക്രിസ്തുവിൽ ഒരു ശരീരവും എല്ലാവരും തമ്മിൽ അവയവങ്ങളും ആകുന്നു.** ഈ വിവരണം സഭയുടെ ആത്മീയ ശരീരത്തിന്റെ അംഗങ്ങളായ ക്രിസ്തീയ വിശ്വാസികളെക്കുറിച്ചാണ് (എഫെ. 1:22, 23; കൊലൊ. 1:18, 24). ഓരോ ഭാഗവും പരസ്പരം ബന്ധപ്പെട്ടിരിക്കുകയും ആത്മീയ ശരീരത്തിൽ സുപ്രധാന ധർമ്മം നിർവ്വഹിക്കുകയും ചെയ്യുന്നു (1 കൊരി. 12:27).

**വാക്യങ്ങൾ 6–8.** ദൈവം നൽകിയിട്ടുള്ള വരങ്ങൾ ഉപയോഗിക്കുന്നതിന് പൗലൊസ് തന്റെ വായനക്കാരെ ഉദ്ബോധിപ്പിക്കുകയാണ്: **ആകയാൽ നമുക്കു ലഭിച്ച കൃപക്കു ഒത്തവണ്ണം വെവ്വേറെ വരം ഉള്ളതുകൊണ്ടു നാം ഓരോരുത്തരും അതനുസരിച്ച് പ്രവർത്തിക്കട്ടെ.** എൻഎഎസ്ബി പരിഭാഷയിൽ പരിഭാഷകർ ഇതു കൂടി ചേർത്തിട്ടുണ്ട്: ''നാം ഓരോരുത്തരും അതനുസരിച്ച് പ്രവർത്തിക്കട്ടെ.'' എന്തു കൊണ്ടാണ് അവൻ ദൈർഘ്യമേറിയ ഇത്തരമൊരു വചന പ്രയോഗം കൂടി ചേർത്തത്? ഈ വചന ഭാഗത്തുടനീളം, നമ്മുടെ കഴിവുകൾ ഉപയോഗിക്കേണ്ട ആവശ്യകതയെക്കുറിച്ച് പറഞ്ഞിരിക്കുന്നു എന്നതാണ് കാരണം. ദൈവമാണ് നമുക്ക് കഴിവുകൾ (12:3, 6) നൽകിയിട്ടുള്ളതെന്നതിനാൽ, അവ ഉപയോഗിക്കുന്നുവോ ഇല്ലയോ എന്നത് അവയുടെ സൂക്ഷിപ്പുകാരനെന്ന നിലയിലുള്ള നമ്മുടെ മനോഭാവവുമായി ബന്ധപ്പെട്ടിരിക്കുന്നു.

പൗലൊസ് ഏഴ് കൃപാവരങ്ങളെക്കുറിച്ച് പട്ടിക നൽകുന്നു: പ്രവചിക്കുക,

ശുശ്രൂഷ ചെയ്യുക, ഉപദേശം നൽകുക, പ്രബോധിപ്പിക്കുക, ദാനം ചെയ്യുക, ഭരിക്കുക, കരുണചെയ്യുക. മറ്റ് മിക്കവാറും വേദപുസ്തക പട്ടികകളെപ്പോലെ, ഇത് സമ്പൂർണ്ണമല്ല. ''അസാധാരണ'' (അത്യൽഭുത കരമായ) - വും ''സാധാരണ'' (സ്വാഭാവികമായ) - വും ആയ കൃപാവരങ്ങൾ ഉൾപ്പെടുന്ന മറ്റ് പട്ടികകൾ 1 കൊരി. 12:8-10, 28; എഫെ. 4:11; 1 പത്രൊസ് 4:11-ൽ കാണാം.

12:6-8-ലെ ഏഴ് കൃപാവരങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് മുൻപ ായി, ഈ കൃപാ വരങ്ങളുടെ സ്വഭാവം നാം പരിഗണിക്കേണ്ടതാണ്. ഒന്നാമത്തേതായ (പ്രവചനം) ''അസാധാരണമായ'' (അത്യൽഭുതകരമായ) ഒരു വരമായിരുന്നു. ബാക്കിയുള്ളവയെല്ലാം ഒരു പക്ഷേ ''സാധാരണ'' (സ്വാഭാവികമായ) - മായവയുടെ പട്ടികയിൽ ചേരുന്നവയാണ്.[25] എല്ലാ കൃപാവരങ്ങളും ദൈവത്തിൽ നിന്നുള്ളവയായതിനാൽ, ഒന്നാം നൂറ്റാണ്ടിലെ എഴുത്തുകാർ, അസാധാ "രണമായ" (അത്ഭുതകരമായ) കൃപാവരങ്ങളും ''സാധാരണ'' (സ്വാഭാവികമായ) കൃപാവരങ്ങളും തമ്മിൽ കൃത്യമായി വേർതിരിച്ചു കാട്ടിയില്ല. അത്ഭുതകരമായ കൃപാവരങ്ങളുടെ തലത്തിൽ അതിനോടകം തന്നെ സ്വാഭാവികമായ കഴിവുകളുള്ള ആളുകൾക്ക്, ദൈവം ഒരു പക്ഷേ അത്തരം കൃപാവരങ്ങൾ നൽകി എന്ന് ബെൽ അഭിപ്രായപ്പെടുന്നു. പിന്നീട് ഒരിക്കൽ അവർ വചനത്താൽ നിറഞ്ഞു കഴിയുമ്പോൾ, അവർക്ക് സഭയുടെ ശുശ്രൂഷ ഈ അത്ഭുത ഘടകം ഇല്ലാതെ തന്നെ തുടർന്നു കൊണ്ടു പോകുവാൻ കഴിയും.[26] നാം ജീവിക്കുന്നത് അത്ഭുതങ്ങളുടെ യുഗത്തിലല്ല; എന്നാൽ സ്വാഭാവിക തലത്തിലുള്ള കൃപാവരങ്ങളും ഉയരങ്ങളിൽ നിന്ന് വരുന്നു (യാക്കോബ് 1:17) എന്ന് നാം അപ്പോഴും തിരിച്ചറിയേണ്ടതാണ്. ഇനി ഏഴ് കൃപാവരങ്ങളെക്കുറിച്ച് സംക്ഷിപ്തമായി നമുക്ക് നോക്കാം:

1. പ്രവചിക്കുന്നതിനുള്ള വരം. ''പ്രവാചകൻ'' (προφήτης, *prophētēs*) എന്ന ഭാഷാന്തരം ചെയ്യപ്പെട്ടിട്ടുള്ള പദത്തിന്റെ അർത്ഥം ''മറ്റൊരാളുടെ വക്താവ്'' എന്നാണ്. φημί (*phēmi*) (''പറയുക''), πρό (*pro*) (''മുൻപിൽ'') എന്നിങ്ങനെ രണ്ട് പദങ്ങൾ അടങ്ങുന്നതാണ് അത്.[27] പുതിയ നിയമകാല ഘട്ടത്തിൽ, പ്രവാചകൻമാർ ദൈവത്താൽ പ്രചോദിതരമായി സംസാരിക്കു ന്നവരായിരുന്നു (പ്രവൃ. 11:27; 13:1; 15:32; 1 കൊരി. 12:28; എഫെ. 2:20; 3:5; 4:11). അവരുടെ സന്ദേശത്തെ **പ്രവചനം** (προφητεία, *prophēteia*) എന്നാണ് വിളിച്ചിരുന്നത്. ഇന്ന് നമുക്ക് പ്രചോദിതരായ പ്രവാചകൻമാർ ഇല്ല. എന്നാൽ, ദൈവം അവരുടെ സന്ദേശങ്ങളുടെ മുഖ്യ ഭാഗങ്ങളെ പുതിയ നിയമത്തിൽ സംരക്ഷിച്ചു സൂക്ഷിച്ചു.

പ്രവചിക്കുന്നയാൾ **തന്റെ വിശ്വാസത്തിന്റെ പങ്ക് അനുസരിച്ച്** അത് ചെയ്യണമായിരുന്നു. ''പങ്ക്'' എന്നത് ἀναλογία (*analogia*) എന്ന പദത്തിന്റെ ഭാഷാന്തരമാണ്. അതിൽ നിന്നാണ് നമുക്ക് ''അനലോജി'' എന്ന് വാക്ക് ലഭിക്കുന്നത്. അനലോജിയ അർത്ഥമാക്കുന്നത് ''സമാനഭാഗം, അനുപ ാതം, ഓഹരി'' എന്നൊക്കെയാണ്.[28] "അവന്റെ വിശ്വാസം" (അക്ഷരികമായി "വിശ്വാസം") എന്നത് വാക്യം 3 നെക്കുറിച്ചുള്ള ഒരു സൂചനയാകുന്നതിന് സാദ്ധ്യതയുണ്ട്: ദൈവം ഓരോ വിശ്വാസിക്കും "വിശ്വാസത്തിന്റെ അളവു" പങ്കിട്ടതുപോലെ. ഡബ്ലിയു. ഇ. വൈൻ ഇങ്ങനെ എഴുതുന്നു, ''ഇത് ദൈവം നൽകിയതിന് അപ്പുറം കടന്നു പോകുന്നതിനെതിരേയുള്ള ഒരു മുന്നറിയിപ്പാണ്."[29] ഒരു പ്രവാചകൻ, ദൈവം ആ വ്യക്തിക്ക് നൽകിയിട്ടുള്ളതു മാത്രമേ സംസാരിക്കാവൂ. പത്രൊസ് ഇങ്ങനെ പറഞ്ഞു. ''ഒരുത്തൻ

പ്രസംഗിക്കുന്നു എങ്കിൽ ദൈവത്തിന്റെ അരുളപ്പാടു പ്രസ്താവിക്കുന്നു എന്നപോലെയും ഒരുത്തൻ ശുശ്രൂഷിക്കുന്നു എങ്കിൽ ദൈവം നല്കുന്ന പ്രാപ്തിക്കു ഒത്തവണ്ണവും ആകട്ടെ" (1 പത്രൊസ് 4:11). സ്റ്റോട്ട് അഭിപ്രായപ്പെടുന്നതിങ്ങനെയാണ്: "വിശ്വാസത്തോടുള്ള പൊരുത്ത ത്തോടു കൂടി വേണം നാം ഈ വചനം പരിഭാഷപ്പെടുത്തുവാൻ. അതായത് 'ഒരു പ്രവാചകൻ, തന്റെ സന്ദേശം ക്രിസ്തീയ വിശ്വാസത്തോട് വൈരുദ്ധ്യം പുലർത്തുന്നില്ലെന്ന് ഉറപ്പു വരുത്തേണ്ടതാണ്".[30]

2. ശുശ്രൂഷയ്ക്കുള്ള വരം. പൗലൊസിന്റെ അടുത്ത വാക്ക്, διακονία (*diakonia*), എന്നതാണ്. ഇതിന്റെ അർത്ഥം ശുശ്രൂഷ അല്ലെങ്കിൽ "*ദൈവവേല*" എന്നാണ്. ഇതിനോട് ബന്ധമുള്ള വാക്കുകളിൽ διάκονος (*diakonos* "വേലക്കാരൻ" അല്ലെങ്കിൽ "ശുശ്രൂഷകൻ") διακονέω (*diakoneō* "വേലയെടുക്കുക" അല്ലെങ്കിൽ "ശുശ്രൂഷ ചെയ്യുക") എന്നിവ ഉൾപ്പെടുന്നു. ഈ വാക്കുകൾ ചിലപ്പോൾ ഡീക്കൺമാർ (1 തിമൊ. 3:10, 13) അല്ലെങ്കിൽ സുവിശേഷകർ പോലെയുള്ള സഭയിലെ പ്രത്യേക ശുശ്രൂഷകളെ സൂചിപ്പിക്കുന്നു. എങ്കിലും ഭൂരിഭാഗം അവസരങ്ങളിലും അവ മറ്റൊരാൾക്ക് നൽകുന്ന ശുശ്രൂഷയെയാണ് അർത്ഥമാക്കുന്നത് (പ്രവൃ. 19:22; റോമ. 15:25; 2 തിമൊ. 1:18; ഫില. 13; എബ്രാ. 6:10). 1 കൊരി. 12:5-ലെ പ്രയോഗം കടമെടുക്കുന്നുവെങ്കിൽ, "ശുശ്രൂഷകളിൽ വ്യത്യാസം ഉണ്ട്" (എൻഐവി). എന്താണ് ചെയ്യേണ്ടത് (എന്തു തന്നെയായാലും) എന്ന് കണ്ടെത്തി അത് ചെയ്തെടുക്കുന്നതിന് ചിലർക്ക് പ്രത്യേക കഴിവ് ഉണ്ട്.

3. ഉപദേശത്തിന്റെ വരം: **ഉപദേശിക്കുക** എന്ന വാക്ക് പരിഭാഷപ്പെടുത്തിയിട്ടുള്ളത് "നിർദ്ദേശം നൽകുക" എന്ന് അർത്ഥമാക്കുന്ന ഒരു ക്രിയയായ διδάσκω (*didaskō*) എന്ന ഒരു രൂപത്തിൽ നിന്നാണ്.[31] വിവരങ്ങൾ മറ്റുള്ളവരിലേക്ക് പകർന്നു നൽകുന്നതിന് ചിലർക്ക് വൈദഗ്ധ്യമുണ്ടായിരിക്കും. ദൈവീക സത്യങ്ങളെ അനായാസം മനസ്സിലാക്കാവുന്ന വിധത്തിൽ അവർ അവതരിപ്പിക്കുന്നു.

4. പ്രബോധിപ്പിക്കുന്നതിനുള്ള വരം. **പ്രബോധിപ്പിക്കൽ** എന്ന വാക്ക് (παρακαλέω, *parakaleō*-ൽ നിന്ന്) ആഴത്തിലുള്ള അർത്ഥം അടങ്ങുന്നതാണ്. παρά (*പാരാ*, "അരികിലേക്ക്"), καλέω (*kaleō*, *കാലിയോ*, "വിളിക്കുക") എന്നീ രണ്ട് വാക്കുകളുടെ സംയുക്തമാണ് അത്. സഹായത്തിനായി "മറ്റൊരാളെ അരികിലേക്ക് വിളിക്കുന്ന" ചിത്രമാണിത്. പാരാകാലിയോ എന്നത് "പ്രബോധിപ്പിക്കൽ," "പ്രോത്സാഹിപ്പിക്കൽ," "ഉപദേശിക്കൽ" അല്ലെങ്കിൽ "ശക്തിപ്പെടുത്തൽ" എന്ന് പോലും പരിഭാഷപ്പെടുത്താം. ചില വ്യക്തികൾക്ക് മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുകയും അവർക്ക് പ്രചോദനം പകരുകയും ചെയ്യുന്നതിന് പ്രത്യേക കഴിവുണ്ട്.

5. ദാനം ചെയ്യുന്നതിനുള്ള വരം: പൗലൊസ് അടുത്തതായി സംസാരിക്കുന്നത് *നൽകുന്ന* ഒരാളെക്കുറിച്ചാണ്. μεταδίδωμι (*metadidōmi*) എന്നതിൽ നിന്നാണ് ഈ വാക്ക് ഉപയോഗിച്ചിരിക്കുന്നത്. ഇത് δίδωμι (*didōmi*) ("നൽകുക"), μετά (*meta*) "ഒപ്പം" എന്നീ രണ്ട് വാക്കുകളുടെ സംയുക്തമാണിത്. അതിന്റെ അർത്ഥം "പങ്കു വെക്കുക" എന്നാണ്.[32] എൻഐവി ഇങ്ങനെ പറയുന്നു: "മറ്റുള്ളവരുടെ ആവശ്യങ്ങൾക്കായി ദാനം നൽകുക." ഒരു ദാനമായി നൽകുകയെന്നതിനെക്കുറിച്ച് ചിന്തിക്കുന്നത് അൽപ്പം വിചിത്രമായി തോന്നിയേക്കാം. എന്നാൽ ഇവിടുത്തെ പശ്ചാത്തലം,

ദൈവം നമുക്ക് നൽകിയ കഴിവിനെപ്പറ്റിയാണ് എന്ന് നാം ഓർമ്മിക്കേണ്ടതാണ്. ഒരാൾക്ക് ദാനം നൽകുന്നതിനുള്ള കഴിവ് നൽകിയിട്ടുണ്ടെങ്കിൽ, ആദ്യം ദൈവം അയാൾക്ക് പണമോ സ്വത്തോ നൽകുമെന്നാകണമല്ലോ അതിന്റെ അർത്ഥം. ഭൂരിഭാഗം എഴുത്തുകാരും വിശ്വസിക്കുന്നത് ദാനം നൽകുന്നതിനുള്ള കൃപ ാവരത്തിന് മുന്നോടിയായി പണമുണ്ടാക്കാനുള്ള കഴിവുമുണ്ടാകുമെന്നാണ്. ചിലർക്ക് പണമുണ്ട ാക്കുന്നതിനുള്ള കഴിവുണ്ട്. ചിലർക്ക് അതില്ല. കൂടുതൽ പ്രാധാന്യമുള്ള കാര്യങ്ങൾ നാം അവഗണിക്കാത്തിടത്തോളവും നമ്മുടെ പണം സ്വാർത്ഥ ഉദ്ദേശ്യങ്ങൾക്കായി ഉപയോഗിക്കാത്തിടത്തോളവും പണമുണ്ടാക്കുന്നതിൽ യാതൊരു തെറ്റുമില്ല (1 തിമൊ. 6:9, 10, 17-19).

ഒരാളുടെ ദാനം ചെയ്യലിന്റെ സവിശേഷത, **ഏകാഗ്രത** (ഇംഗ്ലീഷ് പരിഭാഷയിൽ ലിബറാലിറ്റി) ആയിരിക്കേണ്ടതാണ്. മലയാളത്തിൽ ഏകാഗ്രത എന്ന് പരിഭാഷപ്പെടുത്തിയിരിക്കുന്ന ലിബറാലിറ്റി (ἁπλότης, *haplotēs*) എന്ന പദം ബാവേഴ്സ് ലെക്സികൺ നിർവചിക്കുന്നത് ''നിർവ്യാജത, ആത്മാർത്ഥത, ധർമ്മിഷ്ഠിത, കപടമില്ലായ്മ''എന്നിങ്ങനെയാണ്.[33] ''തനിമ'' അല്ലെങ്കിൽ "ഉദ്ദേശ്യത്തിന്റെ തനിമ" എന്ന് അർത്ഥം നൽകുന്ന ἁπλοῦς (*haplous*) - മായി അത് ബന്ധപ്പെട്ടിരിക്കുന്നു.[34] *ഹാപ്ലൊസ്* ''ഹൃദയത്തിന്റെ തനിമ'' സൂചിപ്പിക്കുന്നു. ഇത് ഉദാരതയിലേക്ക് നയിക്കുന്നു.[35] കെജെവി ഈ വാക്കിന്റെ അടിസ്ഥാനപരമായ അർത്ഥം അടിവരയിട്ടു കാണിക്കുന്നു: "ദാനം ചെയ്യുന്നവൻ ഹൃദയശുദ്ധിയോടെ ചെയ്യട്ടെ." ഒരു ക്രിസ്തീയ വിശ്വാസി മറ്റൊരാൾക്ക് നൽകുമ്പോൾ, അതിന്റെ പ്രദർശനം നടത്തരുത് (മത്തായി 6:2). എൻഎഎസ്ബി അന്തിമ പരിണാമം ഇങ്ങനെ നൽകുന്നു: "ഉദാരതേ യാടെ." സിജെബി ഈ രണ്ട് ആശയങ്ങളും ഉൾപ്പെടുത്തുന്നു: "നിങ്ങൾ ദാനം ചെയ്യുന്നവനാണെങ്കിൽ, അത് തനിമയോടെയും ഉദാരതയോടെയും ചെയ്യുക."

6. നേതൃത്വത്തിനുള്ള വരം: **നേതൃത്വം നൽകുക** എന്നുള്ളതിന്റെ ഗ്രീക്ക് പദം, ''മുൻപിൽ നിൽക്കുക'' എന്ന് അർത്ഥം നൽകുന്ന προΐστημι (*proistēmi*)-ൽ നിന്നാണ് ഉത്ഭവിച്ചിട്ടുള്ളത്. ἵστημι (*histēmi*) (''നിൽക്കുക''), πρό (*pro*) (''മുൻപിൽ'') എന്നീ രണ്ട് വാക്കുകളുടെ സംയുക്തമാണ് ഇത്. *പ്രേ ായിസ്റ്റെമി* ഭാഷാന്തരം ചെയ്തിട്ടുള്ളത് ''നയിക്കുക'', ''ഭരിക്കുക'' അല്ലെങ്കിൽ ''കൈകാര്യം ചെയ്യുക'' എന്നു പോലുമാണ്. ചിലർക്ക് ജനങ്ങളെ തങ്ങളെ അനുഗമിക്കുന്നതിനായി പ്രചോദനം നൽകുന്നതിനുള്ള സ്വാഭാവികമായ കഴിവുണ്ട്. ഇത്തരം വ്യക്തികളെ ''നേതൃഗുണത്തോടെ പിറന്ന വ്യക്തി'' എന്ന് വിളിക്കാറുള്ളത്. പൗലൊസിന്റെ മനസ്സിലുണ്ടായിരുന്നത് ഒരു പക്ഷേ സഭയുടെ മൂപ്പൻമാരായിരുന്നിരിക്കാം (കാണുക 1 തിമൊ. 5:17). നാം ഒരു വ്യക്തിയെ നേതാവാക്കിത്തീർക്കുവാൻ വേണ്ടി മാത്രം അയാളെ നേതൃസ്ഥാനത്താക്കുന്നില്ല; അയാൾ നേതൃസ്ഥാനം അലങ്കരിക്കുന്നതിന് മുൻപായി ഒരു നേതാവായി അയാൾ അംഗീകരിക്കപ്പെടേണ്ട തുണ്ട്. എങ്കിൽത്തന്നെയും, പൗലൊസിന്റെ നേതൃത്വത്തെക്കുറിച്ചുള്ള നിർദ്ദേശങ്ങൾക്ക് കൂടുതൽ വ്യാപ്തിയുള്ള പ്രായോഗികതലം ഉണ്ടായേക്കാം. *പ്രോയിസ്റ്റെമി* എന്ന പദം ഒരു പിതാവ് തന്റെ കുടുംബത്തെ നയിക്കുന്ന വിധത്തെ വിവരിക്കുന്നതിനായും ഉപയോഗിക്കാറുണ്ട് (1 തിമൊ. 3:4, 12).

ഭരിക്കുന്നവൻ **ഉത്സാഹത്തോടെ** ഭരിക്കട്ടെ. ''ഉൽസാഹം'' എന്ന വാക്കിന ുള്ള ഗ്രീക്ക് പദം σπουδή (*spoudē*) ആണ്. ''ആത്മാർത്ഥത, അത്യുൽസ ാഹം'' എന്നിങ്ങനെയാണ് ഇത് അർത്ഥമാക്കുന്നത്.[36] കാലം പിന്നിടുന്തോറും

ഒരു നേതാവ് ക്ഷീണിതനായിത്തീരുകയും തന്റെ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നതിൽ അശ്രദ്ധ കാണിക്കുകയും ചെയ്യാം. ഒരു സഭാകൂട്ടായ്മക്ക് നേതൃത്വം നൽകുന്ന വ്യക്തിയാണെങ്കിലും ഒരു കുടുംബത്തെ നയിക്കുന്ന പിതാവാണെങ്കിലും, അവർ ''ഉത്തരവാദിത്വങ്ങൾ ഗൗരവതരമായി പരിഗണിക്കേണ്ടതാണ്" (എൻഎൽടി).

7. കരുണ ചെയ്യുന്നതിനുള്ള വരം: **കരുണ കാണിക്കുക** എന്ന പദം ἐλεέω (*eleeō*), ''മറ്റൊരു വ്യക്തിയോട് സഹാനുഭൂതി തോന്നുക''-യും അത് പ്രവർത്തിയിൽ കൊണ്ടു വരികയും ചെയ്യുക.[37] ഇത് വിവിധ മുഖങ്ങളുള്ള ഒരു കൃപാവരമാണ്: എപ്പോഴാണ് ആളുകൾക്ക് സഹായം ആവശ്യമാണെന്ന് തിരിച്ചറിയുന്നതിനുള്ള ഉൾക്കാഴ്ച, ഏത് തരത്തിലുള്ള സഹായമാണ് ഏറ്റവും ഗുണപ്രദമാകുക എന്ന് കൃത്യമായി തിരിച്ചറിയുന്നതിനുള്ള കഴിവ്, ബഹളമൊന്നും കൂട്ടാതെ ആ ആവശ്യം നിവർത്തിക്കുക. മറ്റുള്ള പല കൃപ ാഒര ങ്ങളേക്കാളും ശ്രേഷ്ഠമായ ഇതിന് പക്ഷേ ഏറ്റവും കുറഞ്ഞ പൊതു ജന അംഗീകാരമേ ലഭിക്കുന്നുള്ളു.

കാരുണ്യപരമായ പ്രവർത്തികൾ **പ്രസന്നതയോടെ** ചെയ്യേണ്ടവയാണ്. പ്രസന്നത എന്ന് തർജ്ജമ ചെയ്തിട്ടുള്ള വാക്കിന്റെ ഉത്ഭവം ἱλαρότης (*hilarotēs*) എന്ന പദത്തിൽ നിന്നാണ്. ഇതിൽ നിന്നാണ് നമുക്ക് ''രസ ികത്വം,'' ''അത്യന്തം രസം നിറഞ്ഞ'' എന്നു പരിഭാഷപ്പെടുത്താവുന്ന ഇംഗ്ലീഷ് വാക്കുകൾ ലഭിക്കുന്നത്. *ഹിലാറോറ്റസ്* അർത്ഥമാക്കുന്നത്, ''യഥാസമയം (വേഗത്തിൽ) എന്തും ചെയ്യാനുള്ള മനസ്സിന്റെ ആ ഒരുക്കം, ആ ആനന്ദത്തെയാണ്.''[38] മറ്റുള്ളവരെ മനസ്സില്ലാമനസ്സോടെ അല്ലെങ്കിൽ ചുളിഞ്ഞ മുഖത്തോടെ മറ്റുള്ളവരെ സഹായിക്കുന്നത് ഗുണത്തേക്കാളേറെ ദോഷമേ ചെയ്യുകയുള്ളു. പൗലൊസിന്റെ ബോധനം, പീറ്റേഴ്സൺ പരാവർത്തനം ചെയ്തിട്ടുള്ളത് ഇങ്ങനെയാണ്: "താഴേക്കിടയിലുള്ളവർക്കായി പ്രവർത്തിക്കു മ്പോൾ, അവർ കാരണം നിങ്ങൾ അലോസരപ്പെടുകയോ നിരുത്സാഹപ്പെ ടുകയോ ചെയ്യരുത്. നിങ്ങളുടെ മുഖത്ത് ഒരു പുഞ്ചിരി സൂക്ഷിക്കുക" (എംഎസ്ജി). ഡി. സ്റ്റുവർട്ട് ബ്രിസ്കോ ഇങ്ങനെ പറയുന്നു: ''കരുണ കാണിക്കുന്നതിനുള്ള കഴിവ് ലഭിച്ചിട്ടുള്ളവരുടെ സുന്ദരമായ കഴിവുകളെക്കുറിച്ച് മറ്റുള്ളവർ അറിഞ്ഞു കഴിയുമ്പോൾ, അവരുടെ ഏറെ സമയവും ഊർജ്ജവും ചെലവഴിക്കുന്നതിനായി മറ്റുള്ളവർ ആവശ്യപ്പെ ടുന്നുവെങ്കിൽ, അതിൽ അവർ നീരസം കൊള്ളരുത്."[39]

ഇവിടെ പരാമർശിച്ച പട്ടികയിൽ നൽകിയിട്ടുള്ള ചില വരങ്ങൾ അല്ലെങ്കിൽ കൃപാവരങ്ങൾ മുഖ്യമായും ബന്ധപ്പെട്ടിരിക്കുന്നത് സംസാരിക്കു ന്നതുമായാണെങ്കിൽ (പ്രവചിക്കൽ, ഉപദേശിക്കൽ, പ്രബോധിപ്പിക്കൽ) ബാക്കിയുള്ളവ മുഖ്യമായും സഹായം നൽകുന്നത് ഉൾപ്പെട്ടതാണ് (ശുശ്രൂഷിക്കൽ, ദാനം നൽകൽ, ഭരിക്കൽ, കരുണ കാണിക്കൽ). ഈ പട്ടിക വ്യക്തമായും വ്യത്യസ്ത കൃപാവരങ്ങളുണ്ടായിരുന്ന, വേദപ ുസ്തത്തിലെ വ്യക്തികളുടെ ഉദാഹരണങ്ങൾ നമ്മുടെ ഓർമ്മയിലേക്ക് കൊണ്ടു വന്നേക്കാം - ഒരു പക്ഷേ ഈ കഴിവുകളുണ്ടെന്ന് നമുക്ക് വ്യക്തിപ രമായി അറിയാവുന്നവരുടെ ഉദാഹരണങ്ങളും. ഇതാ ചില വേദപുസ്തക ഉദാഹരണങ്ങൾ:

പ്രവചനത്തിനുള്ള വരം - അഗാബൊസ് (പ്രവൃ. 11:28; 21:10, 11).

ഉപദേശത്തിനുള്ള വരം – റോമാ സാമ്രാജ്യത്തിലുടനീളം ക്രിസ്തുവിനെ പഠിപ്പിച്ച പൗലൊസ് (പ്രവൃ. 11:25, 26; 19:8–10).
പ്രബോധനത്തിനുള്ള വരം – ബർന്നബാസ്, ''പ്രബോധന പുത്രൻ'' (പ്രവൃ. 4:36).
ശുശ്രൂഷ ചെയ്യുന്നതിനുള്ള വരം – ഫേബ; മുൻകാലങ്ങളിൽ പൗലൊസിനെ പലപ്പോഴും സഹായിച്ചു (റോമ. 16:1, 2).
ദാനം ചെയ്യുന്നതിനുള്ള വരം – യേശുവിനെയും അപ്പൊസ്തലൻമാരെയും സഹായിച്ച സ്ത്രീകൾ (ലൂക്കൊസ് 8:1–3).
ഭരിക്കുന്നതിനുള്ള (നേതൃത്വ) വരം – യെരുശലേം സഭയുടെ തൂണായിത്തീർന്ന യേശുവിന്റെ സഹോദരൻ യാക്കോബ് (പ്രവൃ. 15:13–21; ഗലാ. 2:9).
കരുണ കാണിക്കുന്നതിനുള്ള വരം – വിധവകൾക്കായി വസ്ത്രങ്ങൾ തുന്നിയിരുന്ന തബീഥാ (ഗ്രീക്ക് നാമം: ഡോർക്കസ്) (പ്രവൃ. 9:36, 39).

**സഹോദര സ്നേഹം (12:9-13)**

**[9]സ്നേഹം നിർവ്യാജം ആയിരിക്കട്ടെ: തീയതിനെ വെറുത്തു നല്ലതിനോടു പറ്റിക്കൊൾവിൻ. [10]സഹോദരപ്രീതിയിൽ തമ്മിൽ സ്ഥായിപൂണ്ടു ബഹുമാനിക്കുന്നതിൽ അന്യോന്യം മുന്നിട്ടു കൊൾവിൻ. [11]ഉത്സാഹത്തിൽ മടുപ്പില്ലാതെ ആത്മാവിൽ എരിവുള്ളവരായി കർത്താവിനെ സേവിപ്പിൻ. [12]ആശയിൽ സന്തോഷിപ്പിൻ; [13]കഷ്ടതയിൽ സഹിഷ്ണുത കാണിപ്പിൻ; പ്രാർത്ഥനയിൽ ഉറ്റിരിപ്പിൻ; വിശുദ്ധന്മാരുടെ ആവശ്യങ്ങളിൽ കൂട്ടായ്മ കാണിക്കയും അതിഥിസൽക്കാരം ആചരിക്കയും ചെയ്വിൻ.**

വേദപുസ്തക പണ്ഡിതൻമാർ സ്നേഹത്തിന് *നിർവ്വചനം* നൽകുന്നതിന് ശ്രമിച്ചിട്ടുണ്ട്. എന്നാൽ പൗലൊസും മറ്റ് ദൈവപ്രചോദിത എഴുത്തുകാരും സ്നേഹത്തെ, അതിനെക്കുറിച്ച് *വിവരിക്കുന്നതു പോലെ നിർവ്വചിച്ചിട്ടില്ല.* സ്നേഹം എന്താണ് *ചെയ്യുന്നതെന്നും* വ്യത്യസ്ത സാഹചര്യങ്ങളിൽ സ്നേഹം എങ്ങനെയാണ് *പ്രവർത്തിക്കുന്ന*തെന്നും അവർ നമ്മോട് പറഞ്ഞു. 1 കൊരി. 13–ൽ പൗലൊസ് ചെയ്തത് ഇതാണ്; റോമർ 12:9–13–ൽ അദ്ദേഹം ചെയ്തതും ഇതാണ്.

**വാക്യം 9**. ഈ വാക്യം ഇങ്ങനെ ആരംഭിക്കുന്നു, **സ്നേഹം നിർവ്യാജം ആയിരിക്കട്ടെ**. ''സ്നേഹം'' എന്ന് പരിഭാഷപ്പെടുത്തുന്ന വാക്കിന് ഉപയോഗിച്ചിരിക്കുന്ന പദം ἀγάπη (*agapē*) എന്നതാണ്. ഏറ്റവുമുയർന്ന തലത്തിലുള്ള സ്നേഹമാണ് *അഗാപെ*. സ്നേഹത്തിന് പാത്രമായിത്തീരുന്നവർക്കായി ഏറ്റവും ശ്രേഷ്ഠമായത് ആഗ്രഹിക്കുന്ന സ്നേഹമാണ് അത്. ഇത് ദൈവത്തിന്റെ മാത്രം സവിശേഷമായ സ്നേഹമാണ് (1 യോഹ. 4:8). റോമാ ലേഖനത്തിൽ ഈ ഭാഗത്ത്, *അഗാപെ* എന്ന പദം ഉപയോഗിച്ചിരിക്കുന്നത് ദൈവത്തിന് നമ്മോടുള്ള സ്നേഹത്തിന് മാത്രം ബാധകമാക്കിയാണ് (5:5, 8; 8:35, 39). അതേ രീതിയിലുള്ള സ്നേഹം നാം ഓരോരുത്തർക്കും പരസ്പരം ഉണ്ടാകണം എന്ന് പൗലൊസ് ഇവിടെ പറയുകയാണ്. ആൻഡേർസ് നൈഗ്രെൻ എഴുതി: ''സ്നേഹം ... ക്രിസ്തുവിന്റെ

ശരീരത്തിൽ ചംക്രമണം ചെയ്യുന്ന രക്തമായ ഇതിലൂടെ, എല്ലാ ഭാഗങ്ങളും അംഗങ്ങളും ഉടനടി പരസ്പരം ബന്ധപ്പെടുത്തുകയും ഐക്യത്തോടെ പരസ്പരം കൂട്ടിച്ചേർക്കപ്പെട്ടിരിക്കുകയും ചെയ്തിരിക്കുന്നു.''[40]

*അഗാപെ* സ്നേഹം എന്തിന് സമാനമാണ്? അത് ''നിർവ്യാജം ആയിരിക്കണം'' എന്നാണ് പൗലൊസ് ആദ്യം പറയുന്നത്. ഗ്രീക്ക് വചന ഭാഗത്ത്, ''നിർവ്യാജം ആയിരിക്കണം'' എന്നത് ἀνυπόκριτος (*anupokritos*)-ൽ നിന്നാണ് വരുന്നത്. ''കപടനാട്യക്കാരൻ'' എന്ന് അർത്ഥം വരുന്ന വാക്ക് (ὑποκριτής, *hupokritēs*) -ന് മുൻപിലായി ഒരു നിഷേധരൂപം (α, *a*) ചേർന്നതാണ്. പലോസിന്റെ കാലത്ത്, *ഹ്യുപോക്രെറ്റ്സ്* എന്ന വാക്ക് ഉപയോഗിച്ചിരുന്നത് വേദിയിൽ പൊയ്മുഖം അണിഞ്ഞ്, മറ്റൊരു വ്യക്തിയാണെന്ന് നടിക്കുന്ന ഒരു നടനെ വിശേഷിപ്പിക്കുന്നതിനായിരുന്നു.[41] ജെബി പരിഭാഷ ഇങ്ങനെ പറയുന്നു, "നിങ്ങളുടെ സ്നേഹം ഒരു നാട്യം ആയിത്തീർക്കരുത്." "കപടതയുള്ള സ്നേഹത്തിന്റെ" നമ്മെ പിടിച്ചു കുലുക്കുന്ന ഒരു ഉദാഹരണം, കവിളിലെ ഒരു ചുംബനത്തിലൂടെ യേശുവിനെ ഒറ്റിക്കൊടുത്ത യൂദയാണ് (ലൂക്കൊസ് 22:47, 48). ചില വ്യക്തികൾ സ്നേഹം തുളുമ്പുന്ന വ്യക്തികളായി അറിയപ്പെടുന്നതിന് ആഗ്രഹിക്കുന്നു; അതിനാൽ, തങ്ങളുടെ ഹൃദയത്തിൽ അൽപ്പം പോലും ചലനമുണ്ടാകാതെ, അവർ സ്നേഹത്തിന്റെ "മുഖംമൂടി അണിയുന്നു." അതേ പോലെയായിത്തീ രാതിരിക്കുന്നതിന് പൗലൊസ് തന്റെ വായനക്കാരെ ഉദ്ബോധിപ്പിക്കുകയാണ്. "നിങ്ങളുടെ സ്നേഹം വെറും പുറംമോടിയായിത്തീരുവാൻ അനുവദിക്കരുത്" (സിജെബി).

യഥാർത്ഥ സ്നേഹം ഉണ്ടായിരിക്കുകയെന്നാൽ അർത്ഥമാക്കുന്നതെന്താണ്? പൗലൊസ് ഒരു ഉദാഹരണം നൽകി: **തീയതിനെ വെറുത്തു നല്ലതിനോടു പറ്റിക്കൊൾവിൻ**. അനവധി വർഷങ്ങൾക്ക് മുൻപ് ആമോസ് എഴുതി: ''തിൻമ ദ്വേഷിച്ച്, നൻമയെ ഇച്ഛിക്കുക'' (ആമോസ് 5:15). *വെറുക്കാനുള്ള* ഒരു കൽപ്പനയെത്തുടർന്നാണ് പൗലൊസ് സ്നേഹിക്കു ന്നതിനുള്ള അനുശാസനം നൽകുന്നതെന്ന് ചിലരെ അത്ഭുതപ്പെടു ത്തിയേക്കാം. എങ്കിലും, ആരോ ഒരിക്കൽ പറഞ്ഞതു പോലെ യഥാർത്ഥ സ്നേഹം ''വെറും ചപലമായ വൈകാരികത'' അല്ല. നാം ഏതെങ്കിലുമൊന്നിനെ യഥാർത്ഥത്തിൽ സ്നേഹിക്കണമെങ്കിൽ, അതിന്റെ നേർ വിപരീതമായതിനെ ദ്വേഷിക്കാതെ സാദ്ധ്യമല്ല. ആത്മാർത്ഥ സ്നേഹം തിൻമയെ ദ്വേഷിക്കുകയും നൻമയായതിനോട് പറ്റിച്ചേരുകയും ചെയ്യുന്നു.

''വെറുക്കുക'', ''പറ്റിച്ചേരുക'' എന്ന് തർജ്ജമ ചെയ്തിട്ടുള്ള വാക്കുകൾ ശക്തമായ പദങ്ങളാണ്. ''വെറുക്കുക'' എന്ന് തർജ്ജമ ചെയ്തിട്ടുള്ള വാക്ക് വരുന്നത് ''ദ്വേഷിക്കുക'' (στυγέω, *stugeō*) എന്ന് അർത്ഥം വരുന്ന ἀποστυγέω (*apostugeō*)-ൽ നിന്നാണ്. ഇതിനോട് ἀπό (*apo*) എന്ന വാക്ക് കൂടിച്ചേരുമ്പോൾ അതിന് കൂടുതൽ തീവ്രത കൈവരുന്നു.[42] *അപോസ്റ്റ്യൂജിയോ* എന്നതിന്റെ അർത്ഥം ''വെറുക്കുക, നിന്ദിക്കുക, വൈമനസ്യത്തോടെ കാണുക, അറപ്പോടെ നോക്കുക'' എന്നിങ്ങനെയാണ്. ജിം മക്ഗുയിഗൻ ''വിശുദ്ധ വിദ്വേഷം'', ''ദൈവീകമായ അറപ്പ്'' എന്നിങ്ങനെയുള്ള പദപ്രയോഗങ്ങൾ ഉപയോഗിച്ചിട്ടുണ്ട്.[43] ദുഷ്ടത അത്രയേറെ പരിചിതമായിത്തീർന്ന് അത് നമുക്ക് യാതൊരു വിധത്തിലുമുള്ള നടുക്കവുമുണ്ടാക്കാതിരിക്കുന്നതിന് സാദ്ധ്യതയുണ്ട്. പൗലൊസ് ഫലത്തിൽ പറയുന്നതിങ്ങനെയാണ്: "അത് നിങ്ങൾക്ക് സംഭവിക്കുന്നതിന് അനുവദിക്കരുത്!"[44]

നാം എന്തുകൊണ്ട് ദുഷ്ടതയെ വെറുക്കണം? കാരണം, ദുഷ്ടത ദൈവത്തിനും അവിടുത്തെ ഇഷ്ടത്തിനും വിരുദ്ധമാണ്; കാരണം ദുഷ്ടത എണ്ണമറ്റ ആയിരങ്ങളുടെ ജീവിതങ്ങൾ തകർക്കുന്നു; കാരണം ദുഷ്ടത വൻ ജനാവലികളെ നരകത്തിലേക്ക് തള്ളിയിടുന്നു. ദുഷ്ടതയെ അഥവാ തിൻമയെ വെറുക്കുന്നതിനിടയിൽ നാം വ്യക്തികളെ വെറുക്കാതിരിക്കുന്നതിന് ശ്രദ്ധ പുലർത്തേണ്ടതാണ് (യൂദാ 23). ''നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ; നിങ്ങളെ ഉപദ്രവിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിപ്പിൻ'' (മത്തായി 5:44). ഒരു ഡോക്ടർ തന്റെ രോഗികളെ വെറുക്കുന്നു, എന്നാൽ അർബുദമുള്ള തന്റെ രോഗികളെ അദ്ദേഹം വെറുക്കുന്നില്ല.

അത്ര മാത്രമല്ല, നാം ''നല്ലതിനോടു പറ്റിച്ചേരേണ്ടതാണ്.'' ''പറ്റിച്ചേരുക'' എന്ന് ഭാഷാന്തരം ചെയ്യപ്പെട്ടിട്ടുള്ള പദം വരുന്നത് κολλάω (*kollaō*) എന്ന വാക്കിൽ നിന്നാണ്. ''ദൃഢതയോടെ ഒരുമിച്ച് ചേർക്കുക, ഒട്ടിച്ചു ചേർക്കുക, ഉറപ്പോടെ യോജിപ്പിക്കുക ... (*കൊല്ലാ* അഥവാ ''പശ''-ൽ നിന്ന്)''.[45] സിഇവി ഇങ്ങനെ പരിഭാഷപ്പെടുത്തുന്നു "നൻമയായവയെല്ലാം ദൃഢതയോടെ *പിടിക്കുക*'' (പ്രത്യേക ഊന്നൽ ചേർത്തിരിക്കുന്നു). തിൻമയെ ദ്വേഷിച്ച് നൻമയോട് പറ്റിച്ചേരുന്നത് ഒരേ നാണയത്തിന്റെ രണ്ട് വശങ്ങളാണ്. വീണ്ടും പറയട്ടെ, നാം ഏതെങ്കിലുമൊന്നിനെ യഥാർത്ഥത്തിൽ സ്നേഹിക്കുന്നു വെങ്കിൽ, അതിന്റെ നേർ വിപരീതമായതിനെയും അതിനെ നശിപ്പിക്കു ന്നതിനെയും ദ്വേഷിക്കും.

''സ്നേഹം അന്ധമാണ്'' എന്ന് പലപ്പോഴും പറയാറുണ്ട്. നാം സ്നേഹിക്കുന്നവരുടെ തെറ്റുകൾ അവഗണിച്ചു കളയുന്ന വിധത്തിൽ സ്നേഹം അന്ധമായേക്കാം (1 പത്രൊസ് 4:8). എന്നാൽ നൻമയും തിൻമയും പരസ്പരമുള്ള തെരഞ്ഞെടുക്കലിൽ യഥാർത്ഥ സ്നേഹം അന്ധമല്ല. ലോകം ശരിയും തെറ്റും തമ്മിലുള്ള അന്തരം മായ്ച്ചു കളയുന്നതിന് ശ്രമിക്കുന്നു. എന്നാൽ *അഗാപെ* സ്നേഹം അങ്ങനെ ചെയ്യുന്നില്ല. അത് തിൻമയെ നിശിതമായി എതിർക്കുകയും നൻമയെന്താണോ അതിനോട് ദൃഢമായി പറ്റിച്ചേരുകയും ചെയ്യുന്നു.

**വാക്യം 10**. ഇനി, മറ്റ് ക്രിസ്തീയ വിശ്വാസികളോട് സ്നേഹം എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവെന്ന് പൗലൊസ് ചർച്ച ചെയ്യുന്നു: **സഹോദരപ്രീതിയിൽ തമ്മിൽ സ്ഥായിപൂണ്ടു ബഹുമാനിക്കുന്നതിൽ അന്യോന്യം മുന്നിട്ടു കൊൾവിൻ**. നാം സ്വയ-കേന്ദ്രീകൃതമായ ജീവിതത്തിനുടമകളായിത്തീരുന്നതിന് ദൈവം ആഗ്രഹിക്കുന്നില്ല, മറിച്ച് അപര-കേന്ദ്രീകൃതമായ ഒരു ജീവിതം നയിക്കണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നു.

വാക്യം 9, 10 എന്നിവ ''സ്നേഹം'' എന്ന് ഭാഷാന്തരം ചെയ്തിട്ടുള്ള, പുതിയ നിയമത്തിലെ മൂന്ന് വാക്കുകളുടെ പ്രദർശനപ്പെട്ടിയാണ്:[46] ἀγαπή (*agapē*), φίλία (*philia*), στοργή (*storgē*). വാക്യം 9-ൽ *അഗാപെ* നാം കാണുമ്പോൾ, *ഫിലിയ*യും *സ്റ്റോർഗെയും* വാക്യം 10-ൽ സംയുക്ത വാക്കുകളായി ഉപയോഗിച്ചിരിക്കുന്നു. *ഫിലിയ* ഊഷ്മളമായ സ്നേഹവുമായി ബന്ധപ്പെട്ടിരിക്കുമ്പോൾ, *സ്റ്റോർഗെ* അർത്ഥമാക്കുന്നത് ഒരു കുടുംബാംഗത്തിന്റെ സ്നേഹത്തെയാണ്.[47] (*സ്റ്റോർഗെ*യുടെ നിഷേധാത്മക രൂപം 1:31-ൽ നമുക്ക് കാണാം. കെജെവി അത് ''സ്വാഭാവികമായ സ്നേഹബന്ധമില്ലാതെ'' എന്ന് പരിഭാഷ നൽകുന്നു. എൻഎഎസ്ബി ''സ്നേഹമില്ലാത്തത്'' എന്ന് പറയുന്നു.)

വാക്യം 10-ൽ ''സ്ഥായി പൂണ്ട്'' എന്ന പരിഭാഷ φιλόστοργος (*phi-*

*lostorgos*) എന്നതിൽ നിന്നാണ്. ഇത് *ഫിലിയ philia* (φίλος, *philos*) *സ്റ്റോർഗെ*യുമായി യോജിപ്പിച്ചിട്ടുള്ള ഒരു രൂപമാണ്. ''സഹോദര സ്നേഹം'' ഫിലാദൽഫിയ φιλαδελφία (*philadelphia*)-ൽ നിന്നാണ്. ἀδελφός (*adelphos*) (''സഹോദരൻ'')-നെ *ഫിലോസ്*-മായി കൂട്ടിച്ചേർക്കുന്നതാണിത്. ഈ രണ്ട് വാക്കുകളും സഭയുടെ *കുടുംബാധ*ിഷ്ഠിതമായ വശം അടിവരയിടുന്നു: ദൈവം നമ്മുടെ പിതാവും നാമെല്ലാം സഹോദരീ സഹോദരൻമാരുമാണ്. സഹോദരൻമാർ എന്ന നിലയിൽ പരസ്പരം സ്നേഹിക്കണമെന്ന് എല്ലാ ക്രിസ്തീയ വിശ്വാസികൾക്കും കൽപ്പന നൽകിയിരിക്കുന്നു. ഇനി നമുക്ക് ഇപ്പറഞ്ഞവയെല്ലാം പൗലൊസിന്റെ റോമർക്കുള്ള ലേഖനത്തിന്റെ പശ്ചാത്തലത്തിൽ ചിന്തിക്കാം: യഹൂദ ക്രിസ്തീയ വിശ്വാസികളും ജാതികള ിൽ നിന്നുള്ള വിശ്വാസികളും ഒരു കുടുംബമെന്ന നിലയിൽ പരസ്പരം വീക്ഷിക്കണമെന്ന് പൗലൊസ് ആഗ്രഹിച്ചിരുന്നു. ക്രിസ്തുവിൽ സഹോദരീ, സഹോദരൻമാരെന്ന നിലയിൽ അർപ്പണബോധത്തോടെ പരസ്പരം കരുതേ ണ്ടിയിരുന്നു. പരസ്പരം *ഏറ്റവും മികച്ചത് അങ്ങോട്ടുമിങ്ങോട്ടും ഇച്ഛിക്കേ ണ്ടിയിരുന്നു.* യേശു പറഞ്ഞു, ''നിങ്ങൾക്കു തമ്മിൽ തമ്മിൽ സ്നേഹം ഉണ്ടെ ങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാർ എന്നു എല്ലാവരും അറിയും.'' (യോഹ. 13:35).

തന്റെ മനസ്സിലുണ്ടായിരുന്ന സ്നേഹത്തിന്റെയും അർപ്പണത്തിന്റെയും തലം വരച്ചു കാട്ടുന്നതിനായി പൗലൊസ് ഉദാഹരണം നൽകുന്നു: **ബഹുമാനിക്കുന്നതിൽ അന്യോന്യം മുന്നിട്ടു കൊൾവിൻ**. പരസ്പരമുള്ള പ്രതിപത്തി, പരസ്പരം ബഹുമാനിക്കുന്നതിലൂടെ പ്രകടിപ്പിക്കേണ്ടതാണ്. “ബഹുമാനിക്കുക” τιμή (*timē, ടൈം*) എന്ന പദത്തിൽ നിന്ന് ഉത്ഭവിക്കുന്നു. “പ്രാഥമികമായും ഇത് ‘മൂല്യം നൽകലാണ്.”[48] അത് ബഹുമാനത്തോടും മറ്റൊരു വ്യക്തിയുടെ പ്രശംസാപരതയോടും ചെയ്യേണ്ടതാണ് - ഒപ്പം ആ പ്രശംസാപരതയുടെ *പ്രകടിപ്പിക്കലോടും* കൂടെ. “മുന്നിട്ടു കൊൾക (പ്രാമുഖ്യം നൽകുക)” എന്ന വാക്ക് προηγέομαι (*proēgeomai*) എന്ന പദത്തിൽ നിന്നാണ് ഭാഷാന്തരം ചെയ്തിട്ടുള്ളത്. ഇതിന്റെ അർത്ഥം മറ്റുള്ളവരെ ആദരിക്കുന്നതിൽ ''മുൻപിലേക്ക് പോയി നേതൃത്വം നൽകുക'' എന്നതാണ്.[49] ഫിലിപ്പിയർ 2:3-ൽ പൗലൊസ് ഇങ്ങനെ എഴുതി: “ശാഠ്യത്താലോ ദുരഭിമാനത്താലോ ഒന്നും ചെയ്യാതെ താഴ്മയോടെ ഓരോരുത്തൻ മറ്റുള്ളവനെ തന്നെക്കാൾ ശ്രേഷ്ഠൻ എന്നു എണ്ണിക്കൊൾവിൻ.”

ബാർക്ലേ ഇത്തരത്തിലൊരു നിരീക്ഷണം നടത്തി: ''സഭകളിൽ ഉയരുന്ന പ്രശ്നങ്ങളുടെ പകുതിയിലേറെയും അവകാശങ്ങളും പ്രത്യേകാനുകൂല്യങ്ങളും അന്തസ്സും സംബന്ധിച്ചുള്ളതാണ്. ഒരാൾക്ക്, അയാൾ അല്ലെങ്കിൽ അവർ പ്രതീക്ഷിക്കുന്ന സ്ഥാനം ലഭിച്ചില്ല; അല്ലെങ്കിൽ മറ്റൊരാളെ അവഗണിച്ചു. അതുമല്ലെങ്കിൽ ഒരാളോട് നന്ദി പ്രകടിപ്പിച്ചില്ല എന്നിങ്ങനെ പോകുന്നു.''[50] പൗലൊസിന്റെ അഭിപ്രായത്തിൽ, അർഹിക്കുന്ന വിധത്തിൽ ആദരിക്കാതിരിക്കപ്പെടുന്നത് സംബന്ധിച്ച് നാം ആശങ്കപ്പെടരുത്; മറ്റുള്ളവരെ ആദരിക്കുന്നതിലാവണം നമ്മുടെ ശ്രദ്ധ. സ്നേഹത്തിന്റെ ഈ ഗുണത്തെ സംബന്ധിച്ച് ഫിലിപ്സ് ഇങ്ങനെ പ്രസ്താവിക്കുന്നു: “ഒപ്പമുള്ള ആൾക്ക് അംഗീകാരം ലഭിക്കുന്നതിന് അനുവദിക്കുന്നതിനുള്ള ഒരു സന്നദ്ധത.” സ്നേഹം “സ്വയം മതിപ്പ്” ആധാരിതമല്ല മറിച്ച് “മറ്റുള്ളവരുടെ മതിപ്പിൽ” അധിഷ്ഠിതമാണ്. സ്നേഹം നിസ്വാർത്ഥമാണ്.

**വാക്യം 11.** നമ്മുടെ ദൈവ സേവയെ സ്നേഹം എങ്ങനെ ബാധിക്കുന്നു എന്നതിലേക്ക് പൗലൊസ് നീങ്ങുന്നു. അദ്ദേഹം പറഞ്ഞു, **ഉത്സാഹത്തിൽ മടുപ്പില്ലാതെ**. *അഗാപെ* സ്നേഹത്തിന്റെ മറ്റൊരു ഗുണവിശേഷം ഇത് ചൂണ്ടിക്കാട്ടുന്നു: അത്യുൽസാഹം.

''മടുപ്പില്ലാതെ'' എന്ന് തർജ്ജമ ചെയ്തിട്ടുള്ള പദത്തിന്റെ ഗ്രീക്ക് വാക്ക് ὀκνηρός (*oknēros*) എന്നതാണ്. ഇതിന്റെ അർത്ഥം, ''സാവധാനം; മന്ദതയുള്ള, ഉദാസീനതയുള്ള, അലസതയുള്ള'' എന്നൊക്കെയാണ്.[51] ഇത് സാധാരണ ഭാഷയിൽ പറഞ്ഞാൽ, *ഒക്നെറോസ്* അർത്ഥമാക്കുന്നത് *മടിയനായിത്തീരുക* എന്നതാണ്. യേശു പഠിപ്പിച്ച ഉപമയിൽ ഒരു താലന്ത് ലഭിക്കുകയും അത് ഭൂമിയിൽ കുഴിച്ചിടുകയും ചെയ്ത വ്യക്തിയെ "ദുഷ്ടനും *മടിയനുമായ* ദാസൻ" (മത്തായി 25:18, 26; പ്രത്യേക ഊന്നൽ ചേർത്തിരിക്കുന്നു) എന്നാണ് വിളിക്കപ്പെട്ടത്. "മടിയനായ ക്രിസ്തീയ വിശ്വാസി" എന്ന വിശേഷണം, പദപ്രയോഗത്തിന്റെ വൈരുദ്ധ്യമായി പറയാറുണ്ട്.

നാം ഉൽസാഹമുള്ളവരായിരിക്കേണ്ടതാണ്; അലസരായിരിക്കുവാൻ പാടില്ല. ''ഉൽസാഹം'' എന്ന് പരിഭാഷപ്പെടുത്തിയിട്ടുള്ള പദം σπουδή (*spoudē*)-യിൽ നിന്നാണ്. ഇത് അർത്ഥമാക്കുന്നത്, ''വ്യഗ്രത, ആവേശം'' (കാണുക 12:8) എന്നാണ്. ഒരു ക്രിസ്തീയ വിശ്വാസി, തന്റെ യജമാനനെ സേവിക്കുന്നതിൽ നിഷ്ക്രിയനായിരിക്കരുത്; മറിച്ച് അയാൾ അതിനായി ആവേശഭരിതനായിരിക്കേണ്ടതാണ്. എൻസിവി ഇങ്ങനെ എഴുതുന്നു, ''അലസനായിത്തീരരുത്, എന്നാൽ കഠിനാദ്ധ്വാനം ചെയ്യുക.'' നമുക്ക് വേണ്ടി ഇത്ര മാത്രം ചെയ്ത കർത്താവിനെ നാം സ്നേഹിക്കുന്നുവെങ്കിൽ, നമുക്ക് എങ്ങനെ അങ്ങനെയല്ലാതായിത്തീരുവാൻ കഴിയും?

പൗലൊസ് തുടരുന്നു: നാം **ആത്മാവിൽ എരിവുള്ളവരായി**ത്തീരേണ്ടതാണ്. "എരിവ്" എന്ന തർജ്ജമ, ζέω (*zeō*) എന്നതിന്റെ ഒരു രൂപമാണ്. ഇതിന്റെ അർത്ഥം, ''ചൂടായിത്തീരുന്നത്, തിളയ്ക്കുന്നതിന്''[52] എന്നാണ്. ബാർക്ലേ ഈ വചനം "നിങ്ങളുടെ ഉത്സാഹം തിളച്ചു മറിയുന്ന നിലയിൽ സൂക്ഷിക്കുക" എന്ന് ഭാഷാന്തരം ചെയ്തു.[53]

''ആത്മാവ്'' എന്നതിന്റെ തത്തുല്യപദം, ഇംഗ്ളീഷിൽ ചെറിയ അക്ഷരത്തോടെ (ലോവർകേസ് ''s'') ആരംഭിക്കണമോ വലിയ അക്ഷരത്തോടെ (ക്യാപിറ്റൽ ''S'') ആരംഭിക്കണമോ എന്നതിൽ ചില വിയോജിപ്പുകളുണ്ട്. ചില ഭാഷ്യങ്ങളിൽ വലിയ അക്ഷരത്തോടെ (ക്യാപിറ്റൽ) ഇത് പ്രത്യക്ഷപ്പെടുന്നു (ആർഎസ്വി; ആർഇബി, സിഇവി; എബി; ഗുഡ്സ്പീഡ്). ഉദാഹരണമായി, ആർഎസ്വിയുടെ പരിഭാഷ ശ്രദ്ധേയമാണ്: ''ആത്മാവിൽ ജ്വലിക്കുക.'' ഈ പ്രത്യേക അദ്ധ്യായത്തിൽ പൗലൊസ് ഊന്നൽ നൽകുന്നത് ദൈവം നമുക്ക് എന്തു ചെയ്തു എന്നതിനെക്കുറിച്ചല്ല, എന്നാൽ ദൈവത്തിനു വേണ്ടി നാം എന്താണ് ചെയ്യേണ്ടത് എന്നതിനെക്കുറിച്ചാണ് എന്നതിനാൽ ഇംഗ്ലീഷിൽ ചെറിയ അക്ഷരത്തോടെ (ലോവർകേസ് ''s'') നൽകുന്നതായിരിക്കും ഒരു പക്ഷേ അഭികാമ്യം. ''ആത്മാവിൽ എരിവുള്ളവരായിത്തീരുന്നതിനെ''ക്കുറിച്ച് വ്യത്യസ്ത ഭാഷാന്തരങ്ങൾ എഴുതുന്നതിങ്ങനെയാണ്:

> നിങ്ങളുടെ ആത്മീയ തീക്ഷ്ണത സൂക്ഷിക്കുക (എൻഐവി).
> ആത്മീയമായി ആവേശഭരിതമായിരിക്കുക (മാകോർഡ്).
> ആത്മാവിന്റെ അഗ്നി കത്തിച്ചു സൂക്ഷിക്കുക (ഫിലിപ്സ്).

നാം ദൈവവുമായും അവിടുത്തെ ആത്മാവോടും അടുത്ത് നിൽക്കുന്നില്ലെങ്കിൽ, നമ്മുടെ തീക്ഷ്ണത തണുത്തുറഞ്ഞു പോകും. തിളയ്ക്കുന്ന ഒരു കലം വെള്ളം നാം തീ കത്തുന്ന അടുപ്പിൽ നിന്ന് എടുത്തു മാറ്റുന്നുവെങ്കിൽ, അത് പിന്നീട് തിളയ്ക്കുകയില്ല. തിരുവചന പഠനം, പ്രാർത്ഥന, സ്നേഹഭരിതരും ആവേശഭരിതരുമായ ക്രിസ്തീയ വിശ്വാസിക ളോടൊത്തുള്ള ബന്ധം തുടങ്ങിയവയിലൂടെ നമ്മുടെ സ്നേഹം തിക്ഷ്ണമായി നില നിൽക്കും.

സ്നേഹം എന്തിനു വേണ്ടിയാണ് ആവേശഭരിതമാകുന്നത്? ഈ വചനം ഈ വാക്കുകളോടെയാണ് സമാപിക്കുന്നത്: **കർത്താവിനെ സേവിപ്പിൻ**. വ്യക്തികൾക്ക് പണം സമ്പാദിക്കുന്നതിനെക്കുറിച്ചും ഒരു നീണ്ട യാത്ര പോകുന്നതിനെക്കുറിച്ചും ഒരു കായിക മൽസരത്തിൽ പങ്കെടുക്കുന്നതി നെക്കുറിച്ചു പോലും ആവേശം കൊള്ളാൻ കഴിയും. എന്നാൽ, കർത്താവിന്റെ ശുശ്രൂഷയെക്കുറിച്ച് അധികം പേരും അത്ര മാത്രം ആവേശം കൊള്ളുന്നില്ല എന്നതാണ് യാഥാർത്ഥ്യം. നീണ്ട മണിക്കൂറുകളിലേക്ക് ജോലിയെടുക്കുന്നതും ആരും ചെയ്യുന്നതിന് ആഗ്രഹിക്കാത്ത ജോലി ചെയ്യുന്നതിനെക്കുറിച്ചും മറ്റാരുടെയും ശ്രദ്ധയിൽപ്പെടാതെ പോകുന്നതി നെക്കുറിച്ചും ആളുകൾ ആവേശഭരിതരാകാറില്ല. എന്നാൽ, നമ്മുടെ ശുശ്രൂഷ *കർത്താവിന്* – നമ്മെ സ്നേഹിക്കുകയും നമുക്ക് വേണ്ടി സ്വയം ബലിയായി നൽകുകയും ഓരോ ദിവസവും നമ്മെ ശക്തിപ്പെടുത്തുകയും ചെയ്യുന്ന സ്നേഹദായകന് – വേണ്ടിയുള്ളതാകുമ്പോൾ, നമ്മുടെ സ്നേഹം തീക്ഷ്ണതയുള്ളതായിത്തീരും.

**വാക്യം 12**. പക്ഷേ, പ്രതികൂലങ്ങളുടെ സമയങ്ങൾ എത്തുമ്പോൾ എന്തായിരിക്കും സ്ഥിതി? (നാം അവയെ *അഭിമുഖീകരിക്കുക തന്നെ ചെയ്യും.*) എല്ലാം സുഗമമായി ഒഴുകുമ്പോൾ നമുക്ക് ആവേശം കൊള്ളുന്നതിന് എളുപ്പമാണ്. എന്നാൽ സ്ഥിതിഗതികളൊന്നും തന്നെ നമുക്ക് അന ുകൂലമല്ലാത്തപ്പോൾ, അത് ഏറെ ദുഷ്കരമായിരിക്കും. വാക്യം 12–ൽ, സൂര്യൻ പ്രകാശിക്കുന്ന സുന്ദരമായ ദിവസങ്ങളിലും കാർമേഘം മൂടിയ, കാറ്റും കോളും നിറഞ്ഞ ദിവസങ്ങളിലും നമ്മെ സ്ഥിരതയോടെ നില നിൽക്കുന്നതിന് പ്രാപ്തരാക്കുന്ന *അഗാപെ* സ്നേഹത്തിന്റെ മൂന്ന് സവിശേ ഷതകൾ പൗലൊസ് എടുത്തു കാട്ടുകയാണ്.

ഒന്നാമതായി, എന്തു സംഭവിച്ചാലും, സ്നേഹം പ്രത്യാശാഭരിതമാണ്. വാക്യം 12 ഇങ്ങനെയാണ് ആരംഭിക്കുന്നത്, **ആശയിൽ സന്തോഷിപ്പിൻ**. ഇന്നത്തെ ദിവസം പ്രതികൂലം നിറഞ്ഞതാണെങ്കിലും, നാളത്തെ ദിവസം മികച്ചതായിരിക്കുമെന്ന് സ്നേഹം പ്രത്യാശിക്കുന്നു (ആത്മവിശ്വാസ ത്തോടെയുള്ള പ്രതീക്ഷ) (കാണുക 4:18; 5:4). വാക്യം 8:18–ൽ, "നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്സു വിചാരിച്ചാൽ ഈ കാലത്തിലെ കഷ്ടങ്ങൾ സാരമില്ല എന്നു ഞാൻ എണ്ണുന്നു." സ്നേഹത്തിന് ആനന്ദിക്കുന്നതിന് എപ്പോഴുമൊരു കാരണമുണ്ട്. ലിയോൺ മോറിസ് അഭിപ്രായപ്പെടുന്നതിങ്ങനെ യാണ്,

> ആദിമ ക്രിസ്തീയ വിശ്വാസികൾക്ക് ആഹ്ലാദം കൊള്ളുന്നതിനോ ആശാഭരിതരായിരിക്കുന്നതിനോ ഏറെ കാരണങ്ങളുണ്ടായിരുന്നില്ല; എന്നാൽ അവർ എപ്പോഴും കർത്താവിൽ ആനന്ദിച്ചിരുന്നു (ഫിലി. 4:4); "മഹത്വത്തിന്റെ പ്രത്യാശയായ" ക്രിസ്തു അവരിലുണ്ടെന്ന് അവർക്ക്

അറിയാമായിരുന്നു (കൊലൊ. 1:27). ആശ (ക്രിസ്തീയ വിശ്വാസിയ
ുടെ) ഇപ്പോഴത്തെ സാഹചര്യങ്ങൾ മാറ്റിക്കളയുകയും അനിവാര്യമായ അന്തിമപരിണാമത്തെക്കുറിച്ച് ഉല്ലസിക്കുകയും ചെയ്യുന്നു.[54]

സ്നേഹം ആശയിൽ ആനന്ദം കൊള്ളുന്നതിനാൽ, അത് **കഷ്ടതയിൽ സഹിഷ്ണുത** കാണിക്കുന്നു. ''കഷ്ടത'' (θλῖψις, *thlipsis*) എന്ന് തർജ്ജമ ചെയ്തിട്ടുളള വാക്ക് അടിസ്ഥാനപരമായി അർത്ഥമാക്കുന്നത് ''സമ്മർദ്ദം'', ''ആത്മാവിനെ ഞെരുക്കുന്ന ഒരു സമ്മർദ്ദം'' എന്നാണ്.[55] (5:3-ലെ അഭിപ്രായം കാണുക). പൗലൊസിന്റെ കാലഘട്ടത്തിൽ, ക്രിസ്തീയ വിശ്വാസികൾ സമൂഹത്തിലെ ഒരു ചെറിയ വിഭാഗം മാത്രമായിരുന്നു. ഇത് അവരെ ഭരണകർത്താക്കളുടെ അനുശാസനങ്ങൾക്കും മതവൈരികളുടെ അനായാസമായുളള ആക്രമണങ്ങൾക്കും ഇരയാക്കിത്തീർത്തു. ക്രിസ്തീയ വിശ്വാസിക്ക്, കഷ്ടത ഒരു ജീവിത യാഥാർത്ഥ്യമായിരുന്നു (പ്രവൃ. 14:22). കഷ്ടതകൾക്കിടയിൽ സ്നേഹമായിരുന്നു അവരെ സഹിഷ്ണു തയോടെ നിലനിർത്തിയത്. "സഹിഷ്ണുത" എന്ന് പരിഭാഷ നൽകിയിരിക്കുന്ന പദം വരുന്നത് ὑπομένω (*hupomenō*)-യിൽ നിന്നാണ്. ഇത് ὑπό (*hupo*) (''കീഴിൽ''), μένω (*menō*) (''വസിക്കുക'') എന്നീ വാക്കുകളുടെ സംയുക്തമാണ്. ''അധീനതയിൽ വസിക്കുക'' എന്നാണ് അതിന്റെ അർത്ഥം.[56] സ്നേഹം പാതി വഴിയിൽ നിർത്തി മടങ്ങുന്നില്ല; ജീവിതത്തിന്റെ സമ്മർദ്ദങ്ങൾ നമ്മെ മൂടിക്കളയുമ്പോഴും നമ്മുടെ വിശ്വാസം ഉപേക്ഷിച്ചു കളയാതെ നില നിൽക്കുന്നതിന് അത് നമ്മെ ശക്തരാക്കുന്നു.

ആശയാൽ നിറഞ്ഞിരിക്കുന്നതിനും പ്രാർത്ഥനയിൽ സഹിഷ്ണുതയോടെ നില നിൽക്കുന്നതിനുമുള്ള ഒരു അത്യന്താപേക്ഷിത ഘടകം പ്രാർത്ഥനയാണ്. നമ്മുടെ സൃഷ്ടിതാവിലേക്കുള്ള ജീവന്റെ ചരടാണ് പ്രാർത്ഥന. സ്നേഹം **പ്രാർത്ഥനയിൽ ഉറ്റിരിക്കുന്നതിന്** കാരണമാകുന്നു. ''ഉറ്റിരിക്കുക'' എന്നത് തർജ്ജമ ചെയ്തിരിക്കുന്നത് προσκαρτερέω (*proskartereō*) എന്ന വാക്കിൽ നിന്നാണ്. ''ശക്തിപ്പെട്ടിരിക്കുക'' അല്ലെങ്കിൽ ''ഉറച്ചു നിൽക്കുക'' (καρτερέω, *kartereō*) എന്നതിനുളള വാക്കാണ്. πρός (*pros*) എന്ന വാക്ക് കൊണ്ട് ഈ വാക്കിന് തീവ്രത നൽകിയിരിക്കുന്നു.[57] ഇതിന്റെ അർത്ഥം "സ്ഥിരോൽസാഹം കാട്ടുക, ഉറച്ചു നിൽക്കുക"[58] എന്നതാണ്. പ്രാർത്ഥന സ്നേഹത്തിന് പകരമായി നമുക്ക് തെരഞ്ഞെടു ക്കാവുന്ന ഒന്നല്ല; അത് ഒരു അനിവാര്യതയാണ്. പൗലൊസ് മറ്റൊരു സ്ഥലത്ത് ഇങ്ങനെ എഴുതുന്നു, "മടുത്തു കൂടാതെ പ്രാർത്ഥിക്കുക" (1 തെസ്സ. 5:17).

**വാക്യം 13.** ക്രിസ്തീയ വിശ്വാസികൾ ''സഹോദരപ്രീതിയിൽ തമ്മിൽ സ്ഥായി പൂണ്ടി'' രിക്കണം ... എന്ന് വാക്യം 10-ൽ പ്രസ്താവിച്ചല്ലോ. വാക്യം 13-ൽ സഹോദരസ്നേഹം പ്രകടിപ്പിക്കുന്നതിനുള്ള രണ്ട് മാർഗ്ഗങ്ങൾ അദ്ദേഹം സൂചിപ്പിക്കുന്നു.

പൗലൊസ് ആദ്യം പറഞ്ഞു, **വിശുദ്ധന്മാരുടെ ആവശ്യങ്ങളിൽ കൂട്ടായ്മ കാണിക്കുക**. ''കൂട്ടായ്മ'' κοινωνέω (*koinōneaō*) എന്ന് പരിഭാഷപ്പെടു ത്തിയിരിക്കുന്ന പദം κοινωνία (*koinōnia*) എന്ന പദത്തിന്റെ കുടുംബത്തിലുളളതാണ്. ''കൂട്ടായ്മ, പൊതുവായുളളവ പങ്കിടുക'' എന്ന് *കൊയ്നോനിയ* അർത്ഥമാക്കുന്നു.[59] ഈ വചനഭാഗത്തിൽ, ആവശ്യങ്ങളുള്ള "വിശുദ്ധൻമാരോടുള്ള" (സഹ - വിശ്വാസകൾ; 1:7-ന്റെ അഭിപ്രായം കാണുക)

കരുതലാണ് കാണുന്നത്. യഥാർത്ഥ സ്നേഹത്തിൽ എല്ലാവരോടുമുളള കരുതലുണ്ട്. എന്നാൽ ക്രിസ്തുവിൽ സഹോദരീ-സഹോദരൻമാരായവരോട് ഒരു പ്രത്യേക കരുതലുണ്ട്. "ആകയാൽ അവസരം കിട്ടുംപോലെ നാം എല്ലാവർക്കും, *വിശേഷാൽ* സഹവിശ്വാസികൾക്കും നന്മ ചെയ്ക" (ഗലാ. 6:10; പ്രത്യേക ഊന്നൽ ചേർത്തിരിക്കുന്നു). എൻഐവി വാക്യം 13 ഇങ്ങനെ പരിഭാഷപ്പെടുത്തിയിരിക്കുന്നു: "ആവശ്യങ്ങളുളള ദൈവ ജനവുമായി പങ്കു വെക്കുക." ഈ വചന ഭാഗം പറയുന്നത് "വിശുദ്ധന്മാരുടെ *ആവശ്യങ്ങൾ*" എന്നാണ്; "ആഗ്രഹങ്ങൾ" അല്ല. "ആവശ്യങ്ങളിൽ" (χρεία, *chreia* [*ചെരിയ*] - യുടെ ബഹുവചനം) ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നിവ ഉൾപ്പെടുന്നു - ഒപ്പം സ്നേഹവും.

ഭൗമീക സംഘടനകളിൽ നിന്ന് പല വിധത്തിലും സഭ വ്യത്യസ്ത മാണ്. വ്യക്തികൾ ഭൗമീക സംഘടനകളിൽ അംഗമാകുന്നത്, ഒരു ചട്ടമെന്ന നിലയിൽ അവർക്ക് അവയിൽനിന്ന് എന്തു നേടാൻ കഴിയും എന്ന ചിന്തയോടെയാണെന്നതാണ് ഒരു വ്യത്യാസം. ഇതിന് വിരുദ്ധമായി, സഭയിലുളള സ്നേഹം തുളുമ്പുന്ന ക്രിസ്തീയ വിശ്വാസികൾ കൂടുതൽ ഉത്കണ്ഠപ്പെടുന്നത് അവർക്ക് മറ്റുളളവർക്ക് എന്തു ചെയ്യുന്നതിന് കഴിയുമെന്നാണ്. സ്നേഹത്തിന്റെ ഈ ഗുണത്തെ, ലൂക്ക് ഹാർട്ട്മാൻ "നമ്മുടെ നഷ്ടത്തിലും മറ്റുളളവരുടെ നൻമ ആഗ്രഹിക്കുക" എന്ന് നിർവ്വചിക്കുന്നു.[60]

"പരസ്പരം സ്ഥായി പൂണ്ട് ബഹുമാനിക്കുന്നതിന്" പൗലൊസ് രണ്ടാമതൊരു മാർഗ്ഗം ചൂണ്ടിക്കാണിക്കുകയാണ്: അതിഥി സൽക്കാരം ആചരിക്കുക. **"അതിഥി സൽക്കാരം"** എന്ന ഭാഷാന്തരം ചെയ്തിട്ടുളള പദം വരുന്നത് φιλοξενία (*philoxenia*)-ൽ നിന്നാണ്. "അപരിചിതരായവരോടുളള സ്നേഹം" എന്ന് ഇത് അർത്ഥം നൽകുന്നു. *ഫിലോസ്* ("സ്നേഹം"), ζένος (ξένος, സെനോസ്, "അപരിചിതൻ") എന്ന വാക്കുകൾ ചേർന്നതാണ്. "അതിഥി സൽക്കാരം" എന്നത് അടുത്ത സുഹൃത്തുക്കളോടൊത്ത് ഒരു സായാഹ്നത്തിൽ ഏതെങ്കിലുമൊരു വീട്ടിൽ ഒത്തു കൂടുന്നത് അർത്ഥമാക്കുന്നില്ല. ഒരാളുടെ വീട് അപരിചിതരായ വ്യക്തികൾക്കു വേണ്ടി തുറന്നു കൊടുക്കുന്നതാണ് അത് സൂചിപ്പിക്കുന്നത്.[61] "അതിഥി സൽക്കാരം മറക്കരുത്" എന്ന് നമ്മോട് ആഹ്വാനം ചെയ്യുന്ന എബ്രായർ 13:2-ൽ ഫിലോക്സീനിയ എന്ന പദം നാം കാണുന്നു.

ഈ പശ്ചാത്തലത്തിൽ, നമുക്ക് നന്നായി പരിചിതരല്ലാത്ത അല്ലെങ്കിൽ മുൻപ് നാം കണ്ടുമുട്ടിയിട്ടില്ലാത്ത വിശുദ്ധൻമാരോട് (ക്രിസ്തീയ വിശ്വാ സികളോട്) അതിഥി സൽക്കാരം കാണിക്കുന്നതിന് ഇവിടെ ഊന്നൽ നൽകിയിരിക്കുന്നു. ഫിലിപ്സ് വാക്യം 13 ഇങ്ങനെ പരാവർത്തനം ചെയ്യുന്നു: "ആവശ്യക്കാരായ സഹ ക്രിസ്തീയ വിശ്വാസികൾക്ക് ഒരിക്കലും പിറുപ റുപ്പ് കൂടാതെ, ഒരു സമയത്തെ ഭക്ഷണമോ കിടക്കയോ സ്വയേച്ഛയോ യാടെ നൽകുക." അതിഥി സൽക്കാരം പുതിയ നിയമ കാലയളവിൽ അന ിവാര്യമായ ഒന്നായിരുന്നു. സത്രങ്ങൾ വളരെ കുറവും ഏറെ ദൂരെ സ്ഥിതി ചെയ്യുന്നതുമായിരുന്നു. ഉണ്ടായിരുന്ന സത്രങ്ങളാകട്ടെ താമസിക്കുന്നതിന് അപകടകരവും വൃത്തിഹീനവുമായിരുന്നു. ഇന്ന് ലോകത്തിലെ മിക്ക ഭാഗങ്ങളിലും ആ സ്ഥിതി മാറിയെങ്കിലും, "അതിഥി സൽക്കാരം" എന്ന വാക്കിലടങ്ങിയിരിക്കുന്ന ഊഷ്മളമായ കരുതലിന്റെ ആവശ്യകത ഇപ്പോഴുമുണ്ട്. അതിഥി സൽക്കാരത്തിനുളള സന്നദ്ധത, മൂപ്പൻമാരുടെ

യോഗ്യതകളിലൊന്നായിരുന്നു (1 തിമൊ. 3:2; തീത്തൊസ് 1:8). എത്രയോ വർഷങ്ങളായി ലോകമെമ്പാടുമുള്ള ക്രിസ്തീയ വിശ്വാസികളുടെ ആതിഥ്യം ആസ്വദിക്കുന്നതിനുള്ള അവസരം എനിക്കും എന്റെ കുടുംബത്തിനും ലഭിച്ചിരിക്കുന്നു – ഞങ്ങളെ ഒരിക്കൽ പോലും കണ്ടിട്ടില്ലാത്ത, ക്രിസ്തുവിൽ ഞങ്ങളുടെ സഹോദരീ-സഹോദരൻമാരുടെ!

അതിഥി സൽക്കാരം ‘‘ആചരിക്കുക’’ എന്ന് ഈ വചനഭാഗം പറയുന്നു. 9:30, 31–ൽ പിന്തുടരുക എന്ന് പരിഭാഷപ്പെടുത്തിയിട്ടുള്ളതിൽ നിന്നാണ് διώκω (*diōkō*) ഉത്ഭവിക്കുന്നത്. AB 12:13 ഇങ്ങനെ പരിഭാഷപ്പെടുത്തുന്നു – ‘‘അതിഥി സൽക്കാരത്തിന്റെ ശീലം പിന്തുടരുക.’’ *ഡിയോക്കോ* ധ്വനിപ്പിക്കുന്നത് അത്യുൽസാഹം നിറഞ്ഞ അനുഷ്ഠിക്കലാണ്.[62] അതിഥി സൽക്കാരപ്രിയം പ്രദർശിപ്പിക്കുന്നതിനായി സ്നേഹം കാത്തു നിൽക്കുന്നില്ല; അത് അത്യുൽസാഹത്തോടെ അവസരങ്ങൾ തേടുകയാണ് ചെയ്യുന്നത്.

## ശത്രുക്കളോടുള്ള മനോഭാവം (12:14-21)

**[14]നിങ്ങളെ ഉപദ്രവിക്കുന്നവരെ അനുഗ്രഹിപ്പിൻ; ശപിക്കാതെ
അനുഗ്രഹിപ്പിൻ. [15]സന്തോഷിക്കുന്നവരോടുകൂടെ സന്തോഷിക്കയും
കരയുന്നവരോടുകൂടെ കരയുകയും ചെയ്വിൻ. [16]തമ്മിൽ ഐകമത്യ
മുള്ളവ രായി വലിപ്പം ഭാവിക്കാതെ എളിയവരോടു ചേർന്നുകൊൾവിൻ;
നിങ്ങളെത്തന്നേ ബുദ്ധിമാന്മാർ എന്നു വിചാരിക്കരുതു. [17]ആർക്കും തിന്മെക്കു
പകരം തിന്മ ചെയ്യാതെ സകലമനുഷ്യരുടെയും മുമ്പിൽ യോഗ്യമായതു
മുൻകരുതി, [18]കഴിയുമെങ്കിൽ നിങ്ങളാൽ ആവോളം സകലമനുഷ്യരേ
ാടും സമാധാനമായിരിപ്പിൻ. [19]പ്രിയമുള്ളവരേ, നിങ്ങൾ തന്നേ പ്രതികാരം
ചെയ്യാതെ ദൈവകോപത്തിന്നു ഇടംകൊടുപ്പിൻ; പ്രതികാരം എനിക്കുള്ളതു;
ഞാൻ പകരം ചെയ്യും എന്നു കർത്താവു അരുളിച്ചെയ്യുന്നു, എന്നാൽ
[20]‘‘നിന്റെ ശത്രുവിന്നു വിശക്കുന്നു എങ്കിൽ അവന്നു തിന്മാൻ കൊടുക്ക;
ദാഹിക്കുന്നു എങ്കിൽ കുടിപ്പാൻ കൊടുക്ക; അങ്ങനെ ചെയ്താൽ നീ
അവന്റെ തലമേൽ തീക്കനൽ കുന്നിക്കും’’ എന്നു എഴുതിയിരിക്കുന്നുവല്ലോ.
[21]തിന്മയോടു തോൽക്കാതെ നന്മയാൽ തിന്മയെ ജയിക്കുക.**

രൂപാന്തരപ്പെട്ട ജീവിതത്തെക്കുറിച്ച് (12:1, 2) ചർച്ച ചെയ്തു കൊണ്ടിരിക്കുമ്പോൾ, റോമയിലെ ക്രിസ്തീയ വിശ്വാസികൾ പരസ്പരം പുലർത്തേണ്ട മനോഭാവത്തിൽ നിന്ന് (12:3–13) ശത്രുക്കളോടുള്ള മനോഭാവത്തിലേക്ക് പൗലൊസ് വ്യതിചലിക്കുകയാണ് (12:14–21). ഈ ഭാഗത്ത് ശ്രദ്ധയൂന്നിയിരിക്കുന്നത് ശത്രുക്കൾ എന്ന വിഷയത്തിലായിരിക്കുമ്പോൾ തന്നെ (12:14, 17–21), സഹ-വിശ്വാസികളെയും (12:15, 16) ‘‘മറ്റെല്ലാ മനുഷ്യരെയും’’ (12:17, 18) സംബന്ധിച്ചുള്ള അനുശാസനം കൂടി ഇതിലടങ്ങുന്നുണ്ട്. ഈ ഭാഗത്ത് വിവരിച്ചിരിക്കുന്ന ജീവിതം, വിശ്വാസത്താൽ നീതീകരിക്കപ്പെടുന്നതിന്റെ *ഒരു സ്വാഭാവിക പരിണാമം* ആയിത്തീരേണ്ടതാണ് എന്ന് തന്റെ വായനക്കാർ മനസ്സിലാക്കണമെന്ന് പൗലൊസ് ആഗ്രഹിച്ചു.

**വാക്യം 14.** എങ്ങനെയാണ് ലോകം തന്നെ അനുഗമിക്കുന്നവരോട് പെരുമാറുക എന്നതിനെക്കുറിച്ച് അമ്പരപ്പിക്കുന്ന ചില പ്രസ്താവനകൾ യേശു തന്റെ വ്യക്തിഗത ശുശ്രൂഷയ്ക്കിടയിൽ നടത്തി. ജനം ‘‘എന്റെ നിമിത്തം നിങ്ങളെ

പഴിക്കയും ഉപദ്രവിക്കയും നിങ്ങളെക്കൊണ്ടു എല്ലാ തിന്മയും കളവായി പറകയും ചെയ്യും'' എന്ന് യേശു തന്റെ ശിഷ്യൻമാരോട് പറഞ്ഞു (മത്തായി 5:11). വീണ്ടും, മനുഷ്യർ ''മനുഷ്യപുത്രൻ നിമിത്തം മനുഷ്യർ നിങ്ങളെ ദ്വേഷിച്ചു ഭ്രഷ്ടരാക്കി നിന്ദിച്ചു നിങ്ങളുടെ പേർ വിടക്കു എന്നു തള്ളും'' എന്നും അവിടുന്ന് പറഞ്ഞു (ലൂക്കൊ. 6:22). ഇത്തരം സാഹചര്യങ്ങളെ ഒരു ക്രിസ്തീയ വിശ്വാസി എങ്ങനെയാണ് കൈകാര്യം ചെയ്യുക? ഒരു ദൈവ പൈതലിന് അത്തരത്തിലുള്ള പ്രതികരണമാണ് ലഭിക്കുന്നതെങ്കിൽ, ആ വ്യക്തി *കരുണയോടെ* പെരുമാറണമെന്ന് പൗലൊസ് പറയുന്നു: **നിങ്ങളെ ഉപദ്രവിക്കുന്നവരെ അനുഗ്രഹിപ്പിൻ;**[63] **ശപിക്കാതെ അനുഗ്രഹിപ്പിൻ**. വാക്യങ്ങൾ 17 മുതൽ 21-ന്റെ അവസാനം വരെയുള്ള വാക്യങ്ങളിൽ വിപുലീകരിക്കപ്പെടുന്ന ഒരു വിഷയം ഈ വാക്കുകൾ തുറക്കുകയാണ്.

''അനുഗ്രഹിക്കുക'' എന്ന പരിഭാഷ വരുന്നത് ''യൂളോജി'' എന്ന പദം നമുക്ക് ലഭിക്കുന്ന εὐλογέω (*eulogeō*) എന്ന പദത്തിൽ നിന്നാണ്. അത് εὐ (*eu*, ''നല്ലത്'', അല്ലെങ്കിൽ ''നന്ന്'') എന്ന വാക്കും λόγος (*logos*) (''വാക്ക്'') എന്ന വാക്കും സംയോജിപ്പിക്കുന്നു. അക്ഷരികമായി ഇത് അർത്ഥമാക്കുന്നു ''ഒരു നല്ല വാക്ക്'' എന്നാണ്.[64] ഒരാളെ ''സ്തുതിക്കുക'' എന്നതിന്റെ അർത്ഥം അയാളെക്കുറിച്ച് "നല്ല വാക്ക് പറയുക" എന്നതാണ്. ഇവിടുത്തെ പശ്ചാത്തലത്തിൽ, യൂളോജിയോ അർത്ഥമാക്കുന്നത് നമ്മോട് മോശമായി പെരുമാറുന്ന വ്യക്തികളെ സംബന്ധിച്ച് ദൈവത്തോട് "നല്ല വാക്ക് പറയുക" എന്നതാണ്. "ശപിക്കുക" എന്ന പരിഭാഷ വരുന്നത് καταράομαι (*kataraomai*) എന്ന പദത്തിൽ നിന്നാണ്. ഇതിൽ ἀρά (*ara*) "ഒര ു ശാപം", κατά (*kata*) കൊണ്ട് തീവ്രമാക്കിയിരിക്കുന്നു. ഇത് പരാമർശിക്കുന്നത് ''ശാപ വാക്കുകൾ'' സംസാരിക്കുന്നതല്ല.[65] "അനുഗ്രഹിക്കുക" എന്നതിന്റെ എതിർ അർത്ഥമാണ് ഇത് നൽകുന്നത്. ദൈവത്തിന്റെ ശാപങ്ങൾ നമ്മെ പീഢിപ്പിക്കു ന്നവരുടെ മേൽ വരുന്നതിന് സംസാരിക്കുക എന്നത് ഇത് സൂചിപ്പിക്കുന്നു. വാക്യം 14-ന്റെ സിഇവി പരിഭാഷ ഇങ്ങനെയാണ്: "നിങ്ങളോട് മോശമായി പെരുമാറുന്ന എല്ലാവരെയും അനുഗ്രഹിക്കുന്നതിന് ദൈവത്തോട് ആവശ്യപ്പെടുക. അവരെ അനുഗ്രഹിക്കുന്നതിനോട് ദൈവത്തോട് പറയുക; ശപിക്കുന്നതിനല്ല." ഇത് യേശുവിന്റെ പഠിപ്പിക്കലിനെ പ്രതിബിംബിപ്പിക്കുന്നു: ''നിങ്ങളെ ശപിക്കുന്നവരെ അനുഗ്രഹിപ്പിൻ; നിങ്ങളെ ദുഷിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിപ്പിൻ" (ലൂക്കൊസ് 6:28; കാണുക മത്തായി 5:44).

ചിലർ എതിർ വാദമുന്നയിച്ചേക്കാം: ''എന്നാൽ അത് അസാദ്ധ്യമാണ്!'' ഇത് *ദുഷ്കരമാണ്,* എന്നാൽ *അസാദ്ധ്യമല്ല*. ''പിതാവേ, ഇവർ ചെയ്യുന്നതു ഇന്നതു എന്നു അറിയായ്കകൊണ്ടു ഇവരോടു ക്ഷമിക്കേണമേ'' (ലൂക്കൊസ് 23:34) എന്ന് പ്രാർത്ഥിച്ചപ്പോൾ യേശു ക്രൂശിൽ ചെയ്തത് അതാണ്. സ്തെഫാനോസ് ചെയ്തതും അതു തന്നെ. അദ്ദേഹത്തെ കല്ലെറിഞ്ഞ് കൊല്ലുകയായിരുന്നപ്പോൾ അദ്ദേഹം പ്രാർത്ഥിച്ചു: ''കർത്താവേ, അവർക്കു ഈ പാപം നിറുത്തരുതേ'' (പ്രവൃ. 7:60). പൗലൊസ് കൊരിന്ത്യ സഭയോട് പറഞ്ഞു: ''ശകാരം കേട്ടു ആശീർവദിക്കുന്നു'' (1 കൊരി. 4:12).

വാക്യം 14 പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കുന്നത് ദൈവ പൈതലിനുണ്ടാകുന്ന പീഢയെക്കുറിച്ചാണ്. എന്നാൽ നമുക്ക് മോശം പെരുമാറ്റം നേരിടേണ്ടി വരുന്ന മറ്റ് സാഹചര്യങ്ങൾക്കും ഇത് ബാധകമാക്കാവുന്നതാണ്. ആളുകൾ മറ്റുള്ളവരോട് എപ്പോഴും ദയാപൂർണ്ണമായി ഇടപഴകാത്ത ഒരു ലോകത്താണ്

നാം ജീവിക്കുന്നത് എന്നതു കൊണ്ടു മാത്രം, ചിലപ്പോൾ ക്രിസ്തീയ വിശ്വാസികൾക്ക് മറ്റുള്ളവരിൽ നിന്ന് മോശം പ്രതികരണം നേരിടേണ്ടി വരുന്നു. അത്തരം സാഹചര്യങ്ങളിൽ, അവിശ്വാസികൾ പലപ്പോഴും ശാപ വചനങ്ങൾ ഉതിർക്കുന്നു – എന്നാൽ ഒരു യഥാർത്ഥ ക്രിസ്തീയ വിശ്വാസി അനുഗ്രഹിക്ക മാത്രം ചെയ്യുന്നു. മോശമായ പെരുമാറ്റം അഭിമുഖീകരിക്കേണ്ടി വരുമ്പോൾ (അതിന്റെ ഉറവിടം ഏതാണെങ്കിലും) ക്രിസ്തീയ വിശ്വാസി, കരുണാപൂർവ്വം പ്രതികരിക്കേണ്ടതാണ്.

**വാക്യം 15.** ക്രിസ്തുവിന്റെ അനുയായിയുടെ മറ്റൊരു സവിശേഷത, *സഹാനുഭൂതി* പ്രദർശിപ്പിക്കുമെന്നുള്ളതാണ്. പൗലൊസ് എഴുതുന്നു, **സന്തോഷിക്കുന്നവരോടുകൂടെ സന്തോഷിക്കയും കരയുന്നവരോടുകൂടെ കരയുകയും ചെയ്‌വിൻ**. നമ്മുടെ സഹ വിശ്വാസികളോടുള്ള നമ്മുടെ ബന്ധത്തിൽ, ഈ അനുശാസനത്തിന് പ്രത്യേകമായ പ്രായോഗികതയുണ്ട്. റോമർ 12-ന്റെ ആദ്യ ഭാഗത്ത്, നാം "ഒരു (ആത്മീയ) ശരീരത്തിൽ (സഭ) നമുക്കു പല അവയവങ്ങൾ ഉണ്ടല്ലോ; എല്ലാ അവയവങ്ങൾക്കും പ്രവൃത്തി ഒന്നല്ലതാനും; അതുപോലെ പലരായ നാം ക്രിസ്തുവിൽ ഒരു ശരീരവും എല്ലാവരും തമ്മിൽ അവയവങ്ങളും ആകുന്നു" (12:4, 5). കൊരിന്ത്യർക്ക് എഴുതുമ്പോൾ പൗലൊസ് ഇങ്ങനെ പറഞ്ഞു: "അതിനാൽ (ശരീരത്തിന്റെ) ഒരു അവയവം കഷ്ടം അനുഭവിക്കുന്നു എങ്കിൽ അവയവങ്ങൾ ഒക്കെയും കൂടെ കഷ്ടം അനുഭവിക്കുന്നു; ഒരു അവയവത്തിന്നു മാനം വന്നാൽ അവയവങ്ങൾ ഒക്കെയുംകൂടെ സന്തോഷിക്കുന്നു" (1 കൊരി. 12:26).

വാക്യം 15, ഒരു സഭയിലെ അംഗങ്ങൾ പരസ്പരം ഒരു ഗാഢബന്ധം ആവശ്യപ്പെടുന്നു. മറ്റ് വിശ്വാസികളോടൊത്ത് എല്ലാ ആഴ്ചയും കർത്തൃ മേശയിൽ പങ്കെടുക്കുന്നതു കൊണ്ട് മാത്രം ഈ ഗാഢബന്ധം നമുക്ക് കൈവരിക്കാനാവില്ല. ഓരോ ആഴ്ചയും നിരവധി പ്രാവശ്യം ആരാധന യ്ക്കായി ഒത്തു കൂടുന്നതു കൊണ്ട് മാത്രം അത് ഉടലെടുക്കുന്നില്ല. ബൈബ ിൾ പഠന ക്ലാസിന് അല്ലെങ്കിൽ ആരാധനയ്ക്ക് മുൻപോ പിൻപോ പരസ്പ രം കുശലാന്വേഷണം നടത്തുന്നതു കൊണ്ടും അത് സംഭവിക്കുന്നില്ല. അത്തരത്തിലൊരു ബന്ധം ഉടലെടുക്കണമെങ്കിൽ, എല്ലാ ക്രിസ്തീയ വിശ്വാ സികളും – മറ്റുള്ളവരോട് സ്വതന്ത്രമായി ഇടപഴകാത്തവർ പോലും – മറ്റൊരു വിശ്വാസിയുടെ ജീവിതത്തിലേക്ക് ആഴത്തിൽ ഇറങ്ങിച്ചെല്ലേണ്ടതുണ്ട്. മറ്റൊര ാളുടെ ജീവിതത്തിലെ ചിരിയും കണ്ണീരുമുണർത്തുന്ന സംഭവഗതികളിൽ നാം ഭാഗഭാക്കായിത്തീരുമ്പോൾ – ജനനവും വിവാഹവും ശവസംസ്കാരവും പേ ാലെ – നാം ഗാഢബന്ധത്തിലായിത്തീരുന്നു.

ക്രിസ്തു ശരീരത്തിൽ നമുക്ക് ഈ ഗാഢബന്ധം എങ്ങനെ ഒരു യാഥാർത്ഥ്യമാക്കിത്തീർക്കാം? ഇവിടുത്തെ കണ്ണായ വാക്കുകൾ, "കരുതൽ", "പങ്കു വെക്കൽ" എന്നിവയാണ്. ക്രിസ്തുവിൽ നമ്മുടെ സഹോദരീ – സഹോദരൻമാരായ വ്യക്തികളുടെ ജീവിതങ്ങളിലെ സംഭവ ഗതികളെക്കുറിച്ച് നാം കരുതലുള്ളവരായിത്തീരേണ്ടതുണ്ട്. കൂടാതെ, നമ്മുടെ ജീവിതത്തിൽ ഉടലെടുക്കുന്ന നല്ലതും മോശവുമായവ, നമ്മുടെ സഹ വിശ്വാസികളുമായി നാം *പങ്കു വെക്കേണ്ടതുമുണ്ട്.*

വാക്യം 15 പ്രധാനമായും സൂചിപ്പിക്കുന്നത് ദൈവമക്കളുമായുള്ള നമ്മുടെ ബന്ധത്തെക്കുറിച്ചാണെങ്കിലും ഈ വചന ഭാഗത്തിന് വിശാലമായ പ്രായോ ഗിക തലമുണ്ട്. ഒരു ക്രിസ്തീയ വിശ്വാസിക്ക്, താനുമായി സമ്പർക്കത്തിൽ

വരുന്ന ജീവിതങ്ങളിലുണ്ടാകുന്ന സംഭവ വികാസങ്ങളെപ്പറ്റി താൽപര്യ മുണ്ടാകേണ്ടതാണ്; അതേ പോലെ തന്നെ, ഗുണപ്രദമായ വിധത്തിൽ തനിക്ക് സ്വാധീനം ചെലുത്തുവാൻ സാധിക്കുന്നവരുടെ ജീവിതങ്ങളിലും. ഒരു വിശ്വാസിക്ക് ചെയ്യുവാൻ കഴിയുന്ന അനുയുക്തമായ ഒരു കാര്യമായതിന ാലാണ് ആ വ്യക്തി അങ്ങനെ ചെയ്യുന്നത്; എന്നാൽ ഇതിന് ഒരു അധിക നേട്ടം കൂടിയുണ്ട്: ആളുകൾ സുവിശേഷത്തോട് പ്രതികരിക്കുന്നതിന് ഏറ്റവും കൂടുതൽ സാദ്ധ്യതയുള്ളത് അവരുടെ ജീവിതങ്ങളിലെ നാടകീയത നിറഞ്ഞ മുഹൂർത്തങ്ങളിലാണ് - അവരുടെ ജീവിതങ്ങളിൽ ചിരിയോ കണ്ണുനീരോ കൊണ്ടു വരുന്ന വേളകളിൽ.

വാക്യം 15-ലെ പൗലൊസിന്റെ ഉപദേശം പിന്തുടരുന്നതിന് ഏറ്റവും വെല്ലുവിളി നേരിടുന്നത്, വ്യക്തിഗതമായ ദുരിതങ്ങളുടെ മദ്ധ്യത്തിലാണ്. നിങ്ങളുടെ ജീവിതത്തിൽ മോശമായവ മാത്രം ഉണ്ടാകുകയുള്ളു എന്ന് തോന്നുമ്പോൾ, മറ്റൊരാളുടെ ജീവിതത്തിൽ എന്തെങ്കിലും ആഹ്ലാദകരമായവ സംഭവിക്കുന്നുവെങ്കിലോ? നിങ്ങൾക്ക് അയാളോടൊത്ത് ആനന്ദിക്കുന്നതിന് സാധിക്കുമോ? ഒരാൾ നിങ്ങളോട് മോശമായി പ്രതികരിച്ചു കൊണ്ടിരിക്കുന്നു വെങ്കിലും അയാൾക്ക് പെട്ടെന്ന് ഒരു ദുരന്തം അഭിമുഖീകരിക്കേണ്ടി വരുന്നുവെങ്കിലോ? അയാളോടൊപ്പം കരയുന്നതിന് നിങ്ങൾക്ക് കഴിയുമോ അതോ "അയാൾ അർഹിക്കുന്നത് അയാൾക്ക് ലഭിച്ചു"വെന്ന് നിങ്ങൾ കരുത ുമോ? ചിലർ ഇങ്ങനെ പ്രതിഷേധിച്ചേക്കാം, "നിങ്ങൾ വിവരിച്ച സാഹചര്യ ങ്ങളിൽ സന്തോഷിക്കുന്നതോ കരയുന്നതോ തികച്ചും അസ്വാഭാവികമാണ്." സത്യമാണ്. അത് അസ്വാഭാവികമാണ്; എന്നാൽ ദൈവത്തിന്റെ സഹായ ത്തോടെ ജഡത്തിന്റെ സ്വാഭാവിക പ്രവണതകൾക്കപ്പുറത്തേക്ക് ഉയരുന്നതാണ് ക്രിസ്തീയ വിശ്വാസികളുടെ മുൻപിലെ വെല്ലുവിളി.

ഒരു ക്രിസ്തീയ വിശ്വാസിക്ക് ആരുടെ ഒപ്പമാണെങ്കിലും അവരുടെ ആഹ്ലാദ നിമിഷങ്ങളിൽ പാടുകയോ കഷ്ടതയുടെ മുഹൂർത്തങ്ങളിൽ അതിൽ പങ്കാളിയാകുകയോ ചെയ്യുന്നതിന് കഴിയേണ്ടതാണ്. ഒരു ക്രിസ്തീയ വിശ്വാസി അനുകമ്പ നിറഞ്ഞവനായിരിക്കണം.

**വാക്യം 16**. പൗലൊസ് അഭിസംബോധന ചെയ്യുന്നത്, വളരെയേറെ ധനമോ അധികാരമോ ഉള്ളതിനാൽ അല്ലെങ്കിൽ കൂടുതൽ നിപുണതയ ുള്ളതിനാൽ അല്ലെങ്കിൽ കൂടുതൽ ഉന്നത വിദ്യാഭ്യാസം നേടിയിട്ടുള്ളതിന ാൽ അല്ലെങ്കിൽ അതേ പോലെ എണ്ണമറ്റ കാരണങ്ങളാൽ, തങ്ങൾ മറ്റുള്ളവരേക്കാൾ മികച്ചവരാണെന്ന് കരുതുന്നവരെയാണ്. സമാനമായി, ക്രിസ്തീയ വിശ്വാസിയായിത്തീർന്നിട്ട് ഏറെക്കാലം പിന്നിട്ടു കഴിഞ്ഞതിന ാലോ വേദപുസ്തകം സംബന്ധിച്ച് ഏറെ അറിവ് നേടിയിട്ടുള്ളതു മൂലമോ സഭയിൽ മറ്റുള്ളവരേക്കാൾ സജീവമായിരിക്കുന്നതു മൂലമോ ഉയർന്ന ഒരു വിശുദ്ധ ജീവിതത്തിനുടമ ആയതിനാലോ, സഭയിലെ മറ്റ് വിശ്വാസികളേക്കാൾ തങ്ങൾക്ക് ശ്രേഷ്ഠതയുണ്ട് എന്ന് വിശ്വസിക്കുന്നവർക്കും നമുക്ക് ഈ വചന ഭാഗം ബാധകമാക്കുവാൻ കഴിയും.

അപ്പൊസ്തലൻ പറഞ്ഞു: **തമ്മിൽ ഐകമത്യമുള്ളവരാകുക**. മറ്റെല്ലാ യിടത്തും "ഐകമത്യമുള്ളവർ" ആയിത്തീരുന്നതിനുള്ള വെല്ലുവിളി, നാം എന്ത് വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു (1 കൊരി. 1:10) എന്നതിൽ യോജിപ്പ് പ്രദർശിപ്പിക്കണമെന്നാണ്. ഇവിടെ, "എല്ലാവരേയും ഒരേ പോലെ കാണുക; ഒരാളോടും പക്ഷവാദിത്വം കാണിക്കാതിരിക്കുക" എന്നതാണ്

അർത്ഥമെന്ന് തോന്നുന്നു. ജെബിയുടെ പരിഭാഷ ഇങ്ങനെയാണ്: ''എല്ലാവരോടും ഒരേ പോലെയുള്ള ദയ പ്രദർശിപ്പിക്കുക.''

ഈ വചനഭാഗം ഇങ്ങനെ തുടരുന്നു, **വലിപ്പം ഭാവിക്കാതെ എളിയവരോടു ചേർന്നുകൊൾവിൻ;** ''വലിപ്പം'' എന്ന പദം ഭാഷാന്തരം ചെയ്തിട്ടുള്ളത്, ''ഉന്നതമായി'' (ὑψηλός, *hupsēlos*) എന്ന് അർത്ഥം നൽകുന്ന ഒരു വിശേഷണത്തിൽ നിന്നാണ്. ഗ്രീക്ക് പ്രയോഗത്തിന്റെ ആക്ഷരികാർത്ഥം ''പൊക്കത്തിൽ (കാര്യങ്ങൾ) ചിന്തിക്കരുത്'' (കെജെവി കാണുക); ''കാര്യങ്ങൾ'' എന്നുള്ളത് അധികമായി ചേർത്തിട്ടുള്ളതാണ്. ഇവിടെ ''ആളുകൾ'' എന്ന് ചേർക്കണമെന്ന് ചിലർ കരുതുന്നു. എൽബി പരാവർത്തനം ചെയ്യുന്നത് ''പ്രധാനപ്പെട്ട ആളുകളുടെ പ്രസാദം തേടി നടക്കരുത്; എന്നാൽ സാധാരണക്കാരായ വ്യക്തികളുടെ സഹവാസം ആസ്വദിക്കുക.'' വിവേചനപരമായ സമീപനം ഇന്നത്തെപ്പോലെ പൗലൊസിന്റെ കാലത്തും നിലനിന്നിരുന്നു. ഒരു സഭാ കൂട്ടായ്മയിൽ ഒരു ധനികനായ വ്യക്തിയോടും ദരിദ്രനായ വ്യക്തിയോടും മറ്റുള്ളവർ എങ്ങനെ വ്യത്യസ്തമായി പെരുമാറിയേക്കാം എന്ന് യാക്കോബ് പരാമർശിക്കുന്നുണ്ട് (യാക്കോബ് 2:1–9).

ഒന്നാം നൂറ്റാണ്ടിലെ മിക്ക സഭകളിലും ഒരു പക്ഷേ ഒരു വലിയ സംഖ്യയിൽ ദരിദ്രരായ അംഗങ്ങൾ ഉണ്ടായിരുന്നു (1 കൊരി. 1:26–28). കൂടുതലായി, യജമാനൻമാരും അടിമകളും ഒരേ പോലെ ക്രിസ്തീയ വിശ്വാസികളായിത്തീർന്നിരുന്നു (എഫെ. 6:5–9; കൊലൊ. 3:22–4:1). ജീവിതത്തിലാദ്യമായി യജമാനനും അടിമയും കൂട്ടായ്മകളിൽ തൊട്ടടുത്തായി ഇരിക്കുകയും കർത്തൃമേശയിൽ പങ്കുചേരുകയും ചെയ്തപ്പോൾ രണ്ടു വ്യക്തികളും കടന്നുപോയ വൈകാരിക സംക്ഷോഭം നിങ്ങൾക്ക് അനുമാനിക്കാമോ?

''എളിയവരോട്'' എന്നതിന് പകരം, എളിയ (കാര്യങ്ങൾ) എന്നാണ് അർത്ഥമാക്കുന്നത് എന്ന് ചിലർ കരുതുന്നു. ടിഇവി നൽകുന്ന പരിഭാഷ ''എളിയ കർത്തവ്യങ്ങൾ'' എന്നാണ്. എൻഐവി പരിഭാഷയിൽ അടിക്കുറിപ്പിലായി മറ്റൊരു പരിഭാഷയും നൽകുന്നു: ''ഏറ്റവും താഴ്ന്ന പണികൾ ചെയ്യുന്നതിനുള്ള സന്നദ്ധത.'' പൗലൊസ് ഉദ്ദേശിച്ച അർത്ഥം ഇതായിരിന്നുവെങ്കിലും അല്ലെങ്കിലും, ഒരു യാഥാർത്ഥ്യം നമുക്ക് ചിന്തയ്ക്ക് വക നൽകുന്നതാണ്. ഏറ്റവും താഴ്ന്നതെന്ന് പരിഗണിക്കപ്പെടുന്ന ജോലികൾ ചെയ്യുന്നത് നമുക്ക് അന്തസ്സിന് യോജിക്കുന്നതല്ല എന്ന് നാം ഒരിക്കലും കരുതരുത്. യേശു തന്റെ ശിഷ്യൻമാരുടെ കാലുകൾ കഴുകിയപ്പോൾ ഒരു അടിമയുടെ ജോലിയാണ് ചെയ്തത് (യോഹ. 13:5–17). പൗലൊസ് പലപ്പോഴും തന്റെ കൈകൾ കൊണ്ട് ജോലിയെടുത്തു (പ്രവൃ. 18:3; 1 കൊരി. 4:12). ലോകത്തിലുടനീളം, പല ക്രിസ്തീയ ശുശ്രൂഷകൻമാരായ വ്യക്തികളും ആഴ്ച മുഴുവനും ''ലൗകീകമായത്'' എന്ന് വിളിക്കപ്പെടുന്ന തൊഴിലിലേർപ്പെടുന്നു – ഞായറാഴ്ചകളിൽ ക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിക്കുന്നതിനായി.

വാക്യം 16 അവസാനിപ്പിക്കുന്നത് ഈ അനുശാസനത്തോടെയാണ്: **നിങ്ങളെത്തന്നേ ബുദ്ധിമാന്മാർ എന്നു വിചാരിക്കരുതു** (കാണുക സദൃ. 3:7). ''എല്ലാം അറിയാം'' എന്നുള്ള ഭാവത്തോടെ എത്തുന്ന ചിലർ നിങ്ങൾക്ക് പരിചിതരായിരിക്കുമല്ലോ? വിഷയം എന്തു തന്നെയാകട്ടെ, താൻ ആ വിഷയത്തിലെ ''അവസാന വാക്കാ'' ണ് എന്ന് മറ്റുള്ളവരെ ബോദ്ധ്യപ്പെടുത്തുന്നതിന് ഇക്കൂട്ടർ വെമ്പൽ കൂട്ടുന്നു. അത്തരം വ്യക്തികളെ നാം സാധാരണയായി അവഗണിക്കുന്നതിന് ശ്രമിക്കും. മോറിസ് ഇതിനെക്കുറിച്ച്

പറയുന്നു: ‘‘സ്വന്തം കണ്ണിൽ ജ്ഞാനിയാണെന്ന് തോന്നലുള്ള വ്യക്തി, മറ്റുള്ളവരുടെ കണ്ണിൽ അപൂർവ്വമായേ അങ്ങനെയാകാറുള്ളു.’’[66] എങ്കിൽ ത്തന്നെയും, പൗലൊസിന്റെ ഉദ്ദേശ്യം മറ്റുള്ളവരുടെ നേർക്ക് ചൂണ്ടു വിരൽ ഉയർത്തുകയല്ല; മറിച്ച് സ്വയ പരിശോധന നടത്തുകയെന്നതാണ്. നാം സംസാരിക്കുന്നത്, വേദപുസ്തകാടിസ്ഥാനത്തിലുള്ള ജ്ഞാന ത്തെക്കുറിച്ചാ ണെങ്കിലും ലളിതമായ സാമാന്യ ബുദ്ധിയെക്കുറിച്ചാണെങ്കിലും, യഥാർത്ഥത്തിൽ ജ്ഞാനമുള്ള ഒരു വ്യക്തി, തനിക്ക് അറിയാത്ത ഒട്ടേറെ കാര്യങ്ങൾ ഇനിയുമുണ്ടെന്നതിനെക്കുറിച്ചും ഇനിയും ഏറെ മനസ്സിലാക്കാന ുണ്ടെന്നതിനെ ക്കുറിച്ചും നന്നായി ബോധവാനായിരിക്കും.

ഒരു ക്രിസ്തീയ വിശ്വാസി *വിനയാന്വിതനായിരിക്കണം.* സഹ വിശ്വാസി കളോട് ഇടപെടുമ്പോഴായാലും വിശ്വാസികളല്ലാത്തവരോടാണെങ്കിലും ഇത് ബാധകമാണ്. ഒരു വിശ്വാസി എല്ലാവരേയും സ്വീകരിക്കുകയും മറ്റുള്ളവ രേക്കാൾ ഉത്തമനാണ് താൻ എന്നൊരു ധാരണ മറ്റുള്ളവരിൽ ബോധപൂർവ്വം സൃഷ്ടിക്കുന്നതിന് ഒരിക്കലും ശ്രമിക്കാതിരിക്കുകയും ചെയ്യുന്നു. സ്റ്റോട്ട് പറഞ്ഞു: ‘‘ചില തരത്തിലുള്ള അഹന്ത, പൊങ്ങച്ചത്തേക്കാൾ വഷളായത ാണ്.’’[67]

ഒരു പക്ഷേ ഇവിടെയൊരു നിരാകരണത്തിന്റെ ആവശ്യമുണ്ട്: ‘‘സ്വീകരിക്കുക എന്നതിന്റെ അർത്ഥം അംഗീകരണം എന്നല്ല.’’[68] മറ്റുള്ള വരുടെ വിശ്വാസങ്ങളും ജീവിത ശൈലികളും അംഗീകരിക്കാതെ തന്നെ നമുക്ക് മറ്റുള്ളവരോട് ആദരവ് കാണിക്കുന്നതിന് കഴിയും. യേശു “പാപികളുടെ ... സ്നേഹിതൻ” (മത്തായി 11:19) ആയിരുന്നു, എന്നാൽ യേശു അവർക്ക് മുൻപിൽ വെച്ച വെല്ലുവിളി “ഇനി മുതൽ പാപം ചെയ്യരുത്” (യോഹ 8:11) എന്നായിരുന്നു.

**വാക്യം 17**. ഈയൊരു ബിന്ദുവിൽ, വിഷയം ശത്രുക്കളിലേക്ക് മാറുന്നു (കാണുക 12:14). വാക്യം 17 ആരംഭിക്കുന്നത് ഒരു നിഷേധാത്മക പ്രസ്താവനയോടു കൂടിയാണ്: **ആർക്കും തിന്മെക്കു പകരം തിന്മ ചെയ്യരുത്**. സ്വയ – പരിരക്ഷണം ഏറ്റവും അടിസ്ഥാനപരമായ ഒരു സഹജവാസനയാണ്. ആരെങ്കിലും നമ്മോട് മോശമായി പെരുമാറുന്നുവെങ്കിൽ, നാം പ്രത്യാക്രമണം നടത്തുന്നതിന് ആഗ്രഹിക്കും.[69] മറ്റൊരു കുട്ടിയുമായി വഴക്കു കൂടിയിട്ട്, ഒരു കുട്ടി പറയുന്നു, “എന്നാൽ അവനാണ് എന്നെ ആദ്യം ഇടിച്ചത്!” – എതിര ാളിയെ അടിച്ചതിന് ന്യായീകരണം നൽകാനെന്ന പോലെ. അനേകം പേ രും ഈയൊരു മനോഗതി ഉപേക്ഷിച്ച് വളരാറില്ല. വാക്യം 2–ൽ, പൗലൊസ് പറഞ്ഞു, “ഈ ലോകത്തിന് അനുരൂപപ്പെടരുത് ...” “തിന്മെക്കു പകരം തിന്മ ചെയ്യാതിരിക്കുന്നതിനായി” ലോക നിയമങ്ങളോട് അനുരൂപപ്പെടാതെയിരി ക്കുന്നത് എത്ര വൈഷമ്യകരമാണ്!

ഈ വിഷയത്തിൽ നമ്മെ അമ്പരപ്പിക്കുന്ന കർത്തൃവചനം നമുക്ക് ചിന്തിക്കാം:

> കണ്ണിനു പകരം കണ്ണും പല്ലിനു പകരം പല്ലും എന്നു അരുളിച്ചെയ്തതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഞാൻ നിങ്ങളോടു പറയുന്നതു: ദുഷ്ടനോടു എതിർക്കരുതു; നിന്നെ വലത്തെ ചെകിട്ടത്തു അടിക്കുന്നവന്നു മറ്റേതും തിരിച്ചുകാണിക്ക. നിന്നോടു വ്യവഹരിച്ചു നിന്റെ വസ്ത്രം എടുപ്പാൻ ഇച്ഛിക്കുന്നവനു നിന്റെ പുതപ്പും വിട്ടുകൊടുക്ക. ഒരുത്തൻ നിന്നെ ഒരു

> നാഴിക വഴി പോകുവാൻ നിർബ്ബന്ധിച്ചാൽ രണ്ടു അവനോടുകൂടെ പോക (മത്തായി 5:38-41).

എതിരാളികളെ തിരിച്ച് ആക്രമിക്കാത്ത ഈ തത്വത്തെ ഡഗ്ലസ് ജെ. മൂ വിശേഷിപ്പിച്ചത്, "ക്രിസ്തീയ വിശ്വാസികളായവരെ വേർതിരിച്ചു കാട്ടുന്ന എല്ലാ സവിശേഷതകളിലും ഏറ്റവും വേറിട്ടത്" എന്നാണ്.[70]

പൗലൊസിന്റെ ഉപദേശത്തിന് ഒഴിവാക്കൽ ഉണ്ടോ? അദ്ദേഹം പറഞ്ഞു, "*ആർക്കും* തിന്മെക്കു പകരം തിന്മ ചെയ്യരുത്" (പ്രത്യേക ഊന്നൽ നൽകിയിരിക്കുന്നു). ഗ്രീക്ക് വചന ഭാഗത്തും, "ആർക്കും" എന്നുള്ളത് വാക്യത്തിന്റെ ആദ്യം തന്നെയാണ് പ്രത്യക്ഷപ്പെടുന്നത്. ആ വാക്കിന് ഊന്നൽ നൽകുന്നതിന് വേണ്ടിയാണിത്. നമ്മിൽ ഭൂരിഭാഗം പേർക്കും എത്ര വലിയൊരു പരീക്ഷ തന്നെയാണിത്!

നാം തിന്മെക്കു പകരം തിന്മ ചെയ്യരുതെന്നാണെങ്കിൽ, മറ്റുള്ളവർ നമ്മോട് മോശമായി പെരുമാറുമ്പോൾ നാം എന്താണ് ചെയ്യേണ്ടത്? പൗലൊസ് പറഞ്ഞു, **"സകലമനുഷ്യരുടെയും മുമ്പിൽ യോഗ്യമായതു മുൻകരുതുക."** "യോഗ്യമായത്" എന്ന പദം ഭാഷാന്തരം ചെയ്തിരിക്കുന്നത് καλός (*kalos*) എന്ന പദ രൂപത്തിൽ നിന്നാണ്. "നൈസർഗ്ഗികമായി 'നല്ലത്' ആയത്" എന്ന് ഇത് സൂചിപ്പിക്കുന്നു. ഈ വാക്യത്തിൽ, അത് അർത്ഥമാക്കുന്നത്, "ധാർമ്മികമായി നല്ലത്, ശരിയായത്, ഉത്തമമായത്, ആദരണീയമായത്" എന്നൊക്കെയാണ്.[71] മറ്റുള്ളവർ എങ്ങനെ പ്രതികരിച്ചാലും, ഒരു ക്രിസ്തീയ വിശ്വാസി ഒരു നല്ല മാതൃകയായിത്തീരുന്നതിന് പരിശ്രമിക്കുന്നു. മറ്റൊരിടത്ത് പൗലൊസ് ഇങ്ങനെ എഴുതി: "ഞങ്ങൾ കർത്താവിന്റെ മുമ്പാകെ മാത്രമല്ല മനുഷ്യരുടെ മുമ്പാകെയും യോഗ്യമായതു (*കാലോസ്*-ൽ നിന്ന്) മുൻകരുതുന്നു" (2 കൊരി. 8:21).

ഫിലിപ്സിന്റെ പരിഭാഷ വാക്യം 17-ന്റെ അന്ത്യ ഭാഗം ഇങ്ങനെ നൽകുന്നു: "ആളുകൾ എന്തു പറയുന്നുവെന്നതിൽ പ്രശ്നമില്ല എന്ന് പറയരുത്." ഒരു ക്രിസ്തീയ വിശ്വാസിക്ക് "ആളുകൾ എന്തു പറയുന്നുവെന്നതിൽ പ്രശ്ന മില്ല" എന്ന് പറയേണ്ടി വരുന്ന സാഹചര്യങ്ങൾ ഉണ്ടാകാം. ഉദാഹരണമായി, ആ വ്യക്തിയുടെ വിശ്വാസത്തിന്റെയും ഉറച്ച നിർണ്ണയങ്ങളുടെയും പേരിൽ. സാധാരണയായി, ഒരു ക്രിസ്തീയ വിശ്വാസി അധിക്ഷേപങ്ങൾക്കപ്പുറത്തുള്ള ഒരു ജീവിതം നയിക്കുന്നതിന് പരിശ്രമിക്കണം. ഫിലിപ്സ് ഇങ്ങനെ കൂട്ടിച്ചേർക്കുന്നു, "നിങ്ങളുടെ പൊതുവായുള്ള പെരുമാറ്റം വിമർശനത്തിന് അതീതമായിരിക്കുന്നുവെന്ന് ഉറപ്പു വരുത്തുക."

**വാക്യം 18**. അടുത്തതായി, എല്ലാവരോടും സമാധാനത്തോടെ കഴിയുന്നതിന് - നമ്മെ ഉപദ്രവിക്കുന്നതിന് ശ്രമിക്കുന്നവരുമായി പോലും - നമുക്ക് ചെയ്യുവാൻ സാധിക്കുന്നതെല്ലാം ചെയ്യണമെന്ന് പൗലൊസ് പറഞ്ഞു. വാക്യം 18 പറയുന്നു, **കഴിയുമെങ്കിൽ നിങ്ങളാൽ ആവോളം സകലമനുഷ്യരോടും സമാധാനമായിരിപ്പിൻ**. വാക്യം 17-ലെപ്പോലെ, അപ്പൊസ്തലൻ തന്റെ നിർദ്ദേശം സമഗ്രതയോടെ അവതരിപ്പിക്കുകയാണ്: "*സകലമനുഷ്യരോടും* സമാധാനമായിരിപ്പിൻ."

ചിലർ തീർച്ചയായും പ്രതിഷേധിക്കും: "എന്നാൽ അത് അസാദ്ധ്യമാണ്!" പൗലൊസ് ഇത്തരമൊരു പ്രതിഷേധം മുൻകൂട്ടിക്കണ്ടിരുന്നതു കൊണ്ടാവാം, അദ്ദേഹം പറഞ്ഞത്: "കഴിയുമെങ്കിൽ ..." ചിലപ്പോൾ, സമാധാനം

പുലർത്തുന്നതിന് നൽകേണ്ടി വരുന്നതിന്റെ വിലയായി, സത്യവും ഉത്കൃഷ്ടതയും മുറുകെപ്പിടിക്കുന്നതിൽ വിട്ടുവീഴ്ച ആവശ്യപ്പെടുന്ന സാഹചര്യങ്ങളിൽ സമാധാനം പാലിക്കുക അസാദ്ധ്യമായിത്തീരുന്നു – കാരണം അത് വളരെയേറെ ഉയർന്നൊരു വിലയാണ്. മറ്റ് ചില സമയങ്ങളിൽ, നമുക്ക് എതിരേയുള്ള വ്യക്തി അനുരഞ്ജനം പാലിക്കുന്നതിനെതിരെ പ്രവർത്തിക്കുന്നതിനാൽ സമാധാനം പാലിക്കുക അസാദ്ധ്യമായിത്തീരുന്നു.

ഇത് നമ്മെ പൗലൊസ് ചൂണ്ടിക്കാട്ടുന്ന രണ്ടാമത്തെ വ്യവസ്ഥയിലേക്ക് നയിക്കുന്നു: ''*നിങ്ങളാൽ* ആവോളം.'' ജോൺ കാച്ചെൽമാൻ അഭിപ്രായപ്പെട്ടു: ''നമ്മുടെ ബന്ധങ്ങൾ കെട്ടിപ്പടുക്കുന്നതിന് പകുതിയോളം മാത്രമേ നമുക്ക് ഉത്തരവാദിത്വമുള്ളു.''[72] മറ്റൊരു വ്യക്തി എന്തു ചെയ്യുന്നതിലോ എങ്ങനെ പ്രതികരിക്കുമെന്നതിലോ നമുക്ക് നിയന്ത്രണമില്ല. എങ്കിലും, ആ വ്യക്തി നമ്മോട് പ്രതികരിക്കുന്നുവെങ്കിലും ഇല്ലെങ്കിലും, സമാധാനം നില നിർത്തുന്നതിന് നമുക്ക് കഴിയുന്നതെല്ലാം നാം ചെയ്യേണ്ടതാണ്. ഗിരിപ്രഭാഷണത്തിൽ യേശു ഇങ്ങനെ പറഞ്ഞു, "സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാൻമാർ, അവർ ദൈവത്തിന്റെ പുത്രൻമാർ എന്ന് വിളിക്കപ്പെടും" (മത്തായി 5:9).

പൗലൊസ് ഈ രണ്ട് വ്യവസ്ഥകൾ – ''കഴിയുമെങ്കിൽ'', ''നിങ്ങളാൽ ആവോളം'' എന്നിവ – സമാധാനം നിലനിർത്തുന്നതിൽ നമുക്ക് ചെയ്യാൻ കഴിയുന്നതെല്ലാം ചെയ്യാതിരിക്കുന്നതിന് ഒരു മുടന്തൻ ന്യായമായല്ല മുൻപേ ാട്ടു വെക്കുന്നത്. ''നിങ്ങൾ മുൻകോപിയായ വ്യക്തിയാണെങ്കിലും അതിൽ മാറ്റം വരുത്തുന്നതിന് നിങ്ങൾക്കൊന്നും ചെയ്യുവാൻ സാധിക്കില്ലെങ്കിലും, ശരി കുഴപ്പമില്ല''; അല്ലെങ്കിൽ ''നിങ്ങൾ അൽപ്പം പരിശ്രമം നടത്തി നോക്കിയെങ്കിൽ ശരി, അത്ര മാത്രമാണ് ദൈവം പ്രതീക്ഷിക്കുന്നത്'' എന്ന് അല്ല പൗലൊസ് പറയുന്നത്. ''എല്ലാ മനുഷ്യരോടും സമാധാനം ആചരിക്കുന്നതിന്'' നമ്മുടെ കഴിവിലുള്ള എല്ലാം ചെയ്യുന്നതിനായി പൗലൊസ് നമുക്ക് മുൻപിൽ ഒരു വെല്ലുവിളി ഉയർത്തുകയാണ്.''

ആരെങ്കിലും ഇങ്ങനെ ചിന്തിച്ചേക്കാം. ''ഞാൻ തിന്മെക്കു പകരമായി തിന്മ ചെയ്യുന്നില്ലാത്ത പക്ഷം, എന്റെ ശത്രുക്കൾ എന്നെ ഉപദ്രവിക്കുന്നതിനുള്ള അവസരങ്ങൾ മുതലെടുക്കും.'' ഒരു പക്ഷേ ഇത് ശരിയാവാം. മറ്റൊരാൾ ഇങ്ങനെ പ്രതിഷേധിക്കും, ''ഞാൻ തിന്മെക്കു പകരമായി തിന്മ ചെയ്യുന്നില്ലെങ്കിൽക്കൂടിയും, എന്റെ ശത്രുക്കൾ അപ്പോഴും എന്നോട് വിദ്വേഷം പുലർത്തും.'' ഇതിന് ഒരു സാദ്ധ്യതയുണ്ട്. എന്നാൽ ആ വിദ്വേഷം *അവരുടെ* പ്രശ്നമാണ്. പൗലൊസ് പറഞ്ഞത്, സമാധാനം കൊണ്ടു വരുന്നതിനായി നമുക്ക് ചെയ്യുവാൻ കഴിയുന്നത് നാം ചെയ്യണമെന്നാണ്.

ഒരു ക്രിസ്തീയ വിശ്വാസിക്ക്, വിദ്വേഷം പുലർത്തുന്ന ഒരു വ്യക്തിയെ എങ്ങനെ സ്നേഹിക്കുവാൻ കഴിയും? അയാളുമായി *സമാധാനത്തിൽ കഴിയുന്നതിന്* ശ്രമിച്ചു കൊണ്ടിരിക്കുന്നതിലൂടെ.

**വാക്യം 19**. വാക്യങ്ങൾ 19, 20 എന്നിവയിൽ, മറ്റുള്ളവർ നമുക്ക് ഹാനി വരുത്തുവാൻ ശ്രമിക്കുന്നുവെങ്കിൽപ്പോലും അവരെ സഹായിക്കുന്നതിനുള്ള ഒരു വെല്ലുവിളി നമുക്ക് മുൻപിൽ പൗലൊസ് വെക്കുകയാണ്. നിഷേധാത്മകമായ ഒരു പ്രസ്താവനയോടെയാണ് വീണ്ടും പൗലൊസ് അത് ആരംഭിക്കുന്നത്: **പ്രിയമുള്ളവരേ, നിങ്ങൾ തന്നേ പ്രതികാരം ചെയ്യരുത്**. 1:7–ന് ശേഷം ആദ്യമായി പൗലൊസ് തന്റെ വായനക്കാരെ ''പ്രിയമുള്ളവരേ'' എന്ന് അഭിസംബോധന ചെയ്യുകയാണ്. ഇങ്ങനെ പരിഭാഷപ്പെടുത്തിയിട്ടുള്ള

വാക്ക്, *അഗാപെ* കുടുംബത്തിലെ വാക്കുകളിൽ നിന്ന് വരുന്നതാണ് ἀγαπητός (*agapētos*).[73] എന്തു കൊണ്ടാണ് അദ്ദേഹം ഈ പ്രയോഗം ഉപയോഗിച്ചത്? തന്റെ ചർച്ച സത്യസന്ധമായ "സ്നേഹ" (*അഗാപെ*) - ത്തിൽ ആധാരിതമാണ് (12:9) എന്ന് അദ്ദേഹം ഊന്നിപ്പറയുകയായിരുന്നിരിക്കാം. ഒരു പക്ഷേ, താൻ മുന്നോട്ടു വെക്കുന്ന ഉപദേശങ്ങൾ പാലിക്കുന്നതിൽ തന്റെ സഹോദരീ-സഹോദരൻമാർ നേരിടേണ്ടി വരുന്ന സംഘർഷമോർത്ത അദ്ദേഹത്തിന്റെ ഹൃദയം സ്നേഹ തരളിതമായിരുന്നിരിക്കാം.

വർഷങ്ങൾക്ക് മുൻപ്, ഫ്രാൻസിസ് ബേക്കൺ (1561-1626) എഴുതി, ‘‘പ്രതികാരം ചെയ്യുന്ന ഒരു വ്യക്തി തന്റെ ശത്രുവിന് തുല്യനാണ്; എന്നാൽ അത് ഉപേക്ഷിച്ചു കളയുന്ന വ്യക്തിയാകട്ടെ എതിരാളിയേക്കാൾ ശ്രേഷ്ഠനാണ്.’’[74] ഡേയ്ൽ ഹാർട്ട്മാൻ ചൂണ്ടിക്കാട്ടുന്നത് നമ്മെ എതിർക്കുന്നവരോട് നാം പക വീട്ടുന്നതിന് ശ്രമിക്കുമ്പോൾ നാം ഇരട്ട തോൽവിയടയുകയാണ് എന്നാണ്; ആദ്യം നാം മോശമായ പെരുമാറ്റത്തിന് ഇരയായിത്തീരുമ്പോൾ നാം, പരാജയപ്പെടുന്നു. രണ്ടാമതായി (ഇത് കൂടുതൽ ഗൗരവതരമാണ്), നാം ദൈവത്തിന്റെ കൽപ്പന നിരസിക്കുമ്പോൾ, നാം ആത്മീയമായി പരാജയപ്പെടുന്നു.[75]

മറ്റൊരാൾ ഇങ്ങനെ പ്രതിഷേധിച്ചേക്കാം, ‘‘എന്നാൽ ഞാൻ സ്വയം പ്രതിരോധിച്ചില്ലെങ്കിൽ, ഞാൻ ദുർബലനാണെന്ന് ആളുകൾ കരുതും.’’ ഇത് ഒരു പക്ഷേ ശരിയായിരിക്കാം; എന്നാൽ നാം ഇതും ചിന്തിക്കേണ്ടതുണ്ട്: ഒരാൾക്ക് തിരിച്ചടിയ്ക്കുന്നതിന് മാർഗ്ഗങ്ങളുണ്ടെങ്കിൽ, ആ ശക്തി ഉപയോഗിച്ച് പ്രതികാരം ചെയ്യുന്നതിനേക്കാൾ പ്രതികാരം *ചെയ്യാതിരിക്കു ന്നതിന്* കൂടുതൽ വ്യക്തിഗത മായ ശക്തി ആവശ്യമാണ്. യേശു ക്രൂശിലായിരുന്നപ്പോൾ, കാഴ്ചക്കാർ കർത്താവിനെ പരിഹസിച്ചു: ‘‘ദൈവപുത്രൻ എങ്കിൽ ക്രൂശിൽ നിന്ന് ഇറങ്ങി വരൂ’’ (മത്തായി 27:40). യേശുവിന് ക്രൂശിൽ നിന്ന് ഇറങ്ങി വരികയും തന്റെ ശത്രുക്കളെ നിഷ്പ്രഭരാക്കുകയും ചെയ്യുന്നതിന് കഴിയുമായിരുന്നു. എന്നാൽ, പകരം *തിരിച്ചടിയ്ക്കാതെ* തന്റെ ശക്തി യേശു പ്രദർശിപ്പിച്ചു.

ദുഷ്ടർ ശിക്ഷിക്കാതെ പോകണമെന്നാണോ ഇത് അർത്ഥമാക്കുന്നത്? അല്ല തന്നെ. ശിക്ഷ നടപ്പിലാക്കുന്ന കാവൽഭടൻമാരല്ല നാം എന്ന് മാത്രമേ അത് അർത്ഥമാക്കുന്നുള്ളു. എങ്കിൽ, ദുഷ്ടത പ്രവർത്തിക്കുന്നവർക്ക് ശിക്ഷ ലഭിക്കുമോ? ഈ വചനഭാഗം തുടർന്ന് വായിക്കുമ്പോൾ നമുക്ക് അതിന്റെ ഉത്തരം ലഭിക്കുന്നു.

പ്രതികാരം ചോദിക്കുന്നതിന് പകരം, **പ്രതികാരം ചെയ്യാതെ ദൈവകോപത്തിന്നു ഇടംകൊടുക്കുക** [ὀργή, *orgē*]. ഗ്രീക്ക് വചന ഭാഗത്തിൽ, ‘‘ദൈവത്തിന്റെ’’ കോപത്തിന് എന്ന വാക്കുകൾ ഇല്ല. ‘‘കോപത്തിന് ഇടം കൊടുക്കുക’’ എന്ന് മാത്രമേ അത് പറയുന്നുള്ളു (കെജെവി കാണുക). എങ്കിലും, തുടർന്നുള്ള വചനത്തിലൂടെ അത് ദൈവത്തിന്റെ ക്രോധത്തെക്കുറിച്ചാണ് പൗലൊസ് വ്യക്തമാക്കുന്നത്:[76] **പ്രതികാരം എനിക്കുള്ളതു; ഞാൻ പകരം ചെയ്യും എന്നു കർത്താവു അരുളിച്ചെയ്യുന്നു.** സിജെബി ഇങ്ങനെ പരിഭാഷപ്പെടുത്തുന്നു: ‘‘പ്രതികാരം എന്റെ ഉത്തരവാദിത്വമാണ്; ഞാൻ പകരം ചെയ്യും.’’ ഈ വചനം ആവർത്തനം 32:35-നെ സൂചിപ്പിക്കുന്നുവെങ്കിലും മസോറെക്ടിക് വചനഭാഗത്തോടോ LXX-നോടോ പൗലൊസിന്റെ വാക്കുകൾ കൃത്യമായി യോജിക്കുന്നില്ല (കാണുക എബ്രാ. 10:30).

പൗലൊസ് രണ്ട് തരത്തിലുള്ള വൈരുദ്ധ്യങ്ങൾ കാണിക്കുന്നു: വാക്യം 17-ൽ അദ്ദേഹം പറഞ്ഞു, ''തിൻമയ്ക്ക് പകരം തിൻമ ചെയ്യരുത്.'' എന്തു കൊണ്ട്? കാരണം ആ ജോലി ദൈവം നിർവ്വഹിക്കും. ''*ഞാൻ* പകരം ചെയ്യും'' എന്ന് ദൈവം പറയുന്നു. വാക്യം 19-ന്റെ ആദ്യ ഭാഗത്ത്, നാം പ്രതികാരം (ἐκδικέω, *ekdikeō*) ചെയ്യരുത് എന്ന് പൗലൊസ് പറഞ്ഞു. ഈ വാക്യത്തിന്റെ അന്തിമ ഭാഗത്ത്, അത് എന്തു കൊണ്ടാണ് എന്ന് അദ്ദേഹം പറയുന്നു: വീണ്ടും, ആ ജോലി ദൈവം നിർവ്വഹിക്കും. ''പ്രതികാരം [ἐκδίκησις, *ekdikēsis*] എനിക്കുള്ളതു; *ഞാൻ* പകരം ചെയ്യും ...'' എന്നു കർത്താവു അരുളിച്ചെയ്യുന്നു.

ദൈവം ദുഷ്ടതയ്ക്ക് എങ്ങനെയാണ് പകരം ചോദിക്കുക? റോമാ ലേഖനത്തിൽ മൂന്ന് മാർഗ്ഗങ്ങൾ ചൂണ്ടിക്കാട്ടുന്നുണ്ട്:

ചില ശിക്ഷകൾ പാപത്തിന്റെ സ്വാഭാവിക അനന്തരഫലമായി വരുന്നു. ചിലർ ''തങ്ങളുടെ വിഭ്രമത്തിന്നു യോഗ്യമായ പ്രതിഫലം തങ്ങളിൽ തന്നേ പ്രാപിച്ചു'' (1:27). ജിമ്മി അലൻ ഇങ്ങനെ എഴുതി: ''ദുഷ്ടത പ്രവർത്തിക്കുന്നവർ അവരുടെ പാപത്തിന് ഇപ്പോൾ ശിക്ഷിക്കപ്പെടുന്നതിനേക്കാൾ, പാപത്താൽ ശിക്ഷിക്കപ്പെടുന്നു.''[77]

ചിലപ്പോൾ ശിക്ഷ മാനുഷിക കോടതികളിൽ വിധിക്കപ്പെടാറുണ്ട്. മാനുഷിക ഭരണകൂടങ്ങൾ തന്റെ ശുശ്രൂഷക്കാരായി ദൈവം സ്ഥാപിച്ചിരിക്കുന്നുവെന്ന് അദ്ധ്യായം 13 ചൂണ്ടിക്കാട്ടുന്നു, ''നിന്റെ നന്മയ്ക്കായിട്ടല്ലോ അവൻ ദൈവശുശ്രൂഷക്കാരനായിരിക്കുന്നതു; ... അവൻ ദോഷം പ്രവർത്തിക്കുന്നവന്റെ ശിക്ഷയ്ക്കായി പ്രതികാരിയായ ദൈവശുശ്രൂഷക്കാരൻ തന്നേ'' (13:4).

തീർച്ചയായും, പശ്ചാത്തപിക്കാത്ത വ്യക്തികൾക്ക് അന്തിമവും പൂർണ്ണവുമായ ശിക്ഷ ദൈവത്തിന്റെ ''നീതിയുള്ള വിധി വെളിപ്പെടുന്ന കോപ [*orgē*] ദിവസത്തിൽ നൽകപ്പെടും. അവൻ ഓരോരുത്തന്നു അവനവന്റെ പ്രവൃത്തിക്കു തക്ക പകരം ചെയ്യും'' (2:5, 6).

**വാക്യം 20**. നമുക്ക് എതിരേ ഉയരുന്ന വ്യക്തിയോട് പ്രതികാരം ചെയ്യുന്ന തിന് നമുക്ക് അനുവാദമില്ലെങ്കിൽ നമുക്ക് എന്ത് ചെയ്യുവാൻ കഴിയും? നമുക്ക് അയാളെ സ്നേഹിക്കുകയും സഹായിക്കുന്നതിന് ശ്രമിക്കുകയും ചെയ്യാവുന്നതാണ്. ആവർത്തനം 32:35-മായി ബന്ധപ്പെട്ട തന്റെ ഉദ്ധരണിയെത്തുടർന്ന്, സദൃശവാക്യം 25:21-ലെ ഒരു വചനഭാഗം പൗലൊസ് ഉദ്ധരിക്കുന്നു: **''നിന്റെ ശത്രുവിന്നു വിശക്കുന്നു എങ്കിൽ അവന്നു തിന്മാൻ കൊടുക്ക; ദാഹിക്കുന്നു എങ്കിൽ കുടിപ്പാൻ കൊടുക്ക.''** ഈ വാക്കുകൾക്ക് ലൂക്കൊസ് 6:27-ലെ യേശുവിന്റെ കൽപ്പനയുടെ പ്രായോഗിക തലമുണ്ട്. ഒരു കലഹത്തിൽ നിന്ന് പുറം തിരിഞ്ഞു നടക്കുന്നത് മാത്രം മതിയാകുന്നില്ല; നമ്മുടെ എതിരാളികളെ സഹായിക്കുന്നതിന് മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിന് നാം മുൻകൈയ്യെടുക്കേണ്ടതുമുണ്ട്.

ലോകം നമ്മോട് പറയും, ''ശത്രുവിന്റെ ദൗർബല്യം എന്താണെന്ന് അറിഞ്ഞ് അത് ചൂഷണം ചെയ്യുക. അയാൾ വിശന്നു പൊരിഞ്ഞിരിക്കു കയാണോ? അയാളെ പട്ടിണിക്കിടുക. അയാൾക്ക് ദാഹിച്ചിരിക്കുകയാണോ? അയാൾ ദാഹം കൊണ്ട് മരിക്കട്ടെ.'' എന്നാൽ സ്നേഹം ഇങ്ങനെ പറയും, ''നിങ്ങളുടെ എതിരാളിയുടെ ആവശ്യമെന്താണെന്ന് കണ്ടെത്തി അത് അയാൾക്ക് എത്തിച്ചു

കൊടുക്കുക - ഭക്ഷണമോ വെള്ളമോ മറ്റെന്തു തന്നെയായാലും.''

ഒരാൾ നിങ്ങളോട് തെറ്റു ചെയ്യുമ്പോൾ നിങ്ങളുടെ ഭാഗത്തു നിന്നും നാല് പ്രതികരണങ്ങൾ സാദ്ധ്യമാണ്. എതിരാളി നിങ്ങൾക്ക് ക്ഷതമേൽപ്പിക്കുന്നുവെങ്കിൽ, നിങ്ങൾക്ക് അയാളെ തിരിച്ച് കൂടുതൽ ക്ഷതമേൽപ്പിക്കാം; അത് പ്രതികാര മനോഭാവമാകുന്നു. എതിരാളി നിങ്ങൾക്ക് ക്ഷതമേൽപ്പിക്കുന്നുവെങ്കിൽ, നിങ്ങൾക്ക് അതേ പോലെ തന്നെ അയാളെ ക്ഷതമേൽപ്പിക്കാം; അത് പകപോക്കലാണ്. എതിരാളി നിങ്ങൾക്ക് ക്ഷതമേൽപ്പിക്കുന്നുവെങ്കിൽ, നിങ്ങൾക്ക് അയാളെ അവഗണി ക്കുകയും അയാളുമായി യാതൊരു വിധത്തിലുള്ള ബന്ധവും പുലർത്താതിരി ക്കുകയും ചെയ്യാം; അത് വെറുക്കലാണ്. അവസാനമായി, എതിരാളി നിങ്ങൾക്ക് ക്ഷതമേൽപ്പിക്കുന്നുവെങ്കിൽ, നിങ്ങൾക്ക് അയാളെ സ്നേഹിക്കുകയും അവരെ സേവിക്കുകയും ചെയ്യാം; അതാണ് ക്രിസ്തുവിന്റെ വഴി.[78] ബഞ്ചമിൻ ഫ്രാങ്ക്ളിൻ ഇങ്ങനെ പറഞ്ഞു: "ക്ഷതമേൽപ്പിക്കുന്നത് നിങ്ങളെ നിങ്ങളുടെ എതിരാളിയേക്കാളും താഴെയാക്കുന്നു; പക പോക്കുന്നത് അയാളുമായി തുല്യസ്ഥാനത്താക്കുന്നു; എന്നാൽ ക്ഷമിക്കുന്നതാകട്ടെ നിങ്ങളെ അയാളേക്കാളും ഏറെ ഉയരത്തിലെത്തിക്കുന്നു."[79]

നാം നമ്മുടെ എതിരാളികൾക്ക് നൻമ ചെയ്യുന്നുവെങ്കിൽ, എന്തായിരിക്കും ഫലം? സദൃശവാക്യങ്ങൾ 25:22 പൗലൊസ് ഉദ്ധരിക്കുന്നു: ''**അങ്ങനെ ചെയ്താൽ നീ അവന്റെ തലമേൽ തീക്കനൽ കുന്നിക്കും.**'' മോറിസ് പൗലൊസിന്റെ വാക്കുകളെ ''അർത്ഥം വ്യക്തമല്ലാത്ത ഒരു ആലങ്കാരിക പ്രയോഗം''[80] എന്നാണ് വിളിച്ചത്. ഈ വാക്യത്തിന്റെ ഉറവിടത്തെക്കുറിച്ച് നിരവധി അനുമാനങ്ങൾ നടത്തപ്പെട്ടിട്ടുണ്ട്. വേദപുസ്തകത്തിൽ പരാമർശിക്കപ്പെടുന്ന ചില സ്ഥലങ്ങളിൽ, ആളുകൾ തലച്ചുമടായാണ് പെട്ടികൾ കൊണ്ടു പോയിരുന്നത്. ഒരു ശത്രു തലയിൽ വഹിച്ചു കൊണ്ട് നടക്കുന്ന തീ കത്തിക്കൊണ്ടിരിക്കുന്ന പാത്രത്തിലെ തീയണഞ്ഞു പോകുന്നുവെങ്കിൽ, ആ പാത്രത്തിലേക്ക് കത്തുന്ന കൽക്കരി ഇട്ടു കൊടുക്കുന്നത് ഉദാരത നിറഞ്ഞ ഒരു പ്രതികരണമായിരിക്കും. മറ്റ്[81] എഴുത്തുകാർ ''പൊതുവായി പ്രായശ്ചിത്തം ചെയ്യുന്ന വ്യക്തി, കത്തി ജ്വലിക്കുന്ന കരിക്കട്ടയുള്ള ഒരു ചട്ടി ശിരസ്സിൽ വഹിച്ചു കൊണ്ട് നിൽക്കേണ്ടിയിരുന്ന, ഈജിപ്തിലെ ഒരു അനുഷ്ഠാന''ത്തെക്കുറിച്ച് പരാമർശിക്കുന്നുണ്ട്.[82] അലെൻ നടത്തുന്ന അനുമാനമായിരിക്കാം ഒരു പക്ഷേ ഏറ്റവും യോജിക്കുന്നത്. ഒരു പട്ടണത്തെ ശത്രുക്കൾ വളയുമ്പോൾ, പട്ടണ നിവാസികൾ ചുറ്റു മതിലിന്റെ മുകളിൽ നിന്ന് അവരുടെ ശിരസ്സിലേക്ക് പല വസ്തുക്കളും - കത്തുന്ന കൽക്കരി ഉൾപ്പെടെ - ഇട്ടിരുന്നുവെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. എന്നാൽ തിൻമയ്ക്കെതിരേയുള്ള ഏറ്റവും മികച്ച പ്രതിരോധം, നൻമ ചെയ്യുകയാണ് എന്ന് പൗലൊസിന്റെ വാക്കുകൾ ഇവിടെ അർത്ഥമാക്കുന്നുവെന്നാണ് അലൻ അഭിപ്രായപ്പെടുന്നത്.[83]

പൗലൊസിന്റെ ആലങ്കാരിക പ്രയോഗത്തിന്റെ ഉറവിടം കൃത്യമായി നാം അറിയുന്നില്ലെങ്കിലും, നമുക്ക് ഹാനി വരുത്തുന്നതിന് ശ്രമിക്കുന്ന വ്യക്തിക്ക് നൻമ ചെയ്യുന്നത്, ആ വ്യക്തിയിൽ ധനാത്മകമായ പ്രഭാവം സൃഷ്ടിക്കുമെന്നാണ് പൗലൊസ് അർത്ഥമാക്കുന്നതെന്ന് ഭൂരിഭാഗം പേരും മനസ്സിലാക്കുന്നു.[84] എംഎസ്ജി പൗലൊസിന്റെ വാക്കുകൾ ഇങ്ങനെ പരാവർത്തനം ചെയ്യുന്നു: "നിങ്ങളുടെ ഉദാരത അയാളെ നൻമയ്ക്കായി അമ്പരപ്പിക്കും." എസ്ഇബി പറയുന്നതിങ്ങനെയാണ്: "നിങ്ങൾ അയാളെ ലജ്ജ

യാൽ പൊള്ളിക്കും." തിൻമയ്ക്കെതിരായി നൻമ മടക്കി നൽകുന്നത്, അയാളുടെ മനസ്സാക്ഷിയെ ഉണർത്തുകയും പശ്ചാത്താപത്തിലേക്ക് നടത്തുകയും ചെയ്യും. ബാർക്ലേ എഴുതുന്നു, "പ്രതികാരം അയാളുടെ ആത്മാവിനെ തകർത്തേക്കാം; എന്നാൽ ദയ അയാളുടെ ഹൃദയത്തെ തകർക്കും."[85]

ശത്രുവിനെ നശിപ്പിക്കാനുള്ള ഏറ്റവും മികച്ച മാർഗ്ഗം, അയാളെ മിത്രമാക്കി ത്തീർക്കുകയാണ് എന്ന് പറയാറുണ്ട്. സ്നേഹം മടക്കി നൽകാത്ത ഒരു വ്യക്തിയെ എങ്ങനെ നാം സ്നേഹിക്കും? അയാളെ *സഹായിക്കുന്നതിനുള്ള* മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിന് നമുക്ക് ശ്രമിക്കാൻ കഴിയും.

**വാക്യം 21**. എതിരാളിയോട് ഇടപെടുന്നതിനെക്കുറിച്ച് അതേ വരെ താൻ പറഞ്ഞത് പൗലൊസ് സംക്ഷേപിക്കുകയാണ്: **തിന്മയോടു തോൽക്കാതെ നന്മയാൽ തിന്മയെ ജയിക്കുക**. "ജയിക്കുക" νικάω (*nikaō*) എന്ന പരിഭാഷ പ്പെടുത്തിയിട്ടുള്ള വാക്ക്, "വിജയം" എന്ന അർത്ഥം നൽകുന്ന ഗ്രീക്ക് പദമായ νίκη (*nikē*) എന്ന വാക്കിന്റെ ക്രിയയാണ്. മറ്റുള്ള വ്യക്തികൾ നമ്മോട് മോശമായി പെരുമാറുമ്പോൾ, നമ്മെ നിയന്ത്രിക്കുന്നതിനായി തിൻമയെ അനുവദിക്കുന്ന വിധത്തിൽ, തിൻമയാൽ നാം കീഴടക്കപ്പെടുന്നതിന് എളുപ്പമാണ്. പൗലൊസ് പറഞ്ഞത്, ഒന്നുകിൽ തിൻമ നമുക്ക് മുകളിൽ വിജയം പ്രാപിക്കും അല്ലെങ്കിൽ നാം തിൻമയ്ക്ക് മുകളിൽ വിജയം പ്രാപിക്കുമെന്നാണ്.

തിൻമയ്ക്ക് എങ്ങനെയാണ് നമ്മുടെ മുകളിൽ ആധിപത്യമെടുക്കുവാൻ സാധിക്കുക? ഈ അദ്ധ്യായത്തിലെ മുൻ വാക്യങ്ങൾ നമുക്ക് പരിഗണിക്കാം. നമ്മുടെ ശത്രുക്കളെ ശപിക്കുവാൻ ദൈവത്തോട് നാം ആവശ്യപ്പെടുന്നുവെങ്കിൽ (12:14), തിൻമ നമ്മെ കീഴടക്കിയിരിക്കുന്നു. തിൻമയ്ക്ക് പകരമായി തിൻമ ചെയ്യുന്നുവെങ്കിലും (12:17) തിൻമ നമ്മെ കീഴടക്കിയിരിക്കുന്നു. നാം പ്രതികാരം (12:19) ചെയ്യുന്നതിന് ശ്രമിക്കുകയാണെങ്കിലും, തിൻമ നമ്മുടെ മുകളിൽ വിജയമെടുത്തിരിക്കുന്നു. അതാണ് സ്ഥിതിയെങ്കിൽ, സ്റ്റോട്ട് പറയുന്നു, "നാം തിൻമയ്ക്ക് വഴങ്ങുകയും അതിന്റെ സ്വാധീനവലയത്തിലേക്ക് വലിച്ചെടുക്കപ്പെടുകയും അതിനാൽ പരാജയമടഞ്ഞിരിക്കുകയും *കീഴടക്കപ്പെടുകയും* 'നിഷ്പ്രഭമാ ക്കപ്പെടുക' പോലും (ഫിലിപ്സ്) ചെയ്തിരിക്കുന്നു."[86]

തിൻമ വിജയിയായിത്തീരുന്നത് നമുക്ക് എങ്ങനെ തടയുവാൻ കഴിയും? പൗലൊസ് പറഞ്ഞു, "തിന്മയോടു തോൽക്കാതെ നന്മയാൽ തിന്മയെ ജയിക്കുക." എന്താണ് ഇതിന്റെ അർത്ഥം? നമ്മുടെ ശത്രുക്കളെ അനുഗ്രഹിക്കുന്നതിന് ദൈവത്തോട് പ്രാർത്ഥിക്കുക (12:14) എന്നതാണ് അതിന്റെ അർത്ഥം. എല്ലാവരോടും സമാധാനം പുലർത്തുവാൻ എല്ലാ കഴിവുകളും ഉപയോഗിച്ചു കൊണ്ട് ശ്രമിക്കുകയെന്നതാണ് അതിന്റെ അർത്ഥം (12:18). നമ്മോട് എതിരിടുന്ന ഏതൊരു വ്യക്തിയ്ക്കും നൻമ ചെയ്യുകയെന്നതാണ് അതിന്റെ അർത്ഥം – അയാളെ സ്നേഹിക്കുകയും അയാളുടെ ആവശ്യങ്ങൾ നിവർത്തിക്കുകയും ചെയ്യുക (12:20).

തിൻമയെ നൻമയാൽ കീഴടക്കുന്നത് അനായാസമാണോ? അല്ല. അത് സാദ്ധ്യമാണോ? അതെ, കർത്താവ് പകരുന്ന ബലത്താൽ. ദൈവത്തിന്റെ സഹായത്താൽ, നമുക്ക് തിൻമയെ നൻമയാൽ കീഴടക്കുവാൻ സാധിക്കും.

## പ്രായോഗികം

### പ്രിയപ്പെട്ട ഒരു അദ്ധ്യായം (അദ്ധ്യായം 12)

റോമർ 12 എന്റെ അമ്മയ്ക്ക് വിശുദ്ധ വേദപുസ്തകത്തിലെ പ്രിയപ്പെട്ട

അദ്ധ്യായമായിരുന്നു. അവരുടെ അവസാന നാളുകളിൽ, ചിലപ്പോൾ സഭാമന്ദിരത്തിലേക്ക് പോകുന്നതിന് അവർ ശാരീരികമായി കഴിയാത്ത നിലയിലായിരുന്നു. ഞായറാഴ്ചകളിലെ പ്രഭാതങ്ങളിൽ, ചിലപ്പോഴൊക്കെ എന്റെ അച്ഛന് ആരാധനയിൽ പങ്കെടുക്കുന്നതിന് അവസരമൊരുക്കുന്നതിനായി ഞാൻ അമ്മയുടെ കിടക്കയ്ക്കരികിൽ തന്നെ ഇരുന്നിരുന്നു. ആ അവസരങ്ങളിൽ, അമ്മയും ഞാനും വചനധ്യാനം നടത്തുകയും ഒടുവിലായി കർത്തൃ മേശ നടത്തുകയും ചെയ്തിരുന്നു. വചനധ്യാനത്തിനിടയിൽ ഞാൻ അമ്മയോട് ഏത് വചനഭാഗമാണ് വായിക്കേണ്ടത് എന്ന് ചോദിക്കുമ്പോൾ, അവർ എല്ലാ പ്രാവശ്യവും ''റോമർ 12'' എന്നു തന്നെ പറഞ്ഞിരുന്നു. റോമർ 12 സ്നേഹിക്കുന്നതിൽ എന്റെ അമ്മ തനിച്ചായിരുന്നില്ല. അത് നിരവധി പേരുടെയും പ്രിയങ്കരമായ ഒരു വേദഭാഗമായിരുന്നു.

## ബുദ്ധിയുള്ള ആരാധന (12:1)

ദൈവത്തിനായി നാം ചെയ്യുന്നതെല്ലാം ചിന്തിച്ചായിരിക്കണം. നാം ഒരിക്കലും ദൈവത്തിനെ സേവിക്കുന്നത് അനുഷ്ഠാനം പോലെ, തന്നെത്താൻ പ്രവർത്തിക്കുന്ന യന്ത്രം പോലെയായിരിക്കരുത്. ടെക്സാസിലെ അബിലിനിലെ കോളേജിലായിരുന്നപ്പോൾ, ടെക്സാസ് സംസ്ഥാനത്തിന്റെ പടിഞ്ഞാറൻ ഭാഗത്തുള്ള നോട്ട് എന്ന സ്ഥലത്തെ ഒരു ചെറിയ കൂട്ടായ്മയിൽ ഞാൻ വചനം പങ്കിട്ടിരുന്നു. അതിനൊടുവിൽ, ഏറെ വൈകി ഞായറാഴ്ച വൈകുന്നേരങ്ങളിൽ അബിലീനിലേക്കുള്ള മൂന്ന് മണിക്കൂർ നീളുന്ന എന്റെ മടക്കയാത്രയിൽ ഞാൻ പൊതുവേ തളർന്നിരുന്നു. ഒന്നിലേറെ പ്രാവശ്യം, ഒരു പട്ടണത്തിലൂടെ വാഹനമോടിക്കുമ്പോൾ ഞാൻ പിന്നിട്ട പട്ടണങ്ങളെക്കുറിച്ച് ഒരു ഓർമ്മയുമില്ലാതെ വാഹനമോടിച്ചിരുന്നത് ഞാൻ ഓർമ്മിക്കുന്നു. ക്ഷീണം മൂലം മരവിച്ചതു പോലെ വാഹനമോടിക്കുന്നത് ഏറെ അപകടകരമാണ്; ദൈവത്തെ ഒരു സ്തംഭനാവസ്ഥയിലെന്ന പോലെ സേവിക്കുന്നത് ഇരട്ടി അപകടകരമാണ്. നാം ദൈവത്തിന് ആരാധനയർപ്പിക്കുമ്പോൾ, നമ്മുടെ മനസ്സ് ദൈവത്തിലും നാം എന്താണ് ചെയ്യുന്നതെന്നതിലും കേന്ദ്രീകൃതമാകേണ്ടതാണ്. കർത്താവിനെ സേവിക്കുന്ന എല്ലാ മേഖലകളിലും ഇത് ബാധകമാണ്.

## ''ആരാധന'' അല്ലെങ്കിൽ ''സേവ''? (12:1)

λατρεία (*latreia*) എന്ന വാക്ക് വ്യാഖ്യാനിക്കുന്നതിനായി എഴുത്തുകാർ അങ്ങേയറ്റം വരെ പോയിട്ടുണ്ട്. ചിലർ തറപ്പിച്ചു പറയുന്നത് ഈ പദം പൊതുവായ ''സേവ'' എന്ന് മാത്രമേ അർത്ഥമാക്കുന്നുള്ളുവെന്നും അതിന് ''ആരാധന'' എന്നൊരു അർത്ഥമില്ലെന്നുമാണ്. എന്നാൽ, റോമർ 12:1–ൽ *ലാറ്റ്റേറിയ*യിൽ നിന്ന് ''ആരാധന'' എന്ന അംശം ഒഴിവാക്കുന്നത് അങ്ങേയറ്റമായി തോന്നുന്നു.[87] ഈ വാക്യത്തിൽ, പൗലൊസ് സംസാരിക്കുകയായിരുന്നത് ശരീരത്തെ ഒരു യാഗമായി ദൈവത്തിന് സമർപ്പിക്കുന്നതിനെക്കുറിച്ചാണ്; അദ്ദേഹം ആരാധനയുടെ ഭാഷ ഉപയോഗിക്കുകയായിരുന്നു.

മറ്റുള്ളവർ അനുമാനിക്കുന്നത് 12:1 പഠിപ്പിക്കുന്നത് ''ജീവിതം മുഴുവൻ ഒരു ആരാധന'' യാണ് എന്നാണ്. ഇക്കാരണത്താൽ, ''ആരാധനാ കൂട്ടായ്മകളെ'' ക്കുറിച്ച് അവർ അനുചിതമായ അന്തിമ നിഗമനങ്ങളിലെത്തുന്നു. ഉദാഹരണമായി, ''ജീവിതം മുഴുവൻ ഒരു ആരാധന'' യാണ് എങ്കിൽ, നാം ആരാധന

യ്ക്കായി ഒരുമിച്ചു കൂടേണ്ട ആവശ്യമില്ല എന്ന് ചിലർ നിർണ്ണയിച്ചിരിക്കുന്നു. എന്നാൽ ഇത്തരത്തി ലൊരു നിഗമനം എബ്രായർ 10:25–മായി വൈരുദ്ധ്യം പുലർത്തുന്നതാണ്.

ചിലർ തറപ്പിച്ചു പറയുന്നത്, ഒരു പ്രത്യേക പ്രവർത്തി ഒരു ക്രിസ്തീയ വിശ്വാസിയെ സംബന്ധിച്ചിടത്തോളം ശരിയാണെങ്കിൽ, ആരാധനയ്ക്കായി ''മുഴുവൻ സഭയും ഒരുമിച്ച് കൂടി വരുമ്പോൾ'' (1 കൊരി. 14:23) അത് ചെയ്യുന്നത് സ്വീകാര്യമാണെന്നാണ്. ഇത്തരത്തിലുള്ള ധാരണ തീർച്ചയായും തെറ്റാണ്. ഉദാഹരണമായി, ദൈനംദിന പശ്ചാത്തലത്തിൽ സ്ത്രീകൾ സംസാരിക്കുന്നതും പഠിപ്പിക്കുന്നതും തെറ്റല്ല; എന്നാൽ, അവർ ''വിശുദ്ധന്മാരുടെ സർവ്വസഭകളിലും എന്നപോലെ സ്ത്രീകൾ സഭായോഗങ്ങളിൽ മിണ്ടാതിരിക്കട്ടെ .... സ്ത്രീ സഭയിൽ സംസാരിക്കുന്നതു അനുചിതമല്ലോ'' (1 കൊരി. 14:34, 35). വീണ്ടും ഒരു വ്യക്തിക്ക് സാധാരണ ഭക്ഷണത്തിനിടയിൽ കാപ്പിയും മുന്തിരിപ്പഴച്ചാറും രണ്ടും ഒരേ സമയം തന്നെ പാനിയങ്ങളായി ഉപയോഗിക്കാം. എന്നാൽ, കർത്തൃമേശ അനുഷ്ഠിക്കുന്നതിനിടയിൽ മുന്തിരിച്ചാറിന്റ ഒപ്പമായി കാപ്പി ഉപയോഗിക്കുന്നുവെങ്കിൽ, കർത്താവിന്റെ ഓർമ്മയ്ക്കായി നടത്തുന്ന ഈ ശുശ്രൂഷയെ അത് അവിശുദ്ധമാക്കും. നാം ''ഏകോപിതമായ ആരാധന'' (ആരാധനയ്ക്കായി സഭ ഒന്നിച്ചു കൂടുന്നത്) എന്ന് വിളിക്കുന്ന ആരാധനയും നമ്മുടെ വ്യക്തിഗതമായ, ദൈവത്തോടുള്ള സേവയും അഥവാ ആരാധനയും തമ്മിൽ നാം അന്തരം സൃഷ്ടിക്കേണ്ടതാണ്.

റോമർ 12:1–ലെ സന്ദേശം ഇവിടെ പരാമർശിച്ച് രണ്ട് അറ്റങ്ങൾക്കും ഏറെക്കുറെ ഇടയിലാണ്. നമ്മുടെ ശരീരങ്ങളെ ജീവനുള്ള യാഗമായി അർപ്പിക്കുന്നതാണ് ''ബുദ്ധിയുള്ള (അല്ലെങ്കിൽ ആത്മീക) ആരാധന'' എന്നുളള പൗലൊസിന്റെ അഭ്യർത്ഥനയിൽ നിന്ന് നാം എന്താണ് പഠിക്കേണ്ടത്? ഒരു പക്ഷേ, ഇനി പറയുന്നവ ഉൾപ്പെടെ നാം നിരവധി കാര്യങ്ങൾ പഠിക്കേണ്ടതുണ്ട്:

*''വിശുദ്ധമായതും'' ''ഭൗമീകമായതും'' തമ്മിൽ വളരെയേറെ നേർത്ത ഒരു അന്തരം നാം സൃഷ്ടിക്കരുത്.* നമ്മുടെ കുട്ടികളെ ''കർത്താവിന്റെ ബാലശിക്ഷ യിലും പത്ഥ്യോപദേശത്തിലും'' വളർത്തുന്നത് (എഫെ. 6:4), തിരുവചനത്തിൽ നിന്ന് ഒരു പ്രസംഗം തയ്യാറാക്കുന്നതിന്റെ അത്രത്തോളം വിശുദ്ധമാണ്. പ്രതിവാരം ഉപജീവനത്തിനായി നാം ചെയ്യുന്ന നമ്മുടെ ജോലി പൂർണ്ണഹൃദയത്തോടെ, ''മനുഷ്യർക്കെന്നല്ല കർത്താവിന് എന്ന പോലെ മന സ്സോടെ'' (കൊലൊ. 3:23) ചെയ്യുന്നത് ഒരു ക്രിസ്തീയ ലേഖനം എഴുതുന്നതു പോലെ വിശുദ്ധമാണ്.

*നാം എന്തു ചെയ്താലും നാം എപ്പോഴും ദൈവത്തിന്റെ സാന്നിദ്ധ്യ ത്തിലാണ് എന്ന അവബോധം നമുക്കുണ്ടാകേണ്ടതാണ് – നാം അതിനനുസ രണമായി പ്രവർത്തിക്കേണ്ടതുമാണ്.* ഒരു വ്യക്തി ഞായറാഴ്ച ആയിരിക്കു ന്നതിനേക്കാൾ വ്യത്യസ്തനായൊരു വ്യക്തിയാണ് തിങ്കളാഴ്ച മുതൽ ശനിയ ാഴ്ചയുടെ അവസാനം വരെയെങ്കിൽ, അയാൾക്ക് ഞായറാഴ്ച ''സത്യത്തിലും ആത്മാവിലും'' ആരാധിക്കുന്നതിന് കഴിയില്ല.

*നാം ചെയ്യുന്ന എല്ലാ പ്രവർത്തികളിലും ദൈവത്തിന് മഹത്വം നൽകുന്നതി നായി, സത്യസന്ധമായ ഒരു ശ്രമം നാം നടത്തേണ്ടതാണ്.* നമ്മുടെ കുട്ടികളെ വളർത്തുന്നതായാലും സഭയുടെ മുൻപിൽ നടത്തുന്നതിനായി പ്രസംഗം തയ്യാറാക്കുന്നതായാലും പ്രതിവാരം ഉപജീവനത്തിനായി നാം ചെയ്യുന്ന

നമ്മുടെ ജോലിയായാലും ക്രിസ്തീയ ലേഖനം എഴുതുന്നതായാലും മറ്റൊരു ദൗത്യ ത്തിലേർപ്പെടുന്നതായാലും ഇതിന് മാറ്റമില്ല. യേശു പറഞ്ഞു: ''അങ്ങനെ തന്നെ മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടു, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന്നു നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ'' (മത്തായി 5:16). പൗലൊസ് എഴുതി, ''എന്തു ചെയ്താലും ദൈവത്തിന്റെ മഹത്വത്തിനായി ചെയ്യുക'' (1 കൊരി. 10:31).

**"അനുരൂപമാകാതിരിക്കുക" (12:2)**

ലോകത്തിന്റെ മാനദണ്ഡങ്ങൾക്ക് അനുരൂപമാകുന്നതിന് ലോകം നമ്മിൽ നിരന്തരം സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയാണ്. ഈ സമ്മർദ്ദം വ്യക്തികളിൽ നിന്ന് ഉണ്ടായേക്കാം: സുഹൃത്തുക്കൾ, കുടുംബാംഗങ്ങൾ, അയൽക്കാർ, സഹപ്രവർ ത്തകർ അല്ലെങ്കിൽ സ്കൂൾ സഹപാഠികളിൽ നിന്ന്. അത് മാദ്ധ്യമങ്ങളിൽ നിന്നു ണ്ടായേക്കാം: വർത്തമാനപ്പത്രങ്ങൾ, മാസികകൾ, പുസ്തകങ്ങൾ, സംഗീതം, റേഡിയോ, ടെലിവിഷൻ, ചലച്ചിത്രങ്ങൾ, പരസ്യങ്ങൾ തുടങ്ങിയവയിൽ നിന്ന്. അത്തരം സമ്മർദ്ദം നിലയ്ക്കാത്തതും നിരന്തരവുമാണ്. അത് ദുർഗ്രഹവുമാണ്. ജീവിതത്തിന്റെ ലക്ഷ്യം സ്വന്തം സന്തോഷമാണ് എന്ന് ലോകം നമ്മുടെ കാതു കളിൽ മന്ത്രിക്കുന്നു – അതിനാൽ, നാം സന്തോഷകരമായിരിക്കണമെങ്കിൽ, നാം ഈ ലോകത്തിലുള്ള മറ്റെല്ലാവരെയും പോലെ ചിന്തിക്കുകയും പ്രവർത്തിക്കു കയും സംസാരിക്കുകയും അവരെപ്പോലെ കാണപ്പെടുകയും ചെയ്യപ്പെടണ മെന്നും ലോകം പറയുന്നു. നാം അറിയാതെ തന്നെ, ലോകം ഉയർത്തിപ്പിടിക്കുന്ന മൂല്യങ്ങളും ജീവിതശൈലിയും നാം ആശ്ലേഷി ക്കുന്നതിന് എളുപ്പമാണ്. ആളുകൾ പ്രകൃത്യാ അനുകരണപ്രവണ തയുള്ളവരാണ്. ഇത്തരത്തിൽ അന ുകരിക്കുന്നതിന് അടിസ്ഥാനപരമായി രണ്ട് മൂല്യ വ്യവസ്ഥകൾ മാത്രമേ ലഭ്യമായുള്ളു.ഒന്നാമത്തേത് "ഒന്നാമത്തെ ദുഷ്ടലോക" ത്തിന്റേതും മറ്റേത് "ദൈവത്തിന്റെ ഹിതവും" ആണ്. പൗലൊസ് യാചിക്കുന്നു. "ലോകത്തിന് അനുരൂപമാകരുത്" (പ്രത്യേക ഊന്നൽ നൽകിയിരിക്കുന്നു).

ഇവിടെ ഒരു മുന്നറിയിപ്പിന്റെ ആവശ്യമുണ്ട്. ''ലോകത്തിന് അന ുരൂപ മാകരുത്'' എന്നതിന്റെ അർത്ഥം, ലോകത്തിൽ നിന്ന് വ്യത്യസ്ത മായി കാണപ്പെടുന്നതിന് വേണ്ടി മാത്രം വ്യത്യസ്തമാകുന്നതിനുള്ള ശ്രമം നടത്തരുത്. ഹാൾഫോർഡ് ല്യൂക്കോക്ക് ഇങ്ങനെ പ്രസ്താവിക്കുന്നു: "വ്യത്യസ്തനാ കുന്നതിന് വേണ്ടി മാത്രം, അനുരൂപപ്പെടാതിരിക്കുന്നതിൽ യാതൊരു മൂല്യവുമില്ല. ഇത് അപക്വമായ ഒരു മനസ്സിന്റെ അടയാളമാണ്, മിക്കപ്പോഴും പ്രദർശനപരതയുള്ള ഒന്ന്. ഫലക്ഷമതയുള്ള ഒരു സമൂഹത്തിന്, ജീവിതത്തിന്റെ പല വശങ്ങളിലും അനുരൂപപ്പെടൽ ആവശ്യമാണ്.''[88]

വ്യത്യസ്തമായും വിചിത്രമായും പ്രവർത്തിക്കുന്നതിൽ ആളുകൾ അഭിമാനം കൊള്ളുന്നുവെന്ന് നമുക്ക് എല്ലാം അറിയാം. അത്തരം പെരുമാറ്റം നാം സുവിശേഷവുമായി സമീപിക്കുന്നവരെ അകറ്റുക മാത്രമേയുള്ളു. ദൈവത്തിന്റെ ഇഷ്ടത്തിന് എതിരായി, നാം ലോകത്തിന്റെ സ്വഭാവ വിശേഷതകളോട് അനു രൂപപ്പെടരുത്; എന്നാൽ നാം പഠിപ്പിക്കുന്നവരെ വിരോധികളാക്കിത്തീർക്കുന്ന വിധത്തിൽ നമ്മുടെ പെരുമാറ്റത്തിൽ നിന്ന് വ്യതിചലിക്കരുത്.

**അനുരൂപപ്പെടുന്നതിനുള്ള സമ്മർദ്ദം (12:2)**

ഒക്‌ലഹോമയിലെ ലോൺ വുൾഫിൽ ഒരു ഹൈ സ്കൂളിലെ സയൻസ് ക്ലാസിൽ വെച്ച് അദ്ധ്യാപകൻ കാട്ടിയ ലളിതമായ ഒരു പരീക്ഷണത്തെക്കുറിച്ച് ഞാൻ ഓർമ്മിക്കുന്നു. അദ്ധ്യാപകൻ ഒഴിഞ്ഞ, വശങ്ങൾ പരന്ന, ഒരു ഗ്യാലൻ കൊള്ളുന്ന ഒരു ലോഹ പാട്ട എടുത്തു. അദ്ദേഹം അതിന്റെ അടപ്പ് തുറക്കുകയും അൽപ്പം വെള്ളം അതിലേക്ക് പകരുകയും ചെയ്ത ശേഷം, ഒര ു കത്തുന്ന ബൻസൻ ബർണറിലേക്ക് വെക്കുകയും ചെയ്തു. പെട്ടെന്ന് തന്നെ വെള്ളം തിളച്ചു. ഒര ു സംരക്ഷണ കൈയ്യുറ ധരിച്ച് അദ്ദേഹം അതിന്റെ അടപ്പ് മുറുക്കി അടച്ച ശേഷം, ആ പാട്ട ജ്വാലയിൽ നിന്ന് എടുത്തു മാറ്റി. ഏതാനും നിമിഷങ്ങളിലേക്ക് ഒന്നും സംഭവിച്ചില്ല. എന്നാൽ, തുടർന്ന് ഒരു രാക്ഷസൻ അദൃശ്യകരങ്ങൾ കൊണ്ട് ഞെരിച്ചാലെന്ന പോലെ, ആ പാട്ടയുടെ വശങ്ങൾ ഉള്ളിലേക്ക് ചുളുങ്ങി. എന്നിൽ അത് മതിപ്പുളവാക്കി!

ചൂടു പിടിച്ചപ്പോൾ പാട്ടയ്ക്കുള്ളിലെ വായു വികസിക്കുകയും അതിൽ നിന്ന് അൽപ്പം പുറത്തു ചാടുന്നതിന് സമ്മർദ്ദം ചെലുത്തുകയും ചെയ്തു. തൽഫലമായി, അടച്ചു വെച്ചിരുന്ന പാട്ട തണുത്തപ്പോൾ ഉള്ള ിലെ വായു മർദ്ദം പുറത്തെ മർദ്ദത്തേക്കാൾ കുറഞ്ഞു. അതുകൊണ്ടാണ്, പുറത്തെ മർദ്ദം പാട്ടയുടെ വശങ്ങളെ ചുളുക്കിക്കളഞ്ഞത്. നമ്മിൽ അധികം പേരും വായു മർദ്ദത്തെക്കുറിച്ച് അറിയുന്നു പോലുമില്ല; എന്നാൽ, അത് അവിടെത്തന്നെയുണ്ട്. സമുദ്ര നിരപ്പിൽ, ഈ മർദ്ദം ഏറെക്കുറെ പ്രതി ചതുരശ്ര ഇഞ്ചിൽ പതിനഞ്ച് പൗണ്ടോളമാണ്![89] (നമ്മുടെ ശരീരങ്ങൾ ഞെരിഞ്ഞു പോകാതിരിക്കുന്നത്, നമ്മുടെ ഉള്ളിലെ മർദ്ദവും പുറത്തെ മർദ്ദവും തുല്യമാണെന്നുള്ളതു കൊണ്ടാണ്.)

വർഷങ്ങൾക്ക് ശേഷം റോമർ 12:2 പഠിച്ചു കൊണ്ടിരുന്നപ്പോൾ, ഞാൻ ഈ വായു സമ്മർദ്ദം സംബന്ധിച്ച പരീക്ഷണം ഓർമ്മിച്ചു. ഞാൻ ചിന്തിച്ചു, ''ലോകത്തിന്റെ ജീവിത ശൈലിയോട് അനുരൂപമാകുന്നതിന് ലോകം ചെലുത്തുന്ന സമ്മർദ്ദത്തെക്കുറിച്ച് മിക്ക ആളുകളും ബോധവാൻമാരല്ല. ലോകമുയർത്തുന്ന സമ്മർദ്ദത്തെ പ്രതിരോധിക്കുന്നതിന് അവരുടെ ഉള്ളിലൊന്നുമില്ലാത്തതിനാൽ അവർ സമ്മർദ്ദത്തിനടിപ്പെട്ടു പോകുന്നു.'' ഫലത്തിൽ പൗലൊസ് പറയുന്നത്, ലോകത്തിൽ നിന്നുള്ള മർദ്ദം, ലോകത്തിന്റെ ''അച്ചിലേക്ക് നമ്മെ തിരുകിക്കയറ്റുന്ന''തിൽ നിന്ന് നമ്മെ സംരക്ഷിക്കുന്നതിനുള്ള മാർഗ്ഗം, പുതുക്കപ്പെട്ട മനസ്സോടെ അതിനെ മറികടക്കുകയാണ്.

നമ്മുടെ മനസ്സ് പുതുക്കുന്നതിന് (ദൈവത്തിന്റെ സഹായത്തോടെ) നമുക്ക് എന്ത് ചെയ്യാം? ഒരു പക്ഷേ നമുക്ക് സ്വീകരിക്കാവുന്ന ഏറ്റവും പ്രധാനപ്പെട്ട നടപടി, നമ്മെ താഴേക്ക് വലിച്ചിടുന്ന കാര്യങ്ങൾക്ക് പകരം നമ്മെ ദൈവത്തിലേക്ക് ഉയർത്തുന്ന കാര്യങ്ങൾ കൊണ്ട് നമ്മുടെ മനസ്സ് നിറയ്ക്കുകയാണ്. നമ്മുടെ മനസ്സ് നിരന്തരമായി ലോകത്തിന്റെ അധാർമ്മികവും അപ്രസക്തവും സ്വയ-കേന്ദ്രീകൃതവുമായ സ്വാധീനങ്ങളുമായുള്ള സമ്പർക്കത്തിലാണെങ്കിൽ, നമ്മുടെ മനസ്സ് പുതുക്കുന്നതിന് ഏറെക്കുറെ അസാദ്ധ്യമായിരിക്കും. മറ്റൊരിടത്ത് പൗലൊസ് എഴുതി, ''... ഒടുവിൽ സഹോദരന്മാരേ, സത്യമായതു ഒക്കെയും ഘനമായതു ഒക്കെയും നീതിയായതു ഒക്കെയും നിർമ്മലമായതു ഒക്കെയും രമ്യമായതു ഒക്കെയും സല്കീർത്തിയായതു ഒക്കെയും സൽഗുണമോ പുകഴ്ചയോ *അതു ഒക്കെയും ചിന്തിച്ചുകൊൾവിൻ*'' (ഫിലി. 4:8; പ്രത്യേക ഊന്നൽ നൽകിയിരിക്കുന്നു).

നമ്മുടെ മനസ്സിൽ ദൈവ വചനത്താൽ നാം നിറയ്ക്കേണ്ടതുണ്ട്; തിരുവചന വായനയും അതിന്റെ അദ്ധ്യയനത്തിലൂടെയുമാണ് അത് നാം ചെയ്യുന്നത്. നമ്മുടെ ചിന്തകൾ ദൈവത്തിൽ കേന്ദ്രീകരിക്കപ്പെടേണ്ടതുണ്ട്; വചന ധ്യാനത്തിലൂടെയും പ്രാർത്ഥനയിലൂടെയും ദൈവം സൃഷ്ടിച്ച ഈ അത്ഭുതകരമായ ലോകത്തെക്കുറിച്ച് ചിന്തയ്ക്ക് വിഷയമാക്കുന്നതിലൂടെയും ഇത്തരത്തിൽ നമ്മുടെ ശ്രദ്ധ ദൈവത്തിലേക്ക് കേന്ദ്രീകരിക്കാം (കാണുക 1:20). ജീവിതങ്ങളിൽ ആത്മീയ ഊന്നൽ നൽകുന്നവരുമായി നാം തുടർച്ചയായി സമ്പർക്കം നിലനിർത്തേണ്ടതുണ്ട്; ക്രിസ്തീയ കൂട്ടായ്മയിലൂടെയും ആരാധനയിലൂടെയുമാണ് നാം ഇത് ചെയ്യുന്നത്. എല്ലാറ്റിനുമുപരിയായി, നാം നമ്മുടെ കണ്ണുകൾ യേശുവിൽ തന്നെ ഉറപ്പിക്കുകയും അവിടുത്തെ പ്പോലെയായിത്തീരുന്നതിന് നിരന്തരമായി ഉദ്യമിക്കുകയും ചെയ്യണം. ‘‘എന്നാൽ മൂടുപടം നീങ്ങിയ മുഖത്തു കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ പ്രതിബിംബിക്കുന്നവരായി നാം എല്ലാവരും ആത്മാവാകുന്ന കർത്താവിന്റെ ദാനമായി തേജസ്സിന്മേൽ തേജസ്സു പ്രാപിച്ചു അതേ പ്രതിമയായി രൂപാന്തരപ്പെടുന്നു’’ (2 കൊരി. 3:18). ഈ വിധത്തിലൂടെ, നമ്മുടെ അകത്തെ മനുഷ്യൻ ‘‘നാൾക്കു നാൾ പുതുക്കം പ്രാപിക്കുന്നു’’ (2 കൊരി. 4:16). നാം ബാഹ്യമായും (ശരീരം) ആന്തരികമായും (മനസ്സ്) രൂപാന്തരം പ്രാപിക്കും.

നിങ്ങൾ രൂപാന്തരം പ്രാപിച്ച ഒരു ജീവിതമാണോ നയിക്കുന്നത്? മാറ്റത്തിലൂടെയേ പരിവർത്തനം സാദ്ധ്യമാകുകയുള്ളു. എന്നാൽ മാറ്റം എളുപ്പമല്ല. ജീവിതകാലത്തുടനീളം നാം പിന്തുടർന്ന സ്വഭാവത്തിന്റെ വളരെ ആഴത്തിലുള്ള ചക്രച്ചാലുകളിൽ നിന്ന് പുറത്തു വരുന്നത് വൈഷമ്യകരമാണ് – എന്നാൽ ദൈവത്തിന്റെ കൃപയാൽ നമുക്ക് തീർത്തും സാദ്ധ്യമാണ് താനും. അവിടുത്തെ കൃപയിൽ ആശ്രയിച്ചു കൊണ്ട് നമുക്ക് പൗലൊസ് നമ്മുടെ മുൻപിൽ വെക്കുന്ന വെല്ലുവിളി പൂർത്തീകരിക്കുന്നതിന് സാധിക്കും.

ഈ രൂപാന്തരം ആരംഭിക്കുന്നത്, പശ്ചാത്തപിച്ച ഒരു വിശ്വാസിയെന്ന നിലയിൽ നിങ്ങൾ വിശ്വാസ സ്നാനം സ്വീകരിക്കുകയും ‘‘ജീവന്റെ *പുതുക്കത്തിൽ* നടക്കുകയും’’ ചെയ്യുന്നതോടെയാണ് (6:4; പ്രത്യേക ഊന്നൽ നൽകിയിരിക്കുന്നു). നിങ്ങളുടെ മനസ്സ് ‘‘ജഡത്തിനുള്ള ചിന്തകളിൽ നിന്ന്’’ നിങ്ങളുടെ മനസ്സ് മാറ്റി ‘‘ആത്മാവിന്റെ ചിന്തകളിൽ’’ ശ്രദ്ധ കേന്ദ്രീകരിക്കുന്നതോടെ ഈ മാറ്റം തുടരുന്നു (8:5).

### നിങ്ങൾ വിശിഷ്ട വ്യക്തിയാണ്! (12:3-8)

നിങ്ങളുടെ മുൻപിലെ ഒരു മേശയിൽ ഒരു കടലാസ് കിടക്കുന്നുവെന്ന് വിചാരി ക്കുക. ആ കടലാസിന്റെ ഏറ്റവും മുകളിലായി ഈ നിർദ്ദേശങ്ങൾ എഴുതിയിരിക്കുന്നു: “ഒരു വ്യക്തിയെ വിശിഷ്ട വ്യക്തിയാക്കിത്തീർക്കുന്ന കാര്യങ്ങൾക്ക് ശരിയടയാളമിടുക.” നിർദ്ദേശങ്ങൾക്ക് താഴെയായി ഇന ിപ്പറയുന്ന ഗുണങ്ങൾ ഉൾപ്പെടുന്ന ഒരു പട്ടിക നൽകിയിരിക്കുന്നു:

സുന്ദരിയായ സ്ത്രീ അല്ലെങ്കിൽ സുന്ദരനായ പുരുഷൻ.
ഏറെ പണവും നിരവധി വസ്തു വകകളും.
ജനസമ്മതിയുള്ളയാൾ; എല്ലാവരും ഇഷ്ടപ്പെടുന്നു.
മറ്റുള്ളവരേക്കാൾ അധികാരവും ശക്തിയും.
വിനോദരംഗത്ത് അല്ലെങ്കിൽ രാഷ്ട്രീയ രംഗത്ത് അറിയപ്പെടുന്ന ഒരു

വ്യക്തിത്വം.

വർത്തമാന പത്രങ്ങളിലും മാസികകളിലും ചിത്രങ്ങൾ പ്രത്യക്ഷപ്പെടുന്ന വ്യക്തി.

എല്ലാറ്റിന്റെയുമൊടുവിലായി ഇത് കൂടി ചേർത്തിരിക്കുന്നു.

ദൈവത്തിന്റെ മകൻ അല്ലെങ്കിൽ മകൾ.

നിങ്ങൾ ഈ ഇനങ്ങളിൽ ഏതിൽ അടയാളമിടും? അതിന് ശേഷം, ലോകം ഹൃദയത്തിൽ നിറച്ചു കൊണ്ട് നടക്കുന്ന ഒരു മനുഷ്യൻ, ഒരു "വിശിഷ്ട വ്യക്തി" യ്ക്ക് വേണ്ട ഗുണങ്ങളെക്കുറിച്ച് എങ്ങനെയായിരിക്കും ചിന്തിക്കുക എന്നാലോചിച്ചു നോക്കുക. നിങ്ങൾ കരുതലോടെ ജീവിക്കുന്നില്ലെങ്കിൽ, അറിയാതെ തന്നെ ലോകത്തിന്റെ മൂല്യ വ്യവസ്ഥകൾ സ്വീകരിച്ചു പോകും. "പുതുക്കപ്പെട്ട" ഒരു മനസ്സ് (12:2) ഉണ്ടാകുന്നതിന് – എല്ലാറ്റിനെയും പുതിയ വിധത്തിൽ നോക്കിക്കാണുന്നതിന് – പൗലൊസ് നമുക്ക് മുൻപിൽ വെല്ലുവിളി വെച്ചിരിക്കുന്നു.

12:3–8–ൽ പൗലൊസ് ഇങ്ങനെ പറയുകയാണ്, നിങ്ങൾ ദൈവത്തിന്റെ സന്തതിയാണെങ്കിൽ, *നിങ്ങൾ വിശിഷ്ട വ്യക്തിയാണ്.* നിങ്ങൾ വിശിഷ്ട വ്യക്തിയാണ് എന്ന് കാണിക്കുന്നതിനായി പൗലൊസിന് നിരവധി തെളിവുകൾ ഉപയോഗിക്കാമായിരുന്നു. ദൈവം നിങ്ങളെ സൃഷ്ടിച്ചുവെന്നും അതു കൊണ്ട് തന്നെ നിങ്ങൾക്ക് തുല്യമായി മറ്റൊരാളുമില്ല എന്നുമുള്ള വസ്തുതയെക്കുറിച്ച് അദ്ദേഹത്തിന് സംസാരിക്കാമായിരുന്നു. "സൃഷ്ടിക്ക് ഡ്യൂപ്ലിക്കേറ്റുകളില്ല."[90] യേശുക്രിസ്തു നിങ്ങൾക്ക് വേണ്ടി ക്രൂശിൽ മരിച്ചതിനാൽ നിങ്ങൾ വിശിഷ്ട വ്യക്തിയാണ് എന്ന് പൗലൊസിന് ഊന്നിപ്പറയാമായിരുന്നു. നിങ്ങൾക്ക് പൗലൊസിനോടു കൂടെ പറയുവാൻ കഴിയും: "ദൈവപുത്രൻ എന്നെ സ്നേഹിക്കുകയും എനിക്കു വേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുക്കുകയും ചെയ്തു" (ഗലാ 2:20; പ്രത്യേക ഊന്നൽ ചേർത്തിരിക്കുന്നു). എങ്കിലും, 12:3–8–ലെ പൗലൊസിന്റെ വാക്കുകളിൽ നിന്നുള്ള തെളിവ്, കർത്തൃസഭയുടെ പ്രവർത്തനത്തിനായി അത്യന്താപേക്ഷിതമായ ഒരു പ്രത്യേക ദാനം ദൈവം നിങ്ങൾക്ക് നൽകിയിരിക്കുന്നതിനാൽ നിങ്ങൾ വിശിഷ്ട വ്യക്തിയാണ് എന്നതാണ്.

12:4, 5–ൽ പൗലൊസ് സഭയെ ഒരു മനുഷ്യ ശരീരത്തോട് താരതമ്യം ചെയ്യുകയാണ്. ഇത്തരത്തിലൊരു ഉപമയിൽ നിന്ന് നിരവധി പ്രായോഗിക വസ്തുതകൾ നമുക്ക് കണ്ടെത്താം (കാണുക 1 കൊരി. 12:12–27). ഉദാഹരണമായി, നമുക്ക് നൽകിയിട്ടുള്ള ദാനങ്ങൾ അഥവാ വരങ്ങൾ നാം വിനിയോഗിക്കുന്നത് സഭയുടെ പശ്ചാത്തലത്തിലാണ് എന്ന് പൗലൊസ് വ്യക്തമാക്കി. അങ്ങനെ ചെയ്യണമെങ്കിൽ, നാം പ്രാദേശിക കൂട്ടായ്മയിൽ സജീവമായിരിക്കണം. ഈ വചന ഭാഗത്തിൽ സൂചിതമാക്കപ്പെട്ടിരിക്കുകയോ അർത്ഥമാക്കപ്പെട്ടിരിക്കുകയോ ചെയ്യുന്ന മറ്റ് പ്രായോഗിക വസ്തുതകൾ ഞാൻ ഒരു പട്ടികയായി നൽകട്ടെ. ഞാൻ ഇത് പരാമർശിക്കുമ്പോൾ, ഒരു മനുഷ്യ ശരീരം നിങ്ങളുടെ മനക്കണ്ണാടിയിൽ ദർശിക്കുക.

*മനുഷ്യ ശരീരത്തിലെ ഓരോ അംഗത്തിനും ഒന്നോ അതിലധികമോ ദൈവീക ദാനങ്ങളുണ്ട് (ധർമ്മങ്ങൾ); ഒന്നും വിട്ടു കളയപ്പെട്ടിട്ടില്ല.* വാക്യം

6 പറയുന്നു, ''ആകയാൽ നമുക്കു ലഭിച്ച കൃപയ്ക്കു ഒത്തവണ്ണം വെവ്വേറെ വരം ഉള്ളതുകൊണ്ടു.'' ഈ വരങ്ങൾ (ദാനങ്ങൾ) എന്തൊക്കെയാണ്? ദൈവം നമുക്ക് നൽകിയിട്ടുള്ള താലന്തുകളെക്കുറിച്ചും കഴിവുകളെക്കുറിച്ചുമാണ് അധികം പേരും ചിന്തിക്കുക. പൗലൊസിന്റെ മനസ്സിൽ പ്രാഥമികമായും ഇതാണ് ഉണ്ടായിരുന്നേക്കാമായിരുന്നത്. ഒരു പക്ഷേ, ദാനങ്ങളെ, ദൈവം നമുക്ക് നൽകിയിട്ടുള്ള താലന്തുകളായിട്ടും കഴിവുകളായിട്ടും അതിനോടൊപ്പം തന്നെ ആ ദാനങ്ങൾ ഉപയോഗിക്കുന്നതിന് നമുക്ക് മറ്റെന്തൊക്കെയാണോ വേണ്ടത് അവ പോലെയും ഒരു പക്ഷേ നാം പരിഗണിക്കേണ്ടതാണ്.

*എല്ലാ ദൈവീക ദാനങ്ങളും/ധർമ്മങ്ങളും ഒരേ പോലെയല്ല.* വാക്യം 6 വീണ്ടും നോക്കുക: ''നമുക്ക് ലഭിച്ച കൃപയ്ക്ക് ഒത്തവണ്ണം വെവ്വേറെ വരം ഉള്ളതു കൊണ്ട് ...'' (പ്രത്യേക ഊന്നൽ ചേർത്തിരിക്കുന്നു). കണ്ണിന്റെ ധർമ്മത്തിൽ നിന്ന് വ്യത്യസ്തമാണ് കാതിന്റെ ധർമ്മം; കാലിന്റെ ധർമ്മം പേ ാലെയുള്ളതല്ല കൈയ്യുടെ ധർമ്മം.

നാം പഠിക്കുന്ന വചനത്തിന്റെ ഈ ഭാഗം, സഭയിലെ വിശ്വാസങ്ങളുടെ ''വൈവിദ്ധ്യ'' വും ''മറ്റുള്ളവരുടെ വീക്ഷണങ്ങ'' ളും അംഗീകരിക്കുന്നതിനെ ക്കുറിച്ച് സംസാരിക്കുന്നതിനുള്ള ഒരു അവസരമായി നിരവധി എഴുത്തുകാർ ഉപയോഗി ക്കുന്നു. എന്നാൽ, പൗലൊസ് സംസാരിച്ചത് വിശ്വാസങ്ങളുടെ വൈവിദ്ധ്യങ്ങളെക്കുറി ച്ചായിരുന്നില്ല; മറിച്ച് ഓരോ വ്യക്തിയും നിർവ്വഹി ക്കുന്നതിനുള്ള ധർമ്മങ്ങളുടെ വൈവിദ്ധ്യങ്ങളെക്കുറിച്ചായിരുന്നു. അദ്ധ്യായം 14, 15 എന്നിവയിൽ, വിവിധ അഭിപ്രായ ങ്ങളെ സംബന്ധിച്ചിടത്തോളം നാം പരസ്പരം സഹിഷ്ണുത പ്രദർശിപ്പിക്കേ ണ്ടതുണ്ട് എന്ന് അദ്ദേഹം അടിവരയിട്ട് പറഞ്ഞു. എന്നാൽ വിശ്വാസം സംബന്ധിച്ച് എന്തായിരിക്കണം നിലപാട്? വിശ്വാസപരമായ തെറ്റുകളോട് സഹിഷ്ണുത കാണിക്ക ണമെന്നാണോ അപ്പൊസ്തലൻ വിശ്വസിച്ചത്? 16:17-ൽ അദ്ദേഹം പറഞ്ഞു, "സഹോദരന്മാരേ, നിങ്ങൾ പഠിച്ച ഉപദേശത്തിന്നു വിപരീതമായ ദ്വന്ദ്വപക്ഷ ങ്ങളെയും ഇടർച്ചകളെയും ഉണ്ടാക്കുന്നവരെ സൂക്ഷിച്ചുകൊള്ളേണമെന്നു ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു. അവരോടു അകന്നു മാറുവിൻ."

നമ്മുടെ ചർച്ചയിലേക്ക് മടങ്ങി വരാം: സഭയുടെ എല്ലാ അംഗങ്ങൾക്കും ഒരേ ദാനം/ധർമ്മമല്ല ഉള്ളത്. കണ്ണ് ഗന്ധമറിയുന്നതിനും കാത് കാണുന്നതിനും നാം ആഗ്രഹിക്കുന്നില്ല; നമ്മിൽ ഭൂരിപക്ഷം പേർക്കും നമ്മുടെ കാലുകൾ കൊണ്ട് സാധനങ്ങൾ എടുക്കുന്നതിനും കൈകൾ കൊണ്ട് നടക്കുന്നതിനും സാദ്ധ്യമല്ല. എങ്കിൽത്തന്നെയും, ചിലപ്പോൾ സഭയിലെ എല്ലാ അംഗങ്ങളും ഒരേ വിധത്തിൽ പ്രവർത്തിക്കണമെന്ന് നാം പ്രതീക്ഷിക്കുന്നു. ''കാത്'' - ന്റെ ധർമ്മം നിർവ്വഹിക്കുന്നതിന് വരം നൽകപ്പെട്ടിട്ടുള്ള ഒരു അംഗത്തെ, ''കാഴ്ച യുടെ'' ജോലി കൃത്യമായി ചെയ്യാതിരിക്കുന്നതിന് ശാസിക്കപ്പെട്ടേക്കാം. നാം പ്രവർത്തികളുടെ ''വിവിധത'' യെ അംഗീകരിക്കേണ്ടതുണ്ട്.

*ഓരോ ദാനവും/ധർമ്മവും പ്രധാനമാണ്.* ശരീരത്തിന്റെ ചില ഭാഗങ്ങൾക്ക് മറ്റുള്ളവയേക്കാൾ ശ്രദ്ധ ലഭിക്കുമെങ്കിലും ശരീരത്തിന്റെ ക്ഷേമത്തിനും പ്ര വർത്തനത്തിനും എല്ലാം പ്രധാനമാണ്. ശരീരത്തിൽ നിന്ന് ഒരു അവയവം ഛേദിച്ചു കളഞ്ഞ ഏതെങ്കിലുമൊരു വ്യക്തിയെ നിങ്ങൾക്കറിയാമോ? ശരീരത്തിന്റെ ഒരു അംഗം ഉപയോഗശൂന്യമായി രോഗക്കിടക്കയിൽ കിടക്കുന്ന ഒരു വ്യക്തിയെ നിങ്ങൾ കണ്ടിട്ടുണ്ടോ? എങ്കിൽ, ഞാൻ എന്താണ് അർത്ഥമാക്കുന്നതെന്ന് നിങ്ങൾക്ക് മനസ്സിലാകും.

എന്റെ കുടുംബം ഓസ്ട്രേലിയയിലായിരുന്നപ്പോൾ, എന്റെ സഹോദരൻ കോയ്, യുഎസ്-ലെ ഒരു സ്കൂളിൽ ഒരു വർഷം ചെലവഴിച്ചു. ആ വർഷം, മാക്വയറി സ്കൂൾ ഓഫ് പ്രീച്ചിംഗിൽ ഞാൻ നേതൃത്വം നൽകുകയും കോയ്യുടെ ക്ലാസിൽ വചന പ്രസംഗമെന്ന വിഷയത്തിൽ ക്ലാസ് എടുക്കുകയും ചെയ്തു. ഞാൻ വിദ്യാർത്ഥികൾക്ക് നൽകിയ ഒരു പ്രായോഗിക അഭ്യാസം, ദൃശ്യ സഹായികളുപയോഗിച്ച് വചനം പ്രസംഗിക്കുകയെന്നതായിരുന്നു. മിക്ക വിദ്യാർത്ഥികളും ചാർട്ടുകളും മറ്റ് അദ്ധ്യാപന സഹായികളും തയ്യാറാക്കി. എന്നാൽ ഒരു വിദ്യാർത്ഥി ഡോൺ മേയ്ൽസ്, കാണാവുന്ന രൂപത്തിലുള്ള സഹായികളൊന്നുമില്ലാതെയാണ് എത്തിയത്. അവന്റെ ഊഴമെത്തിയപ്പൊൾ, റോമർ 12-ൽ നിന്നും 1 കൊരിന്ത്യർ 12-ൽ നിന്നുമുളള വചന ഭാഗങ്ങൾ അവൻ പരാമർശിച്ചു കൊണ്ട് ഭൗമ ശരീരത്തിലെ അംഗങ്ങളെക്കുറിച്ച് സംസാരിച്ചു. അവൻ പറഞ്ഞു, ''ഓരോ അംഗവും പ്രധാനമാണ്.'' തന്റെ കൈയുടെ സഹായത്തോടെ അവൻ പറഞ്ഞു, ''ഉദാഹരണമായി, എന്റെ കൈയ്യിലെ ഓരോ വിരലും പ്രധാനമാണ്. തളളവിരലും നടുവിരലും പ്രധാനപ്പെട്ടതാണ്; സാധനങ്ങൾ പിടിക്കുന്നതിന് അത് സാദ്ധ്യമാക്കുന്നു. ചൂണ്ടു വിരൽ വസ്തുക്കളിലേക്ക് ചൂണ്ടുന്നതിന് നാം ഉപയോഗിക്കുന്നു. നാം മോതിരവിരലിൽ മോതിരമണിയുന്നു.'' പിന്നീട് അവൻ തന്റെ ചെറുവിരൽ ഉയർത്തിക്കാട്ടിക്കൊണ്ട് പറഞ്ഞു: ''ചെറുവിരലിന്റെ കാര്യമെന്താണ്? അതു കൊണ്ട് എന്താണ് പ്രയോജനം?'' അവൻ ഒരു നിമിഷത്തേക്ക് നിർത്തിയിട്ട് ചോദിച്ചു: ''നിങ്ങൾക്ക് എപ്പോഴെങ്കിലും ചെവിയിൽ ചൊറിച്ചിലുണ്ടായിട്ടുണ്ടോ?'' അവൻ ചെവിക്കുളളിൽ ചൊറിയുന്നതു പോലെ തന്റെ ചെറുവിരൽ ചെവിയിലിട്ട് കറക്കി. ചൊറിച്ചിലിൽ നിന്ന് വലിയ ആശ്വാസം ലഭിച്ചതു പോലെ അഭിനയിച്ചു കൊണ്ട് അവൻ പറഞ്ഞു: ''അതേ, ഓരോ അംഗവും പ്രധാനപ്പെട്ടതാണ്!''

പൗലൊസ് വാക്യം 5 സമാപിപ്പിക്കുന്നതിങ്ങനെയാണ്: ''എല്ലാവരും തമ്മിൽ അവയവങ്ങളും ആകുന്നു.'' AB ഇങ്ങനെ പരിഭാഷപ്പെടുത്തുന്നു: ''ഒന്നു മറ്റൊന്നിന്റെ ഭാഗങ്ങൾ - ഒന്നു മറ്റൊന്നിൽ പരസ്പരം ആശ്രയിക്കുന്നത്.'' എന്റെ ശരീരത്തിലെ ഒരു അംഗത്തിന് മറ്റെല്ലാ അംഗങ്ങളുടെയും ആവശ്യമുളളതു പോലെ, ആത്മീയ ശരീരത്തിലെ (സഭ) ഒരു അംഗത്തിന് മറ്റെല്ലാ അംഗങ്ങളുടെയും ആവശ്യമുണ്ട്. അപ്രധാനമായ അംഗങ്ങളോ അപ്രധാനമായ ദാനങ്ങളോ ഇല്ല.

നമുക്ക് നൽകപ്പെട്ടിരിക്കുന്ന *ഓരോ ദൈവീക ദാനവും ഉപയോഗിക്കപ്പെടേണ്ടതാണ്.* വാക്യം 6 ഒരിക്കൽക്കൂടി വായിക്കുക: ''നമുക്ക് ലഭിച്ച കൃപെക്ക് ഒത്ത വണ്ണം വെവ്വേറെ വരം ഉളളതിനാൽ ...'' ദൈവം നമുക്ക് ദാനങ്ങൾ നൽകി യിട്ടുണ്ട്. നാം അവ ഉപയോഗിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. നിങ്ങൾ ഒരു വ്യക്തിക്ക് അയാളുടെ ഉപയോഗത്തിനായി ഒരു സമ്മാനം നൽകുന്നുവെങ്കിലും അയാൾ (അല്ലെങ്കിൽ അവർ) അത് ഒരിക്കലും ഉപയോഗിക്കുന്നതായി നിങ്ങൾ കാണുന്നില്ലെങ്കിലും നിങ്ങൾക്ക് എങ്ങനെയാണ് തോന്നുക?

6 മുതൽ 8 വരെയുളള വാക്യങ്ങളിൽ ദാനത്തെപ്പറ്റി പറഞ്ഞിരിക്കുന്നു: പ്രവചിക്കൽ, ശുശ്രൂഷ, ഉപദേശിക്കൽ, പ്രബോധിപ്പിക്കൽ, ദാനം ചെയ്യൽ, നേതൃത്വം നൽകൽ, കരുണ കാട്ടൽ. പ്രവചനത്തിന്റെ സംഭവ്യമായ ഒരു പ്രായോഗിക തലം, ചിലർക്ക് പ്രസംഗിക്കുന്നതിന് അല്ലെങ്കിൽ

ദൈവ വചനം പൊതുവായി സംസാരിക്കുന്നതിന് – ഒരു അർത്ഥത്തിൽ, "ദൈവത്തിന് വേണ്ടി സംസാരിക്കുക" (എല്ലാവർക്കും ഈ കഴിവില്ല. ഒരു ചിത്രീകരണം ഉപയോഗിക്കുന്നുവെങ്കിൽ, ദൈവം എല്ലാവരേയും വായ ആക്കി സൃഷ്ടിച്ചിട്ടില്ല) – കഴിവുണ്ടാകുന്നുവെന്നതാണ്.

*ഒരു വെല്ലുവിളി.* നാം ദൈവീക ദാനങ്ങളുടെ പട്ടിക വായിച്ചപ്പോൾ, "ഒരു പക്ഷേ ദൈവം എനിക്ക് ഈ ദാനം നൽകിയിട്ടുണ്ടോ?" എന്ന് നിങ്ങൾ പറഞ്ഞുവോ? സഭയിലെ ഓരോ അംഗവും തന്റെ ദൈവീക ദാനം എന്താണെന്ന് നിർണ്ണയിക്കുകയും അത് ഉപയോഗിക്കുകയും ചെയ്യുന്നത് പ്രധാനമാണ്. ഓരോ അംഗവും തങ്ങൾക്ക് ചെയ്യുവാൻ കഴിയുന്നത് ചെയ്തു കൊണ്ടിരിക്കുന്ന ഒരു സഭയെക്കുറിച്ച് നിങ്ങൾക്ക് സങ്കൽപ്പിക്കാമോ? ആ സഭ എത്ര വലിയൊരു ശക്തിയായിരിക്കും!

ഈയൊരു ബിന്ദുവിൽ, ചിലർ ചോദിച്ചേക്കാം: "ദൈവം എനിക്ക് നൽകിയിട്ടുള്ള ദാനം എനിക്ക് എങ്ങനെ അറിയാം?" വ്യത്യസ്തങ്ങളായ നിർദ്ദേശങ്ങൾ നൽകപ്പെട്ടിട്ടുണ്ട്. ജെയിംസ് ഒ. ബെയേർഡ് നമുക്ക് ചെയ്യുവാൻ സാധിക്കുന്ന ഒരു പട്ടികയെക്കുറിച്ച് എഴുതുന്നുണ്ട്.[91]

- നിങ്ങൾക്ക് ചെയ്യുവാൻ കഴിയുന്നതും മികവോടെ ചെയ്യുവാൻ *കഴിയുന്നതും* നിങ്ങൾ ആസ്വദിച്ച് ചെയ്യുന്നതുമായ കാര്യങ്ങൾ പട്ടികയായി എഴുതുക.
- നിങ്ങളുടെ സഭയിൽ *നിർവ്വഹിക്കപ്പെടേണ്ട* ആവശ്യമുള്ളവ പട്ടികയായി എഴുതുക: ആരാധനയുടെ ശുശ്രൂഷകളിൽ, സർവ്വീസ് പ്രൊജക്ടുകളിൽ, തുടർച്ചയായുള്ള ആവശ്യകതകളിൽ, സഹ വിശ്വാസികളുടെ ആവശ്യകതകളിൽ തുടങ്ങിയവ.
- രണ്ട് പട്ടികകളും താരതമ്യം ചെയ്യുക. നിങ്ങളുടെ താലന്തുകളും കഴിവുകളും ഇവിടെ യോജിക്കുന്നുണ്ടോ എന്ന് കാണുന്നതിന് ശ്രമിക്കുക. എങ്കിലും, നിങ്ങൾ ഇപ്പോൾ ചെയ്യുവാൻ കഴിയുന്നതിലേക്ക് മാത്രമായി നിങ്ങളെ ത്തന്നെ പരിമിതപ്പെടുത്തരുത്. നിങ്ങളോടു തന്നെ സ്വയം ചോദിക്കുക: "എന്ത് കഴിവുകളാണ് എനിക്ക് വികസിപ്പിക്കാൻ കഴിയുക?"
- മാർഗ്ഗദർശനത്തിനായി പ്രാർത്ഥിക്കുക (ഇത് ഓരോ പടിയിലും ബാധകമാണ്).
- മറ്റ് ആളുകളുടെ ഉപദേശം തേടുക: മൂപ്പൻമാർ, ഡീക്കൻമാർ, വചന പ്രസംഗകർ, പക്വതയാർജ്ജിച്ചിട്ടുള്ള മറ്റ് വിശ്വാസികൾ തുടങ്ങിയവരുടെ. ധ്യാനിക്കുവാൻ സമയം നീക്കിവെക്കുക.
- ആത്യന്തികമായി, നിങ്ങൾക്ക് ചെയ്യുവാൻ കഴിയുന്നതെന്താണെന്നതിനെക്കുറിച്ച് ഒരു നിർണ്ണയത്തിലെത്തുക. അതിനായി സമർപ്പിക്കുകയും അത് ചെയ്യുന്നതിന് ആരംഭിക്കുകയും ചെയ്യുക.

ഇവിടെ അൽപ്പം ജാഗ്രതയുടെ ആവശ്യമുണ്ട്. "എനിക്ക് പഠിപ്പിക്കുന്നതിനുള്ള വരമുണ്ട്, അതിനാൽ എനിക്ക് കരുണ കാണിക്കേണ്ട ആവശ്യമില്ല" "അല്ലെങ്കിൽ എനിക്ക് പ്രബോധിപ്പിക്കുന്നതിനുള്ള വരമുണ്ട് അതിനാൽ എനിക്ക് നൽകേണ്ട ആവശ്യമില്ല." ഈ ഏഴ് ദാനങ്ങൾ ചില അളവിലെങ്കിലും പ്രയോഗിക്കുന്നതിന് വേദപുസ്തകം നമ്മോട് ആവശ്യപ്പെടുന്നു:

ദൈവത്തിന്റെ വക്താവായി സുവിശേഷീകരണം നടത്തുക (മത്തായി 28:19, 20; മർക്കൊസ് 16:15, 16).
ശുശ്രൂഷിക്കൽ (റോമ. 12:11; ഗലാ. 5:13).
ഉപദേശിക്കൽ (എബ്രാ. 5:12).
പ്രബോധിപ്പിക്കൽ (എബ്രാ. 3:13; 10:24, 25).
ദാനം നൾകൽ (ലൂക്കൊ. 6:38; റോമ. 12:13; 1 കൊരി. 16:1, 2; 2 കൊരി. 8; 9).
നേതൃത്വം നൽകൽ (ഭരിക്കൽ) (1 തിമൊ. 3:4, 12). (നേതൃത്വം [മൂപ്പൻ സ്ഥാനം] പുരുഷൻമാരിലേക്ക് പരിമിതപ്പെട്ടിരിക്കുന്നു).
കരുണ ചെയ്യൽ (ലൂക്കൊ. 10:37; കൊലൊ. 3:12).

ക്രിസ്തീയ വിശ്വാസി എന്ന നിലയിൽ നാം എന്ത് ചെയ്യേണ്ടതുണ്ട് എന്ന് നിർണ്ണയിക്കുന്നത് നമുക്ക് ലഭിച്ചിരിക്കുന്ന ദാനങ്ങൾ കണ്ടെത്തുന്നതിനേക്കാൾ പ്രാധാന്യമുള്ളതാണ്; വേദപുസ്തകം അതിന് പൊതുവായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. അതിനേക്കാൾ, നമ്മുടെ ക്രിസ്തീയ ശുശ്രൂഷയിൽ നാം ഏറ്റവുമധികം പ്രാധാന്യം എന്താണെന്ന് നിർണ്ണയിക്കുന്നതാണ് പ്രാധാന്യ മർഹിക്കുന്നത്. എന്റെ കോളേജ് വിദ്യാഭ്യാസ കാലത്ത്, എനിക്ക് ബിരുദധാരിയായിത്തീരുന്നതിന് നിരവധി വിഷയങ്ങൾ പഠിക്കേണ്ടിയിരുന്നു – ഇംഗ്ലീഷും ചരിത്രവും സയൻസും ഉൾപ്പെടെ. എങ്കിലും എന്റെ കൂടുതൽ സമയവും വേദപുസ്തകവും വേദപുസ്തകവുമായി ബന്ധപ്പെട്ട വിഷയങ്ങളും പഠിക്കുന്നതിനാണ് ഞാൻ സമയം ചെലവഴിച്ചത്. എന്റെ ‘‘മേജർ’’ ‘‘ബൈബിൾ’’ ആയിരുന്നുവെന്നാണ് കോളേജിൽ ഉപയോഗിക്കപ്പെട്ടിരുന്ന പ്രയോഗം. നമ്മുടെ വിഷയത്തിന് ഇത് ബാധകമാക്കിയാൽ, നമ്മുടെ വരം അല്ലെങ്കിൽ വരങ്ങൾ നമ്മുടെ ആത്മീയ ‘‘മേജർ’’നിർണ്ണയിക്കും എന്നു പറയാം.

*നമ്മുടെ ദാനങ്ങൾ എന്തു കൊണ്ട് ഉപയോഗിക്കപ്പെടണം?* ദൈവം നമുക്ക് ദാനങ്ങൾ നൽകിയിട്ടുണ്ട്; നാം അവ ഉപയോഗിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. നിങ്ങളുടെ വരങ്ങൾ കണ്ടെത്തുകയും അവ ഉപയോഗിക്കുകയും ചെയ്യുന്നത് ദൂരവ്യാപകമായ ഫലങ്ങൾ ഉളവാക്കും. അത് നിങ്ങളെ ആഹ്ലാദഭരിതനായ ഒരു ക്രിസ്തീയ വിശ്വാസിയാക്കിത്തീർക്കും. (‘‘ഒടുവിൽ സഭയിൽ എന്റെ സ്ഥാനം ഞാൻ കണ്ടെത്തി’’യെന്ന് എന്നോട് പറഞ്ഞിട്ടുള്ള വ്യക്തികളുടെ പുഞ്ചിരിക്കുന്ന മുഖങ്ങൾ എന്റെ മനക്കണ്ണാടിയിൽ എനിക്ക് കാണാം.) അത് നിങ്ങളെ ദൈവത്തോട് വിശ്വസ്തനായി സൂക്ഷിക്കും. അത് സഭയെ പണിയും (എഫെ. 4:12). അത് മറ്റുള്ളവരുടെ ജീവിതങ്ങളെ അനുഗ്രഹിക്കും; ദൈവത്തെ മഹത്വപ്പെടുത്തും (1 പത്രൊസ് 4:11).

നാം ശരീരത്തിന്റെ ‘‘അംഗങ്ങളാണ്’’ എന്ന് മറക്കരുത് (12:4, 5): ‘‘കണ്ണുകൾ’’, ‘‘കാതുകൾ’’, ‘‘കൈകൾ’’, ‘‘കാലുകൾ’’ തുടങ്ങിയവ. നിങ്ങളുടെ കണ്ണുകൾക്ക് കാണുന്നതിന് സാധിക്കുന്നില്ലെങ്കിൽ, അത് നില നിൽക്കുന്നതിന്റെ ഉദ്ദേശ്യം നഷ്ടപ്പെട്ടുവെന്ന് അതിന് പറയാം; ഒരു കാതിന് കേൾക്കുന്നതിന് സാധിക്കുന്നില്ലെങ്കിൽ, അത് നിലനിൽക്കുന്നതിന്റെ ഉദ്ദേശ്യം അതിന് നഷ്ടപ്പെട്ടുവെന്ന് പറയാം; കൂടുതലായി, നമ്മുടെ വചനഭാഗത്തെ അവസാന വാക്യങ്ങളിലെ മൂന്ന് വാക്യങ്ങൾ, വ്യത്യസ്ത വരങ്ങൾ ലഭിച്ചിട്ടുള്ളവർ അത് ഉപയോഗിക്കേണ്ട ആവശ്യകതയെക്കുറിച്ചാണ്.

*നമ്മുടെ വരങ്ങൾ എങ്ങനെ ഉപയോഗിക്കാം?* ഓരോ വരവും ഉപയോഗിക്കുന്ന തിനുള്ള നടപടികൾ വിശദീകരിക്കുന്നതിന് പൗലൊസ്

സമയമെടുക്കുന്നില്ല. അതിനേക്കാ ളുപരിയായി, നമ്മുടെ കഴിവുകൾ വിന ിയോഗിക്കുമ്പോൾ നമുക്കുണ്ടായിരിക്കേണ്ട മന:സ്ഥിതിയെക്കുറിച്ച് പറയുന്നതിലാണ് പൗലൊസ് ശ്രദ്ധയൂന്നുന്നത്:

നിങ്ങൾക്ക് ലഭിച്ചിരിക്കുന്ന വരം എന്തു തന്നെയായാലും, ദൈവ വചനത്തിൽ ഉറച്ചു നിൽക്കുകയും അത് കൊണ്ടു വരുന്ന പരിമിതികൾ അംഗീകരിക്കുകയും ചെയ്യുക.

മറ്റുള്ളവർക്ക് മുൻപിൽ പ്രദർശിപ്പിക്കപ്പെടുന്നതിനും വ്യക്തികളുടെ പ്രശംസയാർജ്ജിക്കുന്നതിനും വേണ്ടി നിങ്ങളുടെ വരം ഉപ യോഗിക്കരുത്.

നിങ്ങൾക്ക് ലഭിച്ചിരിക്കുന്ന വരത്തെക്കുറിച്ച് തീക്ഷ്ണത പുലർത്തുക.

നിങ്ങൾക്ക് ലഭിച്ചിരിക്കുന്ന വരത്തെക്കുറിച്ച് ഹൃദയത്തിൽ ആഹ്ലാദം സൂക്ഷിക്കുകയും ആനന്ദത്തോടെ അത് ഉപയോഗിക്കുകയും ചെയ്യുക.

ദൈവം നമുക്ക് നൽകുന്ന വ്യത്യസ്ത വരങ്ങളെക്കുറിച്ച് നാം ഒരു കുറിപ്പ് കൂടി ഇവിടെ ചേർക്കേണ്ടതുണ്ട്. ഓരോ വ്യക്തിക്കും വ്യത്യസ്തമായ വരങ്ങൾ ഉള്ളത്, ഒരു സഭാകൂട്ടായ്മയിൽ ആസൂത്രണം ചെയ്യപ്പെടേണ്ട പ്രവർത്തനങ്ങളെ ക്കുറിച്ച് ചിലപ്പോൾ അഭിപ്രായ വ്യത്യാസങ്ങൾ സൃഷ്ടിച്ചേക്കാം. പഠിപ്പിക്കുന്നതിന് ദൈവം പ്രത്യേക വരം നൽകിയിരിക്കുന്നവർ, വചനത്തിൽ ശിക്ഷണം നൽകുന്ന പരിപാടികളായിരിക്കും എല്ലാറ്റിലും പ്രാധാന്യമർഹിക്കുന്നതെന്ന് കരുതിയേക്കാം; കരുണ കാട്ടുന്നതിന് പ്രത്യേക വരമുള്ള വ്യക്തികൾ, മറ്റുള്ളവരെ സഹായിക്കുന്നതാണ് സഭ പ്രാമുഖ്യം നൽകേണ്ടതെന്ന് ഉറച്ചു വിശ്വസിച്ചേക്കാം. എല്ലാവർക്കും ദൈവം ഒരേ വരമല്ല നൽകിയിരിക്കുന്നതെന്നും എല്ലാ വരങ്ങളും പ്രധാനമാണെന്നും നമുക്ക് ഓർമ്മിക്കാം. അക്കാരണത്താൽ തന്നെ, നമുക്ക് ഐക്യത്തോടും സ്നേഹത്തോടും കൂടി ജീവിക്കുന്നതിനും കർത്തൃ സഭയ്ക്കു വേണ്ടി ചെയ്യുവാൻ കഴിയുന്നതെല്ലാം ചെയ്യുന്നതിനും പഠിക്കാം.

*ഉപസംഹാരം.* നമുക്ക് വീണ്ടും ചോദിക്കാം, "ഒരു വ്യക്തിയെ വിശിഷ്ട വ്യക്തിയാക്കിത്തീർക്കുന്നതെന്താണ്?" ഈ ലോകത്തിൽ, ഏറെ സമ്പത്തും അധികാരവും അല്ലെങ്കിൽ ഏതെങ്കിലുമൊരു രംഗത്തെ നിപുണതയും ഒരു വ്യക്തിയെ വിശിഷ്ട വ്യക്തിയാക്കിത്തീർക്കുന്നു. എങ്കിലും, നിങ്ങളുടെ മൂല്യം അല്ലെങ്കിൽ പ്രാധാന്യം നിങ്ങളുടെ ധനത്തിലോ നിങ്ങളുടെ പദവിയിലോ നിങ്ങളുടെ പ്രത്യേക കഴിവുകളിലോ ആശ്രയിച്ചിരിക്കാത്ത ഒരു സ്ഥലമുണ്ട്. ആ സ്ഥലമാണ് ദൈവ സഭ, ക്രിസ്തുവിന്റെ ശരീരം. അവിടെ ഓരോ അംഗത്തിന്റെയും ആവശ്യമുണ്ട്; ഓരോ വ്യക്തിയും പ്രധാനപ്പെട്ടതാണ്. നിങ്ങൾ ക്രിസ്തുവിന്റെ ശരീരത്തിന്റെ ഭാഗമല്ലെങ്കിൽ, യേശുവിൽ വിശ്വാസമർപ്പിച്ചിരിക്കുന്ന ഒരു വ്യക്തിയെന്ന നിലയിൽ സ്നാനം സ്വീകരിക്കുന്നതിനായി ഞാൻ നിങ്ങൾക്ക് പ്രോത്സാഹനം നൽകട്ടെ. അതിലൂടെ, ദൈവം നിങ്ങളെ തന്റെ സഭയോട് ചേർക്കും (പ്രവൃ. 2:38, 47; KJV; 1 കൊരി. 12:13). അതിന് ശേഷം, നിങ്ങൾക്ക് ദൈവം നൽകിയിരിക്കുന്ന വരം എന്താണെന്ന് കണ്ടെത്തുകയും നിങ്ങളെ അതിയായി സ്നേഹിക്കുന്ന കർത്താവിന്റെ മഹത്വത്തിനായി ആ വരം അല്ലെങ്കിൽ വരങ്ങൾ ഉപ

യോഗിക്കുകയും ചെയ്യുക. ഈ ഭൂമിയിൽ ആനന്ദത്തോടെ കഴിയുന്നതിനും നിത്യതയിൽ ദൈവത്തോടൊപ്പം സ്വർഗ്ഗത്തിൽ കഴിയുന്നതിനുമുള്ള മാർഗ്ഗം അതാണ്.

**നമ്മുടെ വരങ്ങൾ കണ്ടെത്തുക (12:3-8)**[92]

റോമർ 12:3-8-ൽ ക്രിസ്തീയ ജീവിതത്തിന്റെ നിരവധി വശങ്ങൾ നിർവ്വചിക്ക പ്പെട്ടിട്ടുണ്ട്. ന്യായപ്രമാണത്തിന് പുറമേ, ക്രിസ്തുവിലൂടെ നമുക്ക് നൽകപ്പെട്ടി രിക്കുന്ന ദൈവത്തിന്റെ മഹാ കരുണ മൂലം (3:23, 24; 6:3), നമുക്ക് ഒരു പുതിയ തരത്തിലുള്ള ജീവിതം നയിക്കേണ്ടതുണ്ട് (6:1–5, 12–15). ഒരു പുതിയ തരത്തിലുള്ള ജീവിതം നയിക്കുന്നതിന്, വൈമന സ്യം കൂടാതെ അവിടുത്തേക്ക് വേണ്ടി ജീവിക്കുന്നതിന്, നമ്മെത്തന്നെ കർത്താവിന് പൂർണ്ണമായും സമർപ്പിക്കേണ്ടതുണ്ട് (12:1, 2). നമ്മെത്തന്നെ കർത്താവിന് പൂർണ്ണമായും സമർപ്പിക്കുക എന്നതിന്റെ അർത്ഥം, നമുക്ക് ദൈവം നൽകിയിട്ടുള്ള താലന്തുകൾ നമ്മുടെ കഴിവിന്റെ പരമാവധി അവി ടുത്തെ ശുശ്രൂഷയ്ക്കായി ഉപയോഗിക്കുകയെന്നതാണ് (12:3–8). റോമർ 12-ൽ ക്രിസ്തീയ വിശ്വാസികൾക്ക് നൽകപ്പെട്ടിട്ടുള്ള ഏഴ് താലന്തുകൾ നൽകിയിട്ടുണ്ട്: (1) പ്രവചനം - പ്രസംഗിക്കുന്നതു പോലെ അല്ലെങ്കിൽ പ്രഖ്യാപിക്കുന്നതു പോലെ - "യഹോവ അരുളിച്ചെയ്യുന്നു" എന്നതു പോലെ പ്രവാചകരെപ്പോലെ സംസാരിക്കുക - എന്നതാണ് ഞാൻ അർത്ഥമാക്കുന്നത്. (2) ശുശ്രൂഷ, അല്ലെങ്കിൽ സേവ; (3) ഉപദേശിക്കൽ (4) പ്രബോധിപ്പിക്കൽ അല്ലെങ്കിൽ പ്രോത്സാഹിപ്പിക്കൽ; (5) ദാനം ചെയ്യൽ; (6) നേതൃത്വം നൽകൽ (ഭരണം നടത്തൽ), (7) കരുണ അല്ലെങ്കിൽ ദയ.

റോമർ 12:3-8-ൽ വ്യക്തമാക്കപ്പെടാത്തത്, ഓരോ ക്രിസ്തീയ വിശ്വാസിക്കും വ്യക്തിപരമായി ഇത് എങ്ങനെ ബാധകമാക്കാമെന്നാണ്. നിങ്ങൾ അത്ഭുത പ്പെട്ടേക്കാം, "എനിക്ക് എന്ത് കഴിവുകളാണ് ഉള്ളത്?"; "ദൈവം നൽകിയിട്ടുള്ള വരങ്ങൾ ഞാൻ എങ്ങനെ അറിയും?" നാം ഇങ്ങനെ പോലും ചോദിച്ചേക്കാം: "ദൈവത്തിന്റെ ശുശ്രൂഷയ്ക്കായി എന്റെ താലന്തുകൾ ഞാൻ എങ്ങനെ ഉപയോഗിക്കണം?"; "ക്രിസ്തുവിന്റെ ശരീരമായ സഭയിൽ വഹിക്കേണ്ട പങ്ക് എന്താണെന്ന് കണ്ടെത്തുന്നതിനായി മറ്റുള്ളവരെ എനിക്ക് എങ്ങനെ സഹായിക്കുന്നതിന് സാധിക്കും?" ഈ വചന ഭാഗം പഠിക്കുന്നതിന ിടയിൽ നാം ഈ ചോദ്യങ്ങൾ പരിഗണിക്കും?

*നമുക്ക് ദൈവീക വരങ്ങളുണ്ടോ?* "ദൈവം എനിക്ക് ഒരു വരം നൽകിയിട്ടുണ്ടെന്ന് എനിക്ക് എങ്ങനെ ഉറപ്പു വരുത്തുവാൻ കഴിയും?" ഉത്തരം നൽകുന്നതിന് മുൻപ്, ദൈവം നിങ്ങൾക്ക് നൽകിയിട്ടില്ലെന്ന് ഉറപ്പായും പറയാവുന്ന ചില കാര്യങ്ങൾ ഞാൻ ഓർമ്മിപ്പിക്കട്ടെ. ദൈവം ഇന്ന് ക്രിസ്തീയ വിശ്വാസികൾക്ക് നൽകുന്ന എല്ലാ വരങ്ങളും നിങ്ങൾക്ക് നൽകിയിട്ടില്ല. പുതിയ നിയമകാലയളവിൽ (കാണുക 1 കൊരി. 12:29–31) എല്ലാ ദൈവീക വരങ്ങളും എല്ലാവർക്കും നൽകിയിട്ടില്ലായിരുന്നുവെങ്കിൽ, ഇന്നും തന്റെ പുത്രീ-പുത്രൻമാർക്ക് എല്ലാവർക്കും എല്ലാ വരങ്ങളും നൽകുന്നില്ല. കർത്തൃ സഭയിൽ നിർവ്വഹിക്കപ്പെടേണ്ട എല്ലാം ചെയ്യുന്നതിന് - എല്ലാ ധർമ്മങ്ങളും നിർവ്വഹിക്കുവാൻ - കഴിയുമെന്ന് പ്രതീക്ഷിക്കരുത്.

*എല്ലാം* നിർവ്വഹിക്കുവാൻ ദൈവം നമ്മെ പ്രാപ്തരാക്കിത്തീർക്കു ന്നില്ലെങ്കിലും *ചിലവ* ചെയ്തെടുക്കുന്നതിന് കർത്താവ് നമ്മെ

ശക്തിപ്പെടുത്തിയിട്ടുണ്ട് (അഥവാ ശേഷി നൽകിയിട്ടുണ്ട്)! മത്തായി 25:14-30-ൽ കർത്താവ് പരാമർശിച്ചിട്ടുള്ള ഉപമയിലെ ''താലന്തുകൾ'', പണത്തിന്റെ അളവാണ് അല്ലാതെ നാം ചിലപ്പോൾ പറയാറുള്ളതു പോലെ ''താലന്തുകൾ (ദൈവീക വരങ്ങൾ)'' അല്ല. എങ്കിലും, ആ ഉപമ പഠിപ്പിക്കുന്നത് ദൈവ രാജ്യത്തിൽ ''അഞ്ച് താലന്ത്'' ലഭിച്ച ആളുകളും ''രണ്ട് താലന്ത്'' ലഭിച്ച ആളുകളും ''ഒരു താലന്ത്'' ലഭിച്ച ആളുകളും ഉണ്ടെന്നാണ്; ''ഒരു താലന്തും ലഭിക്കാത്ത'' ആളുകളില്ല. ദൈവ രാജ്യത്തിൽ എല്ലാവർക്കും *ചില* താലന്ത് (നാം വിശേഷിപ്പിക്കാറുള്ളതു പോലെ) നൽകപ്പെട്ടിരിക്കുന്നു; ഓരോ ക്രിസ്തീയ വിശ്വാസിക്കും ചില കഴിവ്, *ചില* ദൈവീക വരം നൽകപ്പെട്ടിരിക്കുന്നു.

നിങ്ങൾക്ക് ഒരു വരവും ഇല്ല എന്ന് നിഷേധിക്കുന്നത് നീതിമാനത്വമോ താഴ്മയോ അല്ല. നമുക്ക് ദൈവം നൽകിയിരിക്കുന്ന താലന്തുകൾ ഇല്ല എന്ന് നിഷേധിക്കുന്നത് ഈ വചനഭാഗം പ്രോത്സാഹിപ്പിക്കുന്നില്ല. നാം നമ്മെത്തന്നെ ഉയർത്തിക്കാട്ടുന്ന വിധത്തിൽ ചിന്തിക്കരുത് എന്നത് വചനം നമ്മെ പഠിപ്പിക്കുമ്പോൾ തന്നെ, നമ്മെത്തന്നെ ഏറെ താഴ്ത്തി'' ചിന്തിക്കുന്നതിനും വചനം ഉപദേശം നൽകുന്നില്ല. തല കുനിച്ചു കൊണ്ട് ''എനിക്ക് ഒന്നും ചെയ്യുന്നതിന് കഴിയില്ല'' എന്ന് ഉച്ചരിക്കുന്ന ഒരു വ്യക്തി, ''എനിക്കൊരു ദൈവീക വരം ഉണ്ട്; അത് കർത്താവിന്റെ ശുശ്രൂഷയിൽ ഉപയോഗിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.''

''*ദൈവം നൽകിയിട്ടുള്ള വരങ്ങൾ ഞാൻ എങ്ങനെ അറിയും?*'' ഇത് നമ്മെ രണ്ടാമത്തെ ചോദ്യത്തിലേക്ക് നയിക്കുന്നു: ''ഓരോ ക്രിസ്തീയ വിശ്വാസിക്കും ഏറ്റവും കുറഞ്ഞത് ഒരു താലന്ത് അല്ലെങ്കിൽ ദൈവീക വരം അല്ലെങ്കിൽ കഴിവ് ഉണ്ടെങ്കിൽ, എന്റേത് ഞാൻ എങ്ങനെ അറിയും?'' നിങ്ങൾക്ക് ദൈവം ഏത് ദൈവീക വരമാണ് നൽകിയിട്ടുള്ളത് എന്ന് അറിയുന്നതിന് ഏറ്റവും കുറഞ്ഞത് രണ്ട് മാർഗ്ഗങ്ങളുണ്ട്.

1. ചിലത് ചോദിക്കുക. ആദ്യ പടി നിങ്ങളോട് തന്നെ ചോദിക്കുകയെന്നതാണ്, ''സ്വാഭാവികമായി എനിക്ക് വഴങ്ങുന്നതായി തോന്നുന്നത് എന്താണ്?'' ചെയ്യുന്നതിൽ എനിക്ക് മികവുള്ളത് എന്താണ്? എന്ത് ചെയ്യുന്നതിനാണ് ഞാൻ ഇഷ്ടപ്പെടുന്നത്? യഥാർത്ഥ വിശ്വാസികളുടെ അംഗീകരണം ലഭിക്കുന്ന എന്ത് പ്രവർത്തിയാണ് ഞാൻ ചെയ്യുന്നത്? ദൈവ രാജ്യത്തിന് ഉപയോഗിക്കുന്നതിനായി ദൈവം നിങ്ങൾക്ക് ഒരു നിർദ്ദിഷ്ട കഴിവ് നൽകിയിട്ടുണ്ടെന്ന് മറ്റുള്ളവർ തിരിച്ചറിഞ്ഞേക്കാം.

ക്രിസ്തു സഭയിലെ നിങ്ങളുടെ പങ്ക് എന്താണെന്ന് - പ്രത്യേകിച്ചും റോമർ 12:3-8-ന്റെ വെളിച്ചത്തിൽ - തിരിച്ചറിയുന്നതിനായി, നിരവധി വർഷങ്ങൾക്ക് മുൻപ് ഞാൻ കേട്ടിട്ടുള്ള ഒരു ചെറിയ പരീക്ഷണം ഇതാ: നിങ്ങൾ ഒരു ജൻമദിനാഘോഷ വേളയിലാണെന്ന് കരുതുക. ഒരു ക്രിസ്തീയ വിശ്വാസി, ക്രിസ്തുവിൽ പ്രിയപ്പെട്ട ഒരു സഹോദരിക്കായി ഒരു ആഘോഷം തന്റെ വീട്ടിൽ ഒരുക്കിയിരിക്കുകയാണ്. സഭയിൽ നിന്നുള്ള ആറ് അല്ലെങ്കിൽ എട്ട് ഭാര്യാ-ഭർത്താക്കൻമാർ അവിടെയുണ്ട്. നിങ്ങളെല്ലാവരും പാർട്ടി ആസ്വദിക്കുകയാണ്. അതേ വരെ, ആഘോഷം ഗംഭീരമായ നിലയിൽ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. അത്യാകർഷകമായ അലങ്കാരങ്ങൾ; ജീവസുറ്റ സംഭാഷണങ്ങൾ; ആസ്വാദ്യകരമായ കൂട്ടായ്മ; സ്വാദിഷ്ടമായ ഭക്ഷണം.

ജൻമദിനാഘോഷത്തിന്റെ സമാപനത്തോടടുക്കുന്ന സമയം. സന്തോഷം

തുളുമ്പുന്ന ആതിഥേയ, അതീവ മനോഹരമായി അലങ്കരിച്ച ഒരു ജൻമദിന കേക്ക് മുറിയിലേക്ക് കൊണ്ടു വരുന്നു. ആർക്കു വേണ്ടിയാണോ ഈ ആഘോഷം നടത്തപ്പെടുന്നത്, ആ സഹോദരി ആഹ്ലാദപുരസ്സരം തന്റെ കൈകൾ കോർത്തു പിടിച്ചിരിക്കുന്നു. നിങ്ങൾ എല്ലാവരും ഒരേ സ്വരത്തിൽ ''ഹാപ്പി ബർത്ത്ഡേ ടു യൂ, ഹാപ്പി ബർത്ത്ഡേ ടു യൂ ....'' എന്ന് പാടിത്തുടങ്ങി. പെട്ടെന്ന്, ആതിഥേയ എന്തിലോ തട്ടി വീഴുന്നു. ജൻമദിന കേക്ക് തല കുത്തനെ നിലത്തേക്ക് വീഴുന്നു. ഒട്ടിപ്പിടിക്കുന്ന ഫ്രോസ്റ്റിംഗ് തറയിലാകെ ചിതറി വീഴുന്നു – അൽപ്പം ഭിത്തിയിലും അൽപ്പം സമീപം നിൽക്കുന്ന അതിഥികളുടെ വസ്ത്രങ്ങളിലും. പാട്ട് പെട്ടെന്ന് അവസാനിക്കുന്നു; അതിഥികൾ സ്തബ്ധരായി ഒരു നിശ്ശബ്ദതയിലേക്ക് വീഴുന്നു. നിലത്ത് വീണ് കിടക്കുന്ന ആതിഥേയ തന്റെ മലിനമായ വസ്ത്രത്തിലേക്ക്, ചിതറിപ്പോയ കേക്കിലേക്ക്, അപ്രതീക്ഷിതമായി നിലച്ചു പോയ ആഘോഷങ്ങളിലേക്ക് നോക്കി തേങ്ങുന്നു. നിങ്ങൾ എന്തായിരിക്കും ചെയ്യുക?

- ഒരു പക്ഷേ, നിങ്ങൾ മറ്റൊന്നും ചിന്തിക്കാതെ നിങ്ങളുടെ സുഹൃത്തിന്റെ അടുത്തേക്ക് ഓടിച്ചെല്ലുകയും അവരുടെ സമീപം മുട്ടുകുത്തി, നിങ്ങളുടെ കൈകൾ അവരുടെ ചുമലിലൂടെയിട്ട് അവരെ സാന്ത്വനിപ്പിക്കുകയും ചെയ്യും അല്ലെങ്കിൽ ആ സാഹചര്യത്തി നിണങ്ങുന്ന ഒരു തമാശ കണ്ടെത്തുക പോലും ചെയ്യും.
- ഒരു പക്ഷേ, നിങ്ങൾ ചിതറി വീണു കിടക്കുന്ന കേക്കിന്റെ അവശിഷ്ടങ്ങൾ തുടച്ചു നീക്കുന്നതിനായി ഒരു തുണിക്കഷണം അന്വേഷിക്കും. നിങ്ങൾ കേക്കിന്റെ കഷ്ണങ്ങൾ പെറുക്കിയെടുക്കുകയും ഫ്രോസ്റ്റിംഗ് തുടച്ചു മാറ്റുകയും ചെയ്യും.
- ഒരു പക്ഷേ, വീണു കിടക്കുന്ന ആതിഥേയയുടെ സമീപത്തേക്ക് പോകാതെ, നിങ്ങൾ ആശ്വാസ വാക്കുകൾ ചൊരിയും: ''വിഷമിക്കേണ്ട. എല്ലാം ശരിയാകും.'' നിങ്ങളുടെ ചുറ്റുമുളളവരോടും നിങ്ങൾ പ്രോത്സാഹനത്തിന്റെ വാക്കുകൾ വിതറും: ''എന്തൊരു ഗംഭീര പാർട്ടിയായിരുന്നു ഇത്! കേക്കില്ലെങ്കിലെന്താ? നമുക്ക് പാർട്ടി തുടരാം.''
- ഒരു പക്ഷേ, ഇത്തരത്തിലുള്ളൊരു അടിയന്തിര സ്ഥിതിയിൽ ദൈവം ആഗ്രഹിക്കുന്നതെന്താണെന്നതിനെക്കുറിച്ച് അതിഥികളായവരോട് പ്രബോധിപ്പിക്കുന്നതിന് നിങ്ങളുടെയുള്ളിൽ ഒരു ത്വരയുണർന്നേക്കാം: ''ഓർക്കുക'', നിങ്ങൾ പറയുന്നു: ''നിങ്ങളുടെ സഹോദരനോ സഹോദരിയോ ആവശ്യങ്ങൾ നിവർത്തിക്കുന്നതിനായി ക്ലേശിക്കുന്നത് നിങ്ങൾ കാണുന്നുവെങ്കിൽ അവരെ സഹായിക്കണമെന്ന് കർത്താവ് പറയുന്നു. വേദപുസ്തകം ഇങ്ങനെ പറയുന്നു ...'' നിങ്ങൾ തുടർന്ന് യാക്കോബ് 2:15–17 ഉദ്ധരിക്കും.
- ഒരു പക്ഷേ, ഈ ലഘുവായ ആകസ്മിക സംഭവത്തിൽ നാം എല്ലാവരും പഠിക്കേണ്ട ഒരു പാഠം നിങ്ങൾ കണ്ടേക്കാം. നിങ്ങൾ ഇതേ പോലെ പറയുന്നു. ''മേരി, എനിക്കറിയാം നിനക്ക് വിഷമമുണ്ടെന്ന്; എന്നാൽ ഇതിൽ നിന്ന് നാം പഠിക്കുന്നതെന്താണ്? ചിതറിപ്പോയ ഒരു കേയ്ക്കോ ഇടയ്ക്കു വെച്ച് നിർത്തേണ്ടി വന്ന ഒരു ആഘോഷമോ അല്ല ജീവിത ത്തിൽ നാം അഭിമുഖീകരിക്കേണ്ടി വന്നേക്കാവുന്ന ഏറ്റവും വലിയ ദുരന്തം. നമുക്ക് കേക്കിൽ നിന്ന് ഒരു പാഠം പഠിക്കാം:

'നിത്യനായ (കർത്താവിനെ) മുറുകെപ്പിടിക്കുന്നതിന് നാം ശ്രദ്ധ പുലർത്താം.'"

ഒരു പക്ഷേ, കേക്ക് പൊട്ടിത്തകർന്നു പോയതിനാൽ മറ്റൊരു കേക്ക് വാങ്ങണമെന്ന് തീരുമാനിക്കുന്നു. നിങ്ങൾ ഒരു പാത്രത്തിൽ അൽപ്പം പണം നിക്ഷേപിക്കുന്നു. ആ പാത്രം നിങ്ങൾ ഒരാളിൽ നിന്ന് മറ്റൊരാളിലേക്ക് കൈമാറുകയും അതിൽ പണമിടുന്നതിന് മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. അങ്ങനെ, ആർക്കെങ്കിലും പുറത്തു പോയി മറ്റൊരു കേക്ക് വാങ്ങിക്കൊണ്ടു വരുന്നതിന് സാധിക്കുന്നു.

ഒരു പക്ഷേ, നിങ്ങൾ ആ അടിയന്തിര സ്ഥിതി പെട്ടെന്ന് വിലയിരുത്തുകയും എന്താണ് ചെയ്യുവാൻ കഴിയുകയെന്ന് ചിന്തിക്കുകയും ഉടനടി ഒരു പദ്ധതി തയ്യാറാക്കുകയും ചെയ്യുന്നു. നിങ്ങൾ പറയുന്നു, "ജോവാൻ, നീ മേരിയെ ആശ്വസിപ്പിക്ക്. രൂത്ത്, നീ പ്രിസ്കില്ലയെ കൂടെ കൂട്ടി മുറിയും ചുവരുമെല്ലാം വൃത്തിയാക്കുന്നതിനനുള്ള സാമഗ്രികൾ കണ്ടെത്തൂ. ജോൺ, നിങ്ങൾ എല്ലാവരിൽ നിന്നും ഒരു പിരിവെടുക്കൂ. മാത്യുവിന് പോയി വേറൊരു കേക്ക് വാങ്ങിക്കൊണ്ടു വരാം. കേക്ക് മുറിച്ചു നൽകുന്നതും സമ്മാനപ്പൊതികൾ തുറക്കുന്നതും ഞങ്ങൾ നോക്കിക്കോളാം. ഈ സമയത്ത്, ജോസഫ്, താങ്കൾക്ക് ചില പാട്ടുകൾ പാടാമല്ലോ?"

വീണ്ടും, ഞാൻ ചോദിക്കട്ടെ, ആ സമയം എന്തു ചെയ്യുന്നതിനാണ് നിങ്ങൾക്ക് പ്രേരണ ലഭിക്കുന്നത്? നിങ്ങളുടെ ഉത്തരം മനസ്സിൽ സൂക്ഷിക്കുക. റോമർ 12:3-8-ന്റെ പ്രായോഗിക തലത്തെക്കുറിച്ച് നമുക്ക് ചിന്തിക്കാം:

താഴെ വീണ ആതിഥേയയുടെ അടുത്തെത്തി അവരെ ആശ്വസിപ്പിക്കുന്നതിന് നിങ്ങൾക്ക് പ്രേരണയുണ്ടാകുന്നുവെങ്കിൽ, നിങ്ങളിൽ കരുണ കാണിക്കുന്നതിനുള്ള ദൈവീകവരമാണുള്ളത്.

മറ്റാരുടെയും പ്രേരണ കൂടാതെ, നിങ്ങൾ സ്വയം നിലം തുടയ്ക്കുന്നുവെങ്കിൽ നിങ്ങൾക്ക് ശുശ്രൂഷയുടെ വരമാണുള്ളത്.

നിങ്ങൾ കേൾക്കുന്ന എല്ലാവരോടും പ്രോത്സാഹനത്തിന്റെ വാക്കുകൾ പറയുന്നുവെങ്കിൽ, നിങ്ങൾക്ക് പ്രബോധനത്തിന്റെ അല്ലെങ്കിൽ പ്രോത്സാഹനം പകരുന്നതിനുള്ള വരമാണുള്ളത്.

ആ സംഭവവുമായി ബന്ധപ്പെട്ട്, ദൈവഹിതത്തെക്കുറിച്ച് നിങ്ങൾ മറ്റുള്ളവരെ പ്രബോധിപ്പിക്കുന്നുവെങ്കിൽ, നിങ്ങൾക്ക് "പ്രവചനത്തിന്റെ" വരമുണ്ട് ("ദൈവത്തിനു വേണ്ടി സംസാരിക്കുക").

ഈ ആകസ്മിക സംഭവത്തിൽ നിന്ന് പാഠങ്ങൾ പഠിക്കാനുണ്ട് എന്ന് നിങ്ങൾ കരുതുന്നുവെങ്കിൽ, ആ പാഠങ്ങൾ മറ്റുള്ളഒര ുമായി പങ്കുവെക്കുന്നുവെങ്കിൽ, നിങ്ങൾക്ക് പഠിപ്പിക്കുന്നതിനുള്ള വരമുണ്ട്.

ഈ പ്രത്യേക സാഹചര്യത്തിൽ പണം നൽകി, അവിടുത്തെ ആവശ്യം പൂർത്തീകരിക്കാമെന്ന് നിങ്ങൾ മനസ്സിലാക്കുന്നുവെങ്കിൽ - പണം നൽകി സഹായിക്കുന്നതിന് നിങ്ങൾക്ക് സന്നദ്ധതയുണ്ടെങ്കിലും അതിനായി മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുവെങ്കിൽ - നിങ്ങൾക്ക് ഉദാരതയുടെ വരമുണ്ട്.

ഈ പ്രത്യേക സാഹചര്യത്തിൽ അവിടെ ചെയ്യുവാൻ സാധിക്കുന്ന

മറ്റ് കാര്യങ്ങൾ എന്തൊക്കെയാണ് എന്ന് മനസ്സിലാക്കി, അത് ചെയ്തെടുക്കുന്നതിനായി ആരംഭിക്കുന്നതിനും അതിനായി മറ്റുള്ളവരെ നിയുക്തരാക്കുകയും ചെയ്യുന്നുവെങ്കിൽ – മറ്റുള്ളവർ നിങ്ങളുടെ നിർദ്ദേശങ്ങൾ പിന്തുടരുന്നതിന് സന്നദ്ധരാണെങ്കിലും – നിങ്ങൾക്ക് നേതൃത്വത്തിനുള്ള വരമുണ്ട്.

മുകളിൽ നൽകിയിട്ടുള്ള പ്രതികരണങ്ങളെക്കുറിച്ച് നിങ്ങൾ ഇങ്ങനെ കരുതിയേക്കാം, "അത്തരമൊരു സാഹചര്യത്തിൽ ഇങ്ങനെയൊക്കെ ആരാണ് പ്രതികരിക്കുക?" ഒരു പക്ഷേ നിങ്ങളുടെ അനുമാനം ശരിയായിരിക്കാം. എല്ലാ ദൈവീക വരങ്ങളും അമൂല്യമായിരിക്കുകയും ഒന്ന് മറ്റൊന്നിനേക്കാൾ ശ്രേഷ്ഠമായി പരിഗണിക്കുവാൻ സാധിക്കാതിരിക്കുകയും ചെയ്യുമ്പോൾ, ചില സന്ദർഭങ്ങളിൽ മറ്റുള്ളവയേക്കാൾ ചിലത് കൂടുതൽ ഗുണപ്രദമായി മാറി യേക്കാം. നാം ഇവിടെ വിവരിച്ച സന്ദർഭവുമായി ബന്ധപ്പെട്ട്, കരുണ കാണിക്കു ന്നതിനുള്ള വരവും ശുശ്രൂഷയും കൂടുതൽ ഉപയോഗപ്രദമാണെന്ന് നമുക്ക് നിഗമനത്തിലെത്താം. എങ്കിലും, റോമർ 12–ൽ നിന്നും (ബന്ധപ്പെട്ട ഭാഗങ്ങളിൽ നിന്നും) നാം ഒരേ പോലെയല്ലെന്നും നമുക്ക് വ്യത്യസ്ത വരങ്ങളുണ്ടെന്നും നാം മനസ്സിലാക്കേണ്ടതാണ്. ഒരേ സാഹചര്യത്തിൽ നാം ഓരോരുത്തരും വ്യത്യസ്തമായി പ്രതികരിക്കും. നാം പ്രതികരിക്കുന്ന അതേ വിധത്തിൽ മറ്റുള്ളവർ പ്രതികരിക്കുന്നില്ലെങ്കിൽ, നാം അവരെ നിന്ദിക്കുന്നതിന് മുതിരരുത്.

ഇത്തരത്തിലൊരു പരീക്ഷ നടത്തുന്നതിലൂടെയോ നിങ്ങളുടെ ഉൾപ്രേരണകളെ വിലയിരുത്തുന്നതിലൂടെയോ, നിങ്ങൾക്ക് നൽകപ്പെട്ടിട്ടുള്ള ദൈവീക വരങ്ങളെപ്പറ്റി നിങ്ങൾക്ക് ഉത്തമമായ ഒരു ധാരണയിലെത്തി ച്ചേരാവുന്നതാണ്. ഈ സാഹചര്യത്തിൽ ഞാൻ എന്തു ചെയ്യുമായിരുന്നു? എനിക്ക് അതേപ്പറ്റി ഉറപ്പില്ല. എന്റെ ഭാര്യ കരുതുന്നത്, ഞാൻ അവിടെ ഓരോ വ്യക്തികൾക്കും ആജ്ഞ നൽകുമായിരുന്നുവെന്നും അവൾ നിലം തുടയ്ക്കുന്നതിനുള്ള സാമഗ്രി അന്വേഷിച്ച് പോകുമായിരുന്നുവെന്നുമാണ്.

ആ സ്ഥിതിയിൽ ഞാൻ എങ്ങനെ പ്രതികരിക്കുമായിരുന്നുവെങ്കിലും, എനിക്ക് പഠിപ്പിക്കുന്നതിനുള്ള ഒരു ദൈവീക വരമുണ്ടെന്ന് എനിക്ക് നന്നായി ആത്മവിശ്വാസമുണ്ട്. ''പഠിപ്പിക്കുന്നതിനുള്ള വരം'' എന്നതു കൊണ്ട് ഞാൻ ഉദ്ദേശിച്ചത്, എനിക്ക് അറിയാവുന്നത് (അല്ലെങ്കിൽ എനിക്ക് അറിയാമെന്ന് ഞാൻ കരുതുന്നത്) മറ്റുള്ളവരുമായി പങ്കു വെക്കുന്നതിന് – അവർക്ക് അത് കേൾക്കു ന്നതിന് താൽപര്യമുണ്ടെങ്കിലും ഇല്ലെങ്കിലും – ഒരു പ്രവണതയുണ്ടെന്നാണ്. കുറെ നാളുകൾക്ക് മുൻപ്, ബംഗ്ലാദേശിലേക്കുള്ള ഒരു യാത്ര കഴിഞ്ഞ് മടങ്ങിയെത്തിയ എന്നോട് എന്റെ മകളുടെ ഭർത്താവ് ഡാൻ ബംഗ്ലാദേശിനെക്കുറിച്ച് വളരെ ലളിതമായി, ''ബംഗ്ലാദേശ് എവിടെയാണ്?'' എന്ന പോലെയൊരു ചോദ്യം ചോദിച്ചു. ചില ആളുകൾക്ക് അതിന്റെ ഉത്തരം ചില വാക്കുകളിലോ ഏറിയാൽ ഒരു വാചകത്തിലോ നൽകാം എന്ന് എനിക്ക് അറിയാം. എന്നാൽ എന്റെ ഉത്തരമാകട്ടെ ബംഗ്ലാദേശിന്റെ ചരിത്രം, ഭൂമിശാസ്ത്രപരമായ സ്ഥാനം, സംസ്കാരം എന്നിവയെല്ലാം ഉൾപ്പെടുന്ന അര മണിക്കൂർ നീളുന്ന ഒരു പ്രഭാഷണമായിരുന്നു. ഡാൻ പിന്നീട് എന്റെ കുടുംബത്തോട് പറഞ്ഞു: ''ആ ഒരു ചോദ്യം ചോദിച്ചതിലൂടെ ഞാൻ വലിയൊരു അബദ്ധമാണ് ചെയ്തത്. ബംഗ്ലാദേശിനെക്കുറിച്ച് ഞാൻ അറിയാൻ

ആഗ്രഹിച്ചതിലേറെ ഞാൻ പഠിച്ചു.'' എനിക്ക് ഇത് ഒരു ദൈവീക വരമാണ് (ചിലർ അതിനെ ''ശാപം'' എന്ന് വിളിച്ചേക്കാം). യഥാർത്ഥ അദ്ധ്യാപകന്, തനിക്ക് അറിയാവുന്നതെല്ലാം മറ്റുള്ളവരുമായി പങ്കു വെക്കുന്നതിന് പ്രേ രിപ്പിക്കപ്പെടുന്നതായി തോന്നിക്കൊ ണ്ടിരിക്കും; കാരണം അത് അയാളുടെ അഭിനിവേശമാണ്!

ഇത് ഒരു ഉദാഹരണം മാത്രമാണ്. ദൈവീക ശുശ്രൂഷയ്ക്കായി ഉപ യോഗ പ്പെടുന്നതിന് ദൈവം തന്റെ മക്കൾക്ക് ഏറ്റവും കുറഞ്ഞത് ഒരു വരമെങ്കിലും നൽകിയിട്ടുണ്ട്. നിങ്ങളുടെ സ്വാഭാവികമായ അന്തർ പ്രേ രണകളെ പരിഗണിക്കുന്നുവെങ്കിൽ, ദൈവ സഭയ്ക്കായുള്ള നിങ്ങളുടെ കഴിവുകൾ വ്യക്തമാകേണ്ടതാണ്.

2. പരീക്ഷിച്ചു നോക്കുക. നിങ്ങൾക്ക് ഒരു നിശ്ചിത വരം ഉണ്ടോ ഇല്ലയോ എന്ന് കണ്ടെത്തുന്നതിനുള്ള രണ്ടാമതൊരു മാർഗ്ഗം, അത് *പരീക്ഷിച്ചു നോക്കുകയാണ്*. ഞങ്ങളുടെ ഓസ്ട്രേലിയൻ സുഹൃത്തുക്കൾ ഇങ്ങനെ പറയും, ''രണ്ടും കൽപ്പിച്ച് ചെയ്യൂ!'' നിങ്ങൾ പുതിയതായി പരീക്ഷിക്കുന്നതു വരെ, നിങ്ങൾക്ക് കണ്ടെത്താൻ സാധിക്കാത്ത ഒരു കഴിവ് നിങ്ങൾക്കുണ്ടായേക്കാം. ഒരിക്കലും പാടുന്നതിന് ശ്രമിക്കാത്ത ഒരു വ്യക്തിക്ക് ''എനിക്ക് പാടുന്നതിനുള്ള കഴിവില്ല എന്ന് എങ്ങനെ പറയുന്നതിന് കഴിയും?''

പ്രഗത്ഭരായ പ്രസംഗകരും അദ്ധ്യാപകരും ആരാധനയ്ക്ക് നേതൃത്വം വഹിക്കുന്നവരുമായ നിരവധി വിശ്വാസികൾ, തങ്ങൾക്ക് ഇത്തരത്തിലുള്ള കഴ ിവുകളുണ്ടോ എന്ന് ഒരിക്കൽ സംശയം പുലർത്തിയിരുന്നവരാണ് – ആ മേഖലക ളിൽ പരീക്ഷിച്ചു നോക്കുന്നതു വരെ. അവരിൽ ചിലരെ സംബന്ധി ച്ചിടത്തോളം, അവർ വീണ്ടും വീണ്ടും ശ്രമിച്ചുനോക്കിയവരാണ്. ആത്യന്തികമായി, അവർക്ക് മുൻപ് പ്രവർത്തിക്കുവാൻ കഴിയാതിരുന്ന മേഖലകളിൽ അവർക്ക് പ്രാഗത്ഭ്യമുണ്ടെന്ന് അവർ മനസ്സിലാക്കി. യഥാർത്ഥത്തിൽ, ചിലർ ഒരിക്കലും ചെയ്യുവാൻ കഴിയില്ല എന്ന് വിശ്വസിച്ചിരുന്ന ചില ദൗത്യങ്ങൾ നിർവ്വഹിക്കുന്നതിൽ മികവ് പുലർത്തുന്നവരായിത്തീർന്നു.

നിങ്ങളുടെ ദൈവീക വരം അല്ലെങ്കിൽ വരങ്ങൾ കണ്ടെത്തുന്നതിനായി, നിങ്ങളുടെ സ്വാഭാവികമായ അഭിനിവേശങ്ങളും കഴിവുകളുമായി നിങ്ങളും മറ്റുള്ളവരും പരിഗണിക്കുന്നത് എന്താണെന്ന് നിങ്ങൾ ചിന്തിക്കേണ്ടതുണ്ട്. രണ്ടാമതായി, പുതിയ മേഖലകൾ പരീക്ഷിച്ചു കൊണ്ടേയിരിക്കുക. നിങ്ങളുടെ ഉള്ളിൽ ആഴത്തിൽ ഒളിഞ്ഞു കിടക്കുന്ന ദൈവീക വരങ്ങൾ ഉണ്ടായിരി ക്കുന്നതിന് സാദ്ധ്യതയുണ്ട്. നിങ്ങളുടെ താലന്തുകൾ വികസിപ്പിക്കുന്നതിന് നിങ്ങൾ ശ്രമം നടത്തിക്കൊണ്ടേയിരിക്കുന്നുവെങ്കിൽ, നിങ്ങൾക്ക് അവ കണ്ടെത്തുന്നതിന് സാധിക്കും.

*നമ്മുടെ വരങ്ങൾ ഉപയുക്തമാക്കേണ്ടതിന്റെ പ്രാധാന്യമെന്താണ്?* നാം ചോദി ക്കേണ്ട മൂന്നാമത്തെ ഒരു ചോദ്യമുണ്ട്: ''ദൈവം എനിക്ക് നൽകിയിട്ടുള്ള വരങ്ങൾ ഞാൻ കണ്ടെത്തുകയും അവ ദൈവീക ശുശ്രൂഷയ്ക്കായി ഉപയോഗിക്കുകയും ചെയ്യുമ്പോൾ എന്താണ് സംഭവിക്കുക?'' ദൈവം ശുശ്രൂഷയ്ക്കായി നിങ്ങളെ പ്രത്യേകമായി തയ്യാറാക്കിയിട്ടുള്ള വിധത്തിൽ തന്നെ ശുശ്രൂഷ ചെയ്യുമ്പോൾ, രണ്ട് കാര്യങ്ങൾ സംഭവിക്കും. ഒന്നാമതായി, നിങ്ങൾ ദൈവരാജ്യത്തിനായി കൂടുതൽ ഫലദായകമാകും. ഒരു പ്രത്യേക ദൗത്യം ചെയ്യുന്നതിന് മികച്ച രീതിയിൽ തയ്യാറാക്കപ്പെട്ടിട്ടുള്ള മറ്റൊരാൾ ചെയ്യുന്നത് തന്നെ നിങ്ങളും ചെയ്യുന്നതിന് ശ്രമിക്കുന്നതിന് പകരം, നിങ്ങൾക്ക്

ഏറ്റവും മികച്ച രീതിയിൽ ചെയ്യുവാൻ കഴിയുന്നവ നിങ്ങൾ ചെയ്യുന്നുവെങ്കിൽ, നിങ്ങൾക്ക് അൽപ്പമാത്രമായി താലന്തുള്ള ഒരു ശുശ്രൂഷയിൽ ഏർപ്പെടുമ്പോൾ സഭാ വളർച്ചയ്ക്കായി നിങ്ങൾക്ക് ചെയ്യുവാൻ സാധിക്കുന്നതിനേക്കാളേറെ ഫലം കൊയ്യുവാൻ കഴിയും. ഒപ്പം, നിങ്ങൾ ആഹ്ലാദവാനുമായിരിക്കും. "വൃത്താകൃതിയിലുള്ള കുഴി" യിൽ ഉറപ്പിക്കപ്പെടുന്നതിന് ശ്രമിക്കുന്ന "ചത രുരാകൃ തിയിലുള്ള ആപ്പ്", "എപ്പോഴും സന്തോഷിക്കുന്നതിന്" വിഷമതയ ുള്ളവരായ ിരിക്കും. നാം ചെയ്യുന്നതിന് ഇഷ്ടപ്പെടുന്നതും നമുക്ക് ദൈവീക വരമുള്ളതും ചെയ്യുന്നതിൽ മികവുള്ളതും ആയ ശുശ്രൂഷ പതിവായും സ്ഥിരത യോടെയും ചെയ്യുന്നതിന് അനുവദിക്കപ്പെടുന്നത്, ഒരു ക്രിസ്തീയ വിശ്വാസി യുടെ ജീവിതം ചുമക്കാൻ കഴിയാത്ത ഒരു ഭാരം ആയിത്തീരുന്നതിനേക്കാൾ ആസ്വാദ്യകരമായ ഒരു സാഹസിക പ്രവർത്തിയാക്കിത്തീർക്കും.

*ദൈവീക വരങ്ങൾ കണ്ടെത്തുന്നതിനായി മറ്റുള്ളവരെ നമുക്ക് എങ്ങനെ സഹായിക്കാം?* മറ്റൊരു ചോദ്യം പരിഗണിക്കുക: ''മറ്റുള്ള വിശ്വാസികളുടെ ദൈവീക വരങ്ങൾ, ദൈവ രാജ്യത്തിലെ അവരുടെ സ്ഥാനം കണ്ടെത്തുന്നതിന ായി അവരെ നമുക്ക് എങ്ങനെ സഹായിക്കാം?'' മൂന്ന് നിർദ്ദേശങ്ങൾ മന സ്സിലേക്ക് വരികയാണ്.

ആദ്യമായി, ദൈവീക വരങ്ങളുടെ സത്യത്തെക്കുറിച്ച് സഹവിശ്വാസികളെ പഠിപ്പിക്കുക. പ്രത്യേകിച്ചും, ദൈവജനത്തിലെ ഓരോ വ്യക്തിക്കും ഏറ്റവും കുറഞ്ഞത് ഒരു ദൈവീക വരമെങ്കിലും ഉണ്ടെന്നും സഭയിലെ ഓരോ ഭൂമികയ ും മൂല്യമേറിയതാണെന്നും ഒരാളും മറ്റൊരാളുടെ ഭൂമികയെ അവജ്ഞയോടെ കാണരുത് എന്നും നമുക്കുള്ള എല്ലാ കഴിവുകളും നാം ഉപയോഗിക്കേണ്ട തുണ്ടെന്നും മനസ്സിലാക്കുന്നതിനായി അവരെ സഹായിക്കുക.

രണ്ടാമതായി, ആളുകൾക്ക് അവരുടെ ദൈവീക വരങ്ങൾ തിരയുന്നതിനും അത് കണ്ടെത്തുന്നതിനുമായി അവസരങ്ങൾ ഒരുക്കുന്നതിന് സഹായിക്കുക. ഒരു സഭയിൽ വ്യത്യസ്ത ശുശ്രൂഷകൾക്കായി എത്രയധികം അവസരങ്ങളുണ്ടോ എല്ലാവർക്കും അവരുടെ സ്ഥാനം – ശുശ്രൂഷ – കണ്ടെത്തുന്നതിന് അത്രയും സാദ്ധ്യതയേറും; അവിടെ അയാൾക്ക് അല്ലെങ്കിൽ അവർക്ക്, സഭയുടെ ആത്മീകവും അംഗങ്ങളുടെ സംഖ്യാപരവുമായ വളർച്ചയിൽ മൂല്യവത്തായ സംഭാവന ചെയ്യുന്നതിന് സാധിക്കും.

മൂന്നാമതായി, തങ്ങൾക്ക് ഉണ്ടെന്ന് അറിയാവുന്നതോ അല്ലെങ്കിൽ അറിയാത്തതോ എന്നാൽ ദൈവീക ശുശ്രൂഷയ്ക്കായി ഇതേവരെ ഉപ യോഗിക്കപ്പെടാത്തതുമായ താലന്തുകളുണ്ട് എന്ന് നിങ്ങൾക്ക് തോന്നുന്ന, സഭയിലുള്ള വ്യക്തികളെ പ്രോത്സാഹിപ്പിക്കുക. നാം ഒരു വ്യക്തിേ യാട് ഇനിപ്പറയുന്ന വിധത്തിൽ പ്രതികരിക്കുന്നുവെങ്കിൽ, കർത്താവിനും ആ വ്യക്തിക്കും നിങ്ങൾ വലിയ സേവനം ചെയ്യുകയാണ്: ''നിങ്ങൾക്ക് അനുഗ്രഹീതനായ ഒരു വചനപ്രസംഗകനായിത്തീരുന്നതിന് അല്ലെങ്കിൽ വചനം പഠിപ്പിക്കുന്ന ഒരു വ്യക്തി ആയിത്തീരുന്നതിന് സാധിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു'' അല്ലെങ്കിൽ ''നിങ്ങളുടെ കഴിവുകൾ നോക്കുമ്പോൾ, താങ്കൾക്ക് മികവേറിയ ഒരു ഉപദേശകൻ ആയിത്തീരുവാൻ കഴിയും'' അല്ലെങ്കിൽ ''താങ്കൾക്ക് കഴിവുറ്റ ഒരു മൂപ്പൻ ആയിത്തീരുന്നതിനുള്ള ഗുണങ്ങളുണ്ട്.''

*ഉപസംഹാരം:* മറ്റുള്ളവർക്കുള്ള ചില കഴിവുകൾ എനിക്കില്ലാതിരിക്കു മ്പോൾ തന്നെ, ചില ശുശ്രൂഷയുടെ ചില മേഖലകളിൽ നിരവധി ആളുകൾക്ക്

എന്നേക്കാൾ മെച്ചമായി പ്രവർത്തിക്കുവാൻ സാധിക്കുമ്പോൾ തന്നെ, എനിക്ക് പഠിപ്പിക്കുന്നതിനുള്ള കഴിവുണ്ട്. ചിലർക്ക് മറ്റുള്ളവരെ പഠിപ്പിക്കുന്നത് ഒരു വലിയ പരീക്ഷണം പോലെയാണ്. ചില സമയങ്ങളിൽ പഠിപ്പിക്കൽ വിഷമകരവും ഭാരിച്ചതുമായിത്തീരുന്നു - എന്നാൽ സാധാരണയായി എന്നെ സംബന്ധിച്ചിടത്തോളം കാര്യങ്ങൾ അങ്ങനെയല്ല. സാധാരണയായി, മറ്റുള്ളവരെ പഠിപ്പിക്കുന്നത് ഞാൻ ആസ്വദിക്കുന്നു. എല്ലാം ഭംഗിയായി പുരോഗമിക്കുമ്പോൾ - ഞാൻ പഠിപ്പിക്കുന്ന വിഷയത്തെക്കുറിച്ച് എനിക്ക് വ്യക്തമായ ധാരണയുള്ളപ്പോൾ, എല്ലാവരും ക്ലാസിൽ ശ്രദ്ധയോടെയിരിക്കുകയും ക്ലാസ് അവർ ആസ്വദിക്കുകയും ചെയ്യുമ്പോൾ - മറ്റൊരു വ്യക്തിയുടെ ജോലിയുമായി ഇത് ഞാൻ പകരം വെക്കില്ല. നിങ്ങൾക്കായുള്ള എന്റെ പ്രാർത്ഥന, നിങ്ങളുടെ ദൈവീക വരം അല്ലെങ്കിൽ വരങ്ങൾ നിങ്ങൾ കണ്ടെത്തുകയും നിങ്ങൾക്ക് തൃപ്തികരമായ വിധത്തിലും കർത്താവിന് ആനന്ദകരമായ വിധത്തിലും അവ ഉപയോഗിക്കുകയും ചെയ്യണമെന്നാണ്.

### സ്നേഹം നൽകുന്നതിനുള്ള വെല്ലുവിളി (12:9-13)

സ്നേഹത്തെക്കുറിച്ചുള്ള താഴെപ്പറയുന്ന അഞ്ച് വസ്തുതകളെ (12:9–13) അടിസ്ഥാനമാക്കി ഒരു പ്രസംഗം തന്നെ നമുക്ക് രൂപപ്പെടുത്താവുന്നതാണ്:

*സ്നേഹം ആത്മാർത്ഥമാണ്* – ''സ്നേഹം നിർവ്യാജം ആയിരിക്കട്ടെ'' (12:9).
*സ്നേഹം നിസ്വാർത്ഥമാണ്* – ''ബഹുമാനിക്കുന്നതിൽ അന്യോന്യം മുന്നിട്ടുകൊൾവിൻ'' (12:10).
*സ്നേഹം ഉത്സാഹഭരിതമാണ്* – ''ആത്മാവിൽ എരിവുള്ളവരായി കർത്താവിനെ സേവിപ്പിൻ'' (12:11).
*സ്നേഹം സ്ഥിരതയുള്ളതാണ്* – ''ആശയിൽ സന്തോഷിപ്പിൻ; കഷ്ടതയിൽ സഹിഷ്ണുത കാണിപ്പിൻ'' (12:12).
*സ്നേഹം സഹായിക്കുന്നതാണ്* – ''വിശുദ്ധന്മാരുടെ ആവശ്യങ്ങളിൽ കൂട്ടായ്മ കാണിക്കയും അതിഥിസൽക്കാരം ആചരിക്കയും ചെയ്‌വിൻ'' (12:13).

### ക്രിസ്തീയ വിശ്വാസിയുടെ നിർവ്വചനം (12:9-16)

ഒരു ചെറിയ കുട്ടി ക്ലാസുകളിലും വചനഘോഷണത്തിനിടയിലും ''ക്രിസ്തീയ വിശ്വാസി'' എന്ന പദം നിരവധി പ്രാവശ്യം കേട്ടു. അതിന്റെ അർത്ഥം എന്താണെന്ന് അവന് ഉറപ്പില്ലായിരുന്നു. ഒരു ദിവസം അവൻ തന്റെ അച്ഛനോട് ''ആരാണ് ഒരു ക്രിസ്തീയ വിശ്വാസി?'' എന്ന് ചോദിച്ചു. ഒരു ക്രിസ്തീയ വിശ്വാസി ക്രിസ്തുവിനുള്ളതാണെന്നും എങ്ങനെ ഒരു ക്രിസ്ത്യാനി വിശ്വാസിയായിത്തീരാമെന്നും ആ അച്ഛൻ വിശദീകരിച്ചു. കുട്ടി ചിന്താക്കുഴപ്പത്തിലായതു പോലെ തോന്നി. അതിനാൽ അച്ഛൻ തുടർന്നു പറഞ്ഞു: ''ഒരു ക്രിസ്തീയ വിശ്വാസിക്ക് ചില നിശ്ചിത വിധത്തിൽ ജീവിതം നയിക്കേണ്ടതുണ്ട്. ഞാൻ റോമർ 12 പഠിക്കുകയായിരുന്നു. ഒരു വിശ്വാസി വ്യത്യസ്ത സാഹചര്യങ്ങളിൽ എങ്ങനെ പ്രതികരിക്കേണ്ടത് എന്നത് ചുരുക്കരൂപത്തിൽ ഈ അദ്ധ്യായം നൽകുന്നുണ്ട്.'' റോമർ 12:9–16 ആധാരമാക്കിയുള്ള കുറിപ്പുകൾ കണ്ടെത്തി അച്ഛൻ വായിച്ചു, ''ഒരു ക്രിസ്തീയ വിശ്വാസി സ്നേഹിക്കുന്നവനും നിസ്വാർത്ഥനും ഉത്സാഹഭരിതന

ും സ്ഥിരതയുള്ളവനും സഹായിക്കുന്നവനും കരുണയുള്ളവനും സഹാനുഭൂതിയുള്ളവനും താഴ്മയുള്ളവനും ആയിരിക്കണം.'' തന്റെ അച്ഛന്റെ വാക്കുകളെക്കുറിച്ച് അൽപ്പസമയം അവൻ ചിന്തിച്ച ശേഷം അവൻ ചോദിച്ചു, ''അങ്ങനെയൊരാളെ ഞാൻ എന്നെങ്കിലും കണ്ടിട്ടുണ്ടോ?''

**പൊരുത്തത്തോടെ ജീവിക്കുക (12:16)**

റോമർ 12:16 പറയുന്നു, ''തമ്മിൽ ഐകമത്യമുള്ളവരായി വലിപ്പം ഭാവിക്കാതെ എളിയവരോടു ചേർന്നുകൊൾവിൻ; നിങ്ങളെത്തന്നേ ബുദ്ധിമാന്മാർ എന്നു വിചാരിക്കരുതു.'' മറ്റുള്ളവരുടെ സാമൂഹിക നില എന്തു തന്നെയായാലും അവരോടൊപ്പം പൊരുത്തത്തോടെ ജീവിക്കുന്നതാണ് വെല്ലുവിളി.

ചെളി നിറഞ്ഞ്, കീറിപ്പറിഞ്ഞ വസ്ത്രം ധരിച്ച ദരിദ്രനായ ഒരു മനുഷ്യൻ, ധനാഢ്യരായ വ്യക്തികളുള്ള ഒരു സഭാകൂട്ടായ്മ സന്ദർശിച്ച ഒരു കഥയുണ്ട്. അണിഞ്ഞിരിക്കുന്ന വസ്ത്രങ്ങളും ആഭരണങ്ങളും ധനാഢ്യത വിളിച്ചറിയിക്കുന്ന ഒരു സ്ത്രീയുടെ സമീപമാണ് അയാൾ ചെന്നിരുന്നത്. ഈ സന്ദർശകന്റെ സാമീപ്യത്തിൽ നിന്ന് എത്ര മാത്രം അകലം പാലിക്കുവാൻ കഴിയുമോ അവർ അത്രയും അകന്നിരുന്നു. സഭയുടെ ഉള്ളിലെ ഒരു സന്നദ്ധ സേവകൻ അടുത്തെത്തിയപ്പോൾ അവർ ഉറക്കെ മന്ത്രിക്കുന്നതു പോലെ ചോദിച്ചു: ''എനിക്ക് അനുഭവപ്പെടുന്നതു പോലെ നിങ്ങൾക്ക് ദുർഗന്ധം അനുഭവപ്പെടുന്നുണ്ടോ?'' സന്നദ്ധ സേവകൻ മണം പിടിച്ചിട്ട് പറഞ്ഞു: ''അതേ, സ്വയ-പ്രാധാന്യത്തിന്റെ ഒരു ദുർഗന്ധമാണ് അത് എന്ന് ഞാൻ കരുതുന്നു.''

ക്രൈസ്തവത വലിയ തുലനം കൊണ്ടു വരുന്നതാണ് (ഗലാ. 3:28). ക്രിസ്തു ആളുകളെ വിവിധ തട്ടുകളിലുള്ള വിഭാഗങ്ങളായോ ജാതിവ്യവസ്ഥാപരമായ വിഭാഗങ്ങളായോ തിരിച്ചില്ല. ഞാൻ അബിലീൻ ക്രിസ്ത്യൻ കോളേജ് (ഇപ്പോൾ സർവ്വകലാശാല)-ൽ ആയിരുന്നപ്പോൾ, കോളേജിന്റെ പ്രസിഡന്റ് കോളേജ് ചർച്ച് ഓഫ് ക്രൈസ്റ്റിന്റെ ഒരു മൂപ്പൻ ആയിരുന്നു. അതേ പോലെ തന്നെ കോളേജിലെ കാവൽക്കാരനും. അവർ രണ്ടു പേരും മൂപ്പൻമാരുടെ സമ്മേളനത്തിൽ ഒരുമിച്ച് കൂടുമ്പോൾ, ഒരാളുടെ അഭിപ്രായം മറ്റേ വ്യക്തിയുടെ അഭിപ്രായം പോലെ വിലമതിക്കുന്നതായിരുന്നു.

എല്ലാ വ്യക്തികളോടും യഥാർത്ഥ ക്രിസ്തീയ വിശ്വാസിയെപ്പോലെ പെരുമാറുന്നതിന് ദൈവം നമ്മെ സഹായിക്കട്ടെ. മിക്കവാറും എല്ലാ സഭാകൂട്ടായ്മകളിലും, ഏറ്റവും കുറഞ്ഞത് ഒരു വ്യക്തിയെങ്കിലും, താൻ ഇവിടെ വരേണ്ടിയിരുന്നില്ല എന്ന് കരുതുന്നയാൾ അല്ലെങ്കിൽ അതീവ ലജ്ജാലുവായ സ്വഭാവമുള്ള ഒരു വ്യക്തിയായിരിക്കും. ഒരു ക്രിസ്തീയ വിശ്വാസി, അത്തരം വ്യക്തികളെ കണ്ടെത്തുകയും അവരെ സന്ദർശിക്കുകയും അവർക്ക് സഹായകരമായ വിധത്തിൽ അവർക്ക് മുൻപിൽ സ്വീകാര്യതയും സ്നേഹവും പ്രകടിപ്പിക്കുകയും ചെയ്യണം.

നാം ''ഉയർന്ന വർഗ്ഗം'' എന്ന് വിളിച്ചേക്കാവുന്നവരെ പൗലൊസ് പ്രത്യേകമായി അഭിസംബോധന ചെയ്തു. എന്നാൽ 12:16-ലെ സന്ദേശം എല്ലാ വ്യക്തികൾക്കും - അവർ ഏത് പദവികളിലുള്ളവരാണെങ്കിലും - ആവശ്യമാണ് എന്നാണ് എന്റെ അനുഭവം. അൽപ്പ മാത്രമായി പണമുള്ളവർ, ധനാഢ്യരായ വ്യക്തികളെക്കുറിച്ച് നിന്ദാപരമായി സംസാരിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്. അൽപ്പമാത്രമായി വിദ്യാഭ്യാസം സിദ്ധിച്ചവർ, ഉന്നത വിദ്യാഭ്യാസം

നേടിയവരെക്കുറിച്ച് അപഹസിച്ച് സംസാരിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്. ചില കാരണങ്ങളാൽ, നാം മറ്റുള്ളവരേക്കാൾ ഉത്തമരായ വ്യക്തിയാണെന്ന് ചിന്തിക്കുന്നതിന് ജൻമവാസനാപരമായ ഒരു ആഗ്രഹമുണ്ട്: ഒരു പക്ഷേ നാം ജീവിക്കുന്ന സ്ഥലം കാരണം, നമ്മുടെ ചർമ്മത്തിന്റെ നിറം മൂലം അല്ലെങ്കിൽ നാം ഓടിക്കുന്ന കാർ കാരണം - ആ പട്ടികയോട് നിങ്ങൾക്ക് വീണ്ടും പലതും ചേർക്കാം. അത്തരം കാര്യങ്ങൾ ഒരു ക്രിസ്തീയ വിശ്വാസിയെ സംബന്ധിച്ചിടത്തോളം അപ്രസക്തമാണ്. കർത്താവ് എല്ലാവരേയും സ്നേഹിക്കുന്നു; കാരണം അവിടുന്ന് താഴ്മ ധരിച്ചവനാണ്.

### അപ്രിയരായവരെ എങ്ങനെ സ്നേഹിക്കാം (12:14, 17-21)

സ്കൂൾ വിദ്യാഭ്യാസം പൂർത്തീകരിക്കുവാൻ പോകുന്ന ഒരു കുട്ടി തന്റെ വീട്ടിലേക്ക് ഓടിപ്പാഞ്ഞു വന്നിട്ട് ഉറക്കെ വിളിച്ചു പറഞ്ഞു: ‘‘അങ്ങനെ ഞാൻ എന്റെ അവസാനത്തെ പരീക്ഷയും എഴുതിക്കഴിഞ്ഞു!’’ അവന്റെ അച്ഛൻ സാവധാനം തലയാട്ടി; എന്നാൽ അയാൾ ഉള്ളിൽ ഇങ്ങനെ ചിന്തിക്കുകയായിരുന്നു: ‘‘നിനക്ക് അറിയില്ല മോനേ, നിന്റെ ജീവിത പരീക്ഷകൾ ആരംഭിക്കുവാൻ പോകുന്നതേയുള്ളു!’’ നമ്മുടെ ഔപചാരിക സ്കൂൾ പഠനം കഴിഞ്ഞതിന് ശേഷവും നാം ദിവസവും പരീക്ഷിക്കപ്പെട്ടു കൊണ്ടിരിക്കുകയാണെന്ന് നമ്മിൽ ഭൂരിപക്ഷം പേർക്കും അറിയാമല്ലോ. നാം അഭിമുഖീകരിക്കുന്ന പരീക്ഷകളിൽ, നാം ഇനി പഠന വിധേയമാക്കുന്ന വചന ഭാഗത്ത് നൽകിയിരിക്കുന്നതിനേക്കാളും കഠിനമായ ഒന്ന് ഒരു പക്ഷേ ഉണ്ടായേക്കില്ല.

റോമർ 12:14-ലാണ് ഈ പരീക്ഷ അവതരിപ്പിക്കപ്പെടുന്നത്: ‘‘നിങ്ങളെ ഉപദ്രവിക്കുന്നവരെ അനുഗ്രഹിപ്പിൻ; ശപിക്കാതെ അനുഗ്രഹിപ്പിൻ.’’ വാക്യം 17 മുതൽ 21-ന്റെ അവസാനം വരെ അത് വിപുലീകരിച്ച് നൽകിയിരിക്കുന്നു:

> ആർക്കും തിന്മെക്കു പകരം തിന്മ ചെയ്യാതെ സകലമനുഷ്യരുടെയും മുമ്പിൽ യോഗ്യമായതു മുൻകരുതി, കഴിയുമെങ്കിൽ നിങ്ങളാൽ ആവോളം സകലമനുഷ്യരോടും സമാധാനമായിരിപ്പിൻ. പ്രിയമുള്ളവരേ, നിങ്ങൾ തന്നേ പ്രതികാരം ചെയ്യാതെ ദൈവകോപത്തിന്നു ഇടംകൊടുപ്പിൻ; ‘‘പ്രതികാരം എനിക്കുള്ളതു; ഞാൻ പകരം ചെയ്യും’’ എന്നു കർത്താവു അരുളിച്ചെയ്യുന്നു, എന്നാൽ ‘‘നിന്റെ ശത്രുവിന്നു വിശക്കുന്നു എങ്കിൽ അവന്നു തിന്മാൻ കൊടുക്ക; ദാഹിക്കുന്നു എങ്കിൽ കുടിപ്പാൻ കൊടുക്ക; അങ്ങനെ ചെയ്താൽ നീ അവന്റെ തലമേൽ തീക്കനൽ കുന്നിക്കും’’ എന്നു എഴുതിയിരിക്കുന്നുവല്ലോ. തിന്മയോടു തോൽക്കാതെ നന്മയാൽ തിന്മയെ ജയിക്കുക.

നാം വാക്യം 14 ഉൾപ്പെടുത്തുന്നുവെങ്കിൽ, ഈ വചനഭാഗത്ത് നിഷേധാത്മക രൂപത്തിലുള്ള നാല് പ്രസ്താവനകളുണ്ട്. നാലിന്റെയും അടിസ്ഥാനപരമായ സന്ദേശം ഒന്നു തന്നെയാണ്.[93]

‘‘നിങ്ങളെ (ഉപദ്രവിക്കുന്നവരെ) ശപിക്കരുത്’’ (12:14).
‘‘തിന്മെക്കു പകരം തിന്മ ചെയ്യരുത്’’ (12:17).
‘‘നിങ്ങൾ തന്നേ പ്രതികാരം ചെയ്യരുത്’’ (12:19).

‘‘തിന്മയാൽ ജയിക്കരുത്’’ (12:21).

നിഷേധാത്മക രൂപത്തിലുള്ള ഈ നാല് പ്രസ്താവനകൾ, ധനാത്മക പ്രസ്താവനകളോട് ചേർത്ത് സന്തുലനം ചെയ്തിരിക്കുന്നു. നമ്മുടെ ശത്രുക്കളെ അനുഗ്രഹിക്കുക (12:14). ശരിയായത് ചെയ്യുകയും സകലമനുഷ്യരോടും സമാധാനമായിരിക്കുകയും ചെയ്യുക (12:17, 18). പ്രതികാരം ദൈവത്തിന് വിട്ടു കൊടുക്കുകയും നിങ്ങളുടെ ശത്രുക്കളോട് സ്നേഹം കാണിക്കുന്നതിൽ ശ്രദ്ധ വെക്കുകയും ചെയ്യുക (12:19, 20). നൻമ കൊണ്ട് വിജയം നേടുക (12:21).

റോമർ 12:14, 17–21 എന്നിവ രണ്ട് വ്യക്തികൾക്കിടയിലെ ബന്ധം സംബന്ധിച്ച്, വേദപുസ്തകത്തിലെ ഏറ്റവും ഗഹനമായ വചന ഭാഗങ്ങളിലൊന്നാണ്. നിങ്ങൾക്ക് ഹാനി വരുത്തുവാൻ ശ്രമിക്കുന്ന അവിശ്വാസികൾ - ഉപദ്രവിക്കുന്നവർ (12:14), ശത്രുക്കൾ (12:20), തിൻമ പ്രവർത്തിക്കുന്നവർ (12:21) - ആയിരുന്നു പൗലൊസിന്റെ മനസ്സിലുണ്ടാ യിരുന്നത്. എങ്കിലും കലഹം കൂട്ടുന്ന സഹ-വിശ്വാസിയോടുള്ള നമ്മുടെ മനോഭാവം സംബന്ധിച്ചും ഇത് ബാധകമാക്കാവുന്നതാണ്. കലഹം നിറഞ്ഞ കുടുംബാംഗങ്ങൾക്ക് പോലും ഇത് സഹായകമാണ്. ‘‘അപ്രിയരായവരെ എങ്ങനെ സ്നേഹിക്കാം’’ എന്നാണ് ഞാൻ ഈ പഠനത്തിന് പേര് നൽകിയിരിക്കുന്നത്. ഈ വാക്യങ്ങളിൽ കാണപ്പെടുന്ന അനുശാസനങ്ങൾ നമുക്ക് നോക്കാം.

*അയാൾക്കായി പ്രാർത്ഥിക്കുക* (12:14). വാക്യം 14-ൽ നാം ഇങ്ങനെ വായിക്കുന്നു, ‘‘നിങ്ങളെ ഉപദ്രവിക്കുന്നവരെ അനുഗ്രഹിപ്പിൻ; ശപിക്കാതെ അനുഗ്രഹിപ്പിൻ.’’ ‘‘അനുഗ്രഹിക്കുക’’ എന്നതിന്റെ അർത്ഥം, ‘‘ദൈവത്തോട് അവരെ അനുഗ്രഹിക്കുന്നതിനായി പ്രാർത്ഥിക്കുക’’ എന്നതാണ്; ‘‘ശപിക്കുക’’ എന്നതിന്റെ അർത്ഥം, ‘‘ദൈവത്തോട് അവരെ ശപിക്കുന്നതിനായി പ്രാർത്ഥിക്കുക’’ എന്നതും. നാം ആദ്യത്തേതാണ് ചെയ്യേണ്ടത്. രണ്ടാമത്തേതല്ല. വാക്യം 14 ലളിതമായി അവതരിപ്പിക്കുകയാണെങ്കിൽ, നമ്മുടെ ശത്രുക്കൾക്ക് വേണ്ടി നാം പ്രാർത്ഥിക്കണം എന്നാണ്.

സഭാ ആരാധനയിൽ പങ്കെടുത്തിരുന്നതും ആ സ്ഥലത്തെ ഏറ്റവും അസന്തുഷ്ടനായ വ്യക്തിയെപ്പോലെ കാണപ്പെട്ടിരുന്നതുമായ ഒരു വ്യക്തിയെക്കുറിച്ച് ഞാൻ വായിച്ചിട്ടുണ്ട്.[94] ഒരു ദിവസം അയാൾ സഭാശുശ്രൂഷകന്റെ ഓഫീസിലേക്ക് എത്തി ഒരു ചോദ്യം ഉന്നയിച്ചു. “മറ്റെല്ലാ സഭാംഗങ്ങളും യഥാർത്ഥത്തിൽ ആനന്ദം അനുഭവിക്കുന്നവരാണോ അതോ അവർ അത് അഭിനയിക്കുകയാണോ?”

സഭാശുശ്രൂഷകൻ പറഞ്ഞു, ‘‘അവരിൽ ഭൂരിഭാഗവും യഥാർത്ഥത്തിൽ സന്തോഷവാൻമാരാണെന്ന് തന്നെയാണ് ഞാൻ വിശ്വസിക്കുന്നത്.’’

ആ മനുഷ്യൻ പറഞ്ഞു, ‘‘എന്നാൽ എന്റെ കാര്യം അങ്ങനെയല്ല. ഞാൻ ദു:ഖാർത്തനാണ്.’’

അയാളുടെ അസന്തുഷ്ടിക്ക് കാരണമെന്താണെന്നതിനെക്കുറിച്ച് അവർ ചർച്ച ചെയ്തു. അയാൾ നടത്തുന്ന ബിസിനസിൽ അഞ്ച് വ്യക്തികൾ എതിരാളികളായിട്ടുണ്ടായിരുന്നുവെന്നും അവരോട് അയാൾ കഠിനമായി വിദ്വേഷം പുലർത്തിയിരുന്നുവെന്നും ഒടുവിൽ വ്യക്തമായി. ‘‘കള്ളക്കൂട്ടങ്ങൾ!’’ അയാൾ പറഞ്ഞു. ‘‘അവരെല്ലാം ഇല്ലാതായിരുന്നുവെങ്കിലെന്ന് ഞാൻ ആഗ്രഹിക്കുന്നു!’’

സഭാശുശ്രൂഷകൻ പറഞ്ഞു, ‘‘സന്തോഷം കൈവരിക്കുന്നതിന് എന്താണ് ചെയ്യേണ്ടതെന്ന് ഞാൻ പറയാം. പക്ഷേ, നിങ്ങൾ അത് ചെയ്യില്ല.’’

‘‘ഇല്ല, ഞാൻ ചെയ്യും,’’ ആ മനുഷ്യൻ പറഞ്ഞു.

സഭാശുശ്രൂഷകൻ നിഷേധാത്മകമായി തലയാട്ടി. ‘‘ഇല്ല, നിങ്ങൾ അത് ചെയ്യില്ല.’’

‘‘അതേ, ഞാൻ ചെയ്യും’’ ആ മനുഷ്യൻ തറപ്പിച്ചു പറഞ്ഞു. ‘‘എന്താണ് ചെയ്യേണ്ടിയത് എന്നു മാത്രം പറയുക.’’

സഭാശുശ്രൂഷകൻ പറഞ്ഞു: ‘‘എല്ലാ ദിവസവും ഉറങ്ങുവാൻ പോകുന്നതിന് മുൻപ്, മുട്ടു കുത്തി നിങ്ങളുടെ എതിരാളികളിൽ ഓരോ വ്യക്തിയ്ക്കായും പ്രാർത്ഥിക്കുക. അവരെ പുതിയ ബിസിനസ് നൽകി അനുഗ്രഹിക്കുന്നതിനായി പ്രാർത്ഥിക്കുക.’’

‘‘എന്ത്!’’ ആ മനുഷ്യൻ അമ്പരപ്പോടെ ഉറക്കെപ്പറഞ്ഞു. ‘‘ഞാൻ എന്തായാലും അത് ചെയ്യാൻ പോകുന്നില്ല!’’

സഭാശുശ്രൂഷകൻ പറഞ്ഞു: ‘‘നിങ്ങളത് ചെയ്യില്ലെന്ന് ഞാൻ പറഞ്ഞില്ലേ.’’

ആ മനുഷ്യൻ മുറുമുറുത്തു, ‘‘ഞാൻ ചെയ്യാമെന്ന് പറഞ്ഞു. ഇല്ലേ? നിങ്ങളെന്നെ കുടുക്കാൻ നോക്കിയതാണെന്നാണ് എനിക്ക് തോന്നുന്നത്.’’

ആഴ്ചകൾ കടന്നു പോയി. ആ മനുഷ്യന്റെ ഭാവത്തിൽ ക്രമേണയായ യുള്ള മാറ്റം സഭാശുശ്രൂഷകന്റെ ശ്രദ്ധയിൽപ്പെട്ടു. ഒരു ദിവസം, ആ മനുഷ്യൻ വീണ്ടും സഭാശുശ്രൂഷകന്റെ ഓഫീസിലേക്ക് എത്തി. ‘‘പാസ്റ്റർ’’, അയാൾ പറഞ്ഞു, ‘‘അത് ഫലിച്ചു.’’ ഇപ്പോൾ, എന്റെ എതിരാളികളുമായി ഞാൻ നന്നായി ഒത്തുപോകുന്നു. എന്നാൽ ഒരു കാര്യം തുറന്നു പറയുന്നതിന് ആഗ്രഹിക്കുന്നു. ഞാൻ അവർക്ക് വേണ്ടി പ്രാർത്ഥിച്ചു തുടങ്ങിയപ്പോൾ, ഇടയ്ക്കു വെച്ച് നിർത്തി ഞാൻ മുഖമുയർത്തി പറയുമായിരുന്നു, ‘‘കർത്താവേ, ഈ പ്രാർത്ഥിച്ചതൊന്നും ശരിക്കും ഞാൻ അർത്ഥമാക്കു ന്നില്ലെന്ന് അവിടുന്ന് അറിയുന്നല്ലോ.’’ എന്നാൽ, ആത്യന്തികമായി, പ്രാർത്ഥി ക്കുമ്പോൾ ഞാൻ അത് ശരിക്കും അർത്ഥമാക്കുവാൻ തുടങ്ങി – ഇപ്പോൾ ഞാൻ സന്തുഷ്ടവാനാണ്.’’

അപ്രിയനായ ഒരു വ്യക്തിയെ നിങ്ങൾക്ക് എങ്ങനെ സ്നേഹിക്കാം? നിങ്ങൾക്ക് ഒന്നാമതായി ചെയ്യാവുന്നത് അയാൾക്കായി പ്രാർത്ഥിക്കുകയെന്നതാണ്.

*അയാളുമായി അനുരഞ്ജനത്തിൽ പോകുന്നതിന് ശ്രമിക്കുക* (12:17, 18). ഈ പരീക്ഷയുടെ ആദ്യ ഭാഗം ദുഷ്കരമായിരുന്നു. എന്നാൽ വാക്യങ്ങൾ 17, 18-ൽ പരീക്ഷ പിന്നെയും കുറേക്കൂടെ കഠിനമായിത്തീരുകയാണ്. ‘‘ആർക്കും തിന്മെക്കു പകരം തിന്മ ചെയ്യാതെ സകലമനുഷ്യരുടെയും മുമ്പിൽ യോഗ്യമായതു മുൻകരുതി, കഴിയുമെങ്കിൽ നിങ്ങളാൽ ആവോളം സകലമനുഷ്യരോടും സമാധാനമായിരിപ്പിൻ.’’ തിരിച്ചടിക്കുന്നത് നമ്മുടെ പ്രവണതയാണ്. എന്നാൽ, കർത്താവ് നമ്മെ വിളിക്കുന്നത് മറ്റൊരു ഉയർന്ന തലത്തിലുള്ള ജീവിതത്തിനായാണ് (മത്തായി 5:38–42).

ഒരു വന്യമൃഗത്തെ കണിയിൽ നിന്ന് സ്വതന്ത്രനാക്കുന്നതിന് ശ്രമിക്കുകയായിരുന്ന ഒരു മനുഷ്യന്റെ കഥയുണ്ട്. അയാൾ അങ്ങനെ ശ്രമിച്ചു കൊണ്ടിരിക്കുമ്പോൾ, മൃഗമാകട്ടെ ചീറ്റുകയും അയാളെ മാന്തുന്നതിന് ശ്രമിക്കുകയുമായിരുന്നു. സമീപത്തു കൂടി പൊയ്ക്കൊണ്ടിരുന്ന ഒരു വ്യക്തി ചോദിച്ചു, ‘‘ഈ മൃഗത്തെ സഹായിക്കുന്നതിന് നിങ്ങളെന്തിന്

പ്രയാസപ്പെടണം? തക്കം കിട്ടിയാൽ അത് നിങ്ങളെ മുറിവേൽപ്പിക്കും.'' ആ മനുഷ്യൻ പ്രതികരിച്ചു, ''ചീറ്റുകയും മാന്തുകയും ചെയ്യുന്നത് അതിന്റെ സ്വഭാവമാണ്. സഹായിക്കുകയെന്നുള്ളത് എന്റെയും. അതിന് അതിന്റെ സ്വഭാവം മാറ്റുവാൻ കഴിയില്ലാത്തതിനാൽ ഞാൻ എന്തു കൊണ്ട് എന്റെ സ്വഭാവം മാറ്റണം?''[95]

*അയാളെ സഹായിക്കുക* (12:19, 20). ഈ പരീക്ഷ കൂടുതൽ ദുഷ്കരമായിക്കൊണ്ടിരിക്കുകയാണ്. വാക്യങ്ങൾ 19, 20-ൽ നമുക്ക് ക്ഷതമുണ്ടാക്കുന്നതിന് മറ്റുള്ളവർ ശ്രമിക്കുന്ന സമയത്തും, അവരെ *സഹായിക്കുന്നതിനുള്ള* വെല്ലുവിളിയാണ് പൗലൊസ് നമുക്ക് മുൻപിൽ വെക്കുന്നത്.

ജനപ്രീതിയുള്ള അഭിപ്രായങ്ങൾക്കെതിരെ നേരിട്ടുള്ള വേദപുസ്തക അനുശാസനമുണ്ടെങ്കിൽ അത് ഇതാണെന്ന് പറയാം: ''നിങ്ങൾ തന്നെ പ്രതികാരം ചെയ്യരുത്'' (12:19a). വ്യക്തിപരമായ പ്രതികാരത്തെ പ്രോത്സാഹിപ്പിക്കുകയും അത് ആഘോഷിക്കുക പോലും ചെയ്യുന്ന ഒരു യുഗത്തിലാണ് നാം ജീവിക്കുന്നത്. നിരവധി പുസ്തകങ്ങളുടെയും ചലച്ചിത്രങ്ങളുടെയും ടെലിവിഷൻ ഷോകളുടെയും മുഖ്യ കഥാതന്തു പ്രതികാരമാണ്. ബമ്പർ സ്റ്റിക്കറുകൾ, പോസ്റ്ററുകൾ, ടീ-ഷർട്ടുകൾ പ്രഖ്യാപിക്കുന്നു: ''ഞാൻ ഭ്രാന്തു പിടിച്ചു തുള്ളില്ല; പകരത്തിന് പകരമേ ചെയ്യുള്ളു.'' ചിലപ്പോൾ പ്രതികാരത്തെ വർണ്ണാഭമായി അലങ്കരിച്ച് ''വ്യക്തിഗത നീതി'' എന്ന് വിളിക്കുന്നതിനുള്ള ശ്രമം നടത്തപ്പെടുന്നു. ചിലർ ''കണ്ണിന് പകരം കണ്ണ്, പല്ലിന് പകരം പല്ല്'' (കാണുക പുറ. 21:24; ലേവ്യ. 24:20)[96] എന്ന പഴയ നിയമ ചട്ടങ്ങൾ ദുരുപയോഗിച്ചു കൊണ്ട് പ്രതികാരം ചെയ്യുന്നതിന് മുടന്തൻ ന്യായം ഉയർത്തുന്നു. മനുഷ്യർ അതിന് എത്ര മാത്രം ആസ്വാദ്യകരമായ ഒരു മുഖം നൽകിയാലും, അത് തിൻമയ്ക്ക് പകരം തിൻമ മടക്കി നൽകുകയാണ്; അപ്പൊഴും അത് പ്രതികാരം തന്നെയാണ്; പൗലൊസ് അപ്പോഴും പറയുന്നു: "അത് ചെയ്യരുത്!"

അടുത്ത അനുശാസനം, ''പ്രതികാരം ചെയ്യാതെ ദൈവകോപത്തിന്നു ഇടംകൊടുപ്പിൻ'' (12:19b) എന്നാണ്. നാം ദൈവത്തിന്റെ ജോലിയേറ്റെടുക്കരുത് എന്ന് അർത്ഥം; അഥവാ നാം മാറി നിന്ന്, തിൻമ ചെയ്യുന്നവരോട് ഇടപെടുന്നതിനും അവരെ ശിക്ഷിക്കുന്നതിനും ദൈവത്തെ അനുവദിക്കുകയാണെന്നാണ് അത് അർത്ഥമാക്കുന്നത്. ഒരു തെക്കേ അമേരിക്കൻ രാജ്യത്ത് ഒരിക്കൽ സംഭവിച്ച ഒരു സംഭവം ടെയ്‌ലർ കേവ് പറഞ്ഞു.[97] തന്റെ വസ്തുവിൽ നിന്ന് തടി മോഷ്ടിക്കുന്ന രണ്ട് മോഷ്ടാക്കളെ ഉടമസ്ഥൻ കയ്യോടെ പിടി കൂടി. അയാൾ അവരെ നേരിടുകയും അവരോട് സ്ഥലം വിടുന്നതിന് ആവശ്യപ്പെടുകയും ചെയ്തു. പോകുമ്പോൾ പ്രതികാരം ചെയ്യുമെന്ന് ഭീഷണി മുഴക്കിയാണ് അവർ സ്ഥലം വിട്ടത്. പിന്നീട്, ആ രണ്ട് മോഷ്ടാക്കളും ചേർന്ന് അയാളെയും മൂത്ത മകനെയും കൊലപ്പെടുത്തി. പോലീസ് രണ്ട് പേരെയും പിടികൂടി. കൊല ചെയ്യപ്പെട്ട മനുഷ്യന്റെ ഇളയ മകനെ, പോലീസ് കൊലപാതകികളുടെ അടുത്തേക്ക് കൂട്ടിക്കൊണ്ടു പോയി. പോലീസ് അയാളോട് പറഞ്ഞു: "ഇതാ തോക്ക്. ഞങ്ങൾ ഒരു വശത്തേക്ക് മാറി നിൽക്കാം. നിങ്ങൾക്കിഷ്ടമുള്ളത് ചെയ്യാം." ഇളയ മകൻ തോക്ക് മടക്കി നൽകിക്കൊണ്ട് പറഞ്ഞു, "ഇല്ല, അത് ദൈവത്തിന്റെ ജോലിയാണ്."

ന്യായവിധി ദൈവത്തിന്റേതാണ്. ''നിങ്ങൾ തന്നേ പ്രതികാരം ചെയ്യാതെ ദൈവകോപത്തിന്നു ഇടംകൊടുപ്പിൻ; പ്രതികാരം എനിക്കുള്ളതു; ഞാൻ

പകരം ചെയ്യും എന്നു കർത്താവു അരുളിച്ചെയ്യുന്നു.'' (12:19c). നാം പ്രതികാരവും തിരിച്ചടിയ്ക്കലും ഒഴിവാക്കണം. കാരണം, ഈ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് നമ്മേക്കാൾ എന്തു കൊണ്ടും മികച്ചൊരു സ്ഥാനത്താണ് ദൈവം. ദൈവത്തിന് എല്ലാ കാര്യങ്ങളും അറിയാം; എന്നാൽ, നമുക്ക് അറിയില്ല. അവിടുന്ന് എല്ലാ കാര്യങ്ങളും കാണുന്നു; എന്നാൽ നാം കാണുന്നില്ല; എല്ലാ അധികാരവും ദൈവത്തിനുണ്ട്; നമുക്ക് ഇല്ല. നമ്മുടെ ശത്രുക്കൾക്ക് ശിക്ഷ നൽകുന്നതിന് നാം ശ്രമിക്കുമ്പോൾ, ''നമ്മുടെ പാപത്താൽ വികൃതമായ, ഉഗ്രകോപത്താൽ കലങ്ങിയ ചിന്ത''-യും നമ്മുടെ ''അർദ്ധ അറിവ്'' -ഉം ''ഹൃദയങ്ങളെ അറിയുന്നതിനുള്ള നമ്മുടെ കഴിവില്ലായ്മ''-യും, ചേർന്ന് അത് ശരിയായി നിർവ്വഹിക്കുന്നതിൽ നിന്ന് നമ്മെ തടയുന്നു.[98]

''നിന്റെ ശത്രുവിന്നു വിശക്കുന്നു എങ്കിൽ അവന്നു തിന്മാൻ കൊടുക്ക; ദാഹിക്കുന്നു എങ്കിൽ കുടിപ്പാൻ കൊടുക്ക'' (12:20) എന്ന് വചനഭാഗം തുടർന്നു പറയുന്നു. മറ്റ് വാക്കിൽ പറഞ്ഞാൽ, ശത്രുവിനെ സഹായിക്കുക. ദൈവ സഭയുടെ അംഗങ്ങളായിരുന്ന ഒരു ദമ്പതികളെക്കുറിച്ച് കുറച്ചു കാലം മുൻപ് ഞാൻ വായിക്കുകയുണ്ടായി. അവരുടെ കൗമാരപ്രായത്തിലുള്ള മകനെ, മദ്യപനായ ഒരു ഡ്രൈവർ ഓടിച്ചിരുന്ന വാഹനമിടിച്ച് മരിക്കുകയുണ്ടായി. ആ ഡ്രൈവറും ഏകദേശം അവരുടെ മകന്റെ പ്രായത്തിലുള്ള വ്യക്തിയായിരുന്നു. ആ ദുരന്തത്തിൽ ആദ്യം ആ ദമ്പതികൾ തകർന്നു പോയി. പിന്നീടത്, വാഹനത്തിന്റെ ഡ്രൈവറോടുള്ള കഠോരമായ വിദ്വേഷമായി മാറി. എങ്കിലും, അവർക്ക് കർത്താവ് പഠിപ്പിച്ചതും പിന്നീട് പൗലൊസ് പഠിപ്പിച്ചതുമായ സ്വർഗ്ഗീയ തത്വങ്ങളെക്കുറിച്ച് അവബോധമുണ്ടായിരുന്നു. ദൈവത്തിന്റെ സഹായത്താൽ, അവർ ആ യുവാവുമായി സൗഹൃദം സ്ഥാപിക്കുകയും അയാളെ മദ്യപാനാസക്തിയിൽ നിന്ന് വിടുതൽ നേടുന്നതിന് അവർ സഹായിക്കുകയും ചെയ്തു. ആത്യന്തികമായി, അയാളുടെ ജീവിതം അനുഗ്രഹിക്കപ്പെടുകയും; ഒപ്പം ആ ദമ്പതികളുടെയും.[99]

എതിരാളിയായ ഒരു വ്യക്തിക്ക് നൻമ ചെയ്യുന്നത് *എപ്പോഴും* അയാളെ മാനസാന്തരത്തിലേക്കും അനുരഞ്ജനത്തിലേക്കും നയിക്കുമോ? - ഇല്ല. എന്നാൽ നൻമ ചെയ്യുന്നത് സാധാരണയായി നിങ്ങളെ സഹായിക്കും. നിങ്ങൾക്ക് ചെയ്യുവാൻ സാധിക്കുന്നതെല്ലാം നിങ്ങൾ ചെയ്തുവെന്ന് നിങ്ങൾക്ക് ഉറപ്പിക്കുന്നതിനും നിങ്ങളുടെ വിദ്വേഷത്തിന്റെ ഹൃദയം നിങ്ങൾക്ക് ഉപേക്ഷിക്കുന്നതിനും കഴിയും.

തിൻമയ്ക്കെതിരായി നൻമ പ്രവർത്തിക്കുന്നത്, തിൻമ പ്രവർത്തിച്ച വ്യക്തിയിൽ *ചിലപ്പോൾ* ധനാത്മകമായ ഒരു ഫലം സൃഷ്ടിക്കാം. ഒരു സഭാകൂട്ടായ്മയുടെ പൊതു സമ്മേളനം, ലൗഡ് സ്പീക്കറിലൂടെ ഹൈന്ദവ ഗാനങ്ങൾ വളരെ ഉച്ചത്തിൽ കേൾപ്പിച്ച് അലങ്കോലപ്പെടുത്തുന്നതിന് ശ്രമിച്ച ഒരു അയൽക്കാരനെക്കുറിച്ച് *ഇൻഡ്യാ റിപ്പോർട്ട്* എഴുതി. ഒരു ദിവസം ഭയാനകമായ ഒരു ചുഴലിക്കാറ്റ് അവർ താമസിക്കുന്ന സ്ഥലത്ത് നാശം വിതച്ചു. സമ്മേളനം തടസ്സപ്പെടുത്താൻ ശ്രമിച്ച ആ അയൽക്കാരന് സഭാകെട്ടിടത്തിൽ അഭയം തേടേണ്ടി വന്നു. മൂന്നു ദിവസങ്ങളോളം ആ മനുഷ്യന് സഭയുടെ അംഗങ്ങൾ ഭക്ഷണം നൽകി. പിന്നീട് ആ വ്യക്തി സുവിശേഷം അംഗീകരിക്കുകയും യേശുവിനെ രക്ഷിതാവായി സ്വീകരിക്കുകയും ചെയ്തു.[100]

*ഉപസംഹാരം.* അതേ, അപ്രിയരായവരെ സ്നേഹിക്കുകയെന്നതാണ് ക്രിസ്തീയ വിശ്വാസികളെന്ന നിലയിൽ നാം എന്നും നേരിടുന്ന ഏറ്റവും വൈഷമ്യമാർന്ന പരീക്ഷ. മറ്റെല്ലാ പരീക്ഷകളേയും പോലെ, ചിലരേക്കാളേറെ മറ്റു ചിലർക്ക് ഇത് കൂടുതൽ കടുത്ത വെല്ലുവിളി ഉയർത്തുന്നതാണ്. ചിലരുടെ സ്വഭാവവിശേഷതകളും വളർന്ന കുടുംബ പശ്ചാത്തലവും മൂലം, അവരെ ക്ഷതമേൽപ്പിക്കുന്ന വ്യക്തികൾക്ക് ക്ഷതം വരുത്തുന്നതിന് അവർ സ്വാഭാവികമായി ആഗ്രഹിക്കുന്നുവെന്നത് ഒരു യാഥാർത്ഥ്യമാണ്. എന്നാൽ, ഒരാൾക്കും ഇത് അനായാസമായ ഒരു പരീക്ഷയല്ല.

മറ്റെല്ലാ പരീക്ഷകളെപ്പോലെയും, നാം തയ്യാറെടുക്കുന്നുവെങ്കിൽ ഇതും എളുപ്പമായിത്തീരും. തയ്യാറെടുക്കുന്നതിനായി, റോമർ 12:14, 17–21ൽ പൗലൊസ് നമുക്ക് നൽകിയ ഉപദേശം അതേ പോലെ പാലിക്കുന്നതിന് നാം ദൃഢനിശ്ചയമെടുക്കേണ്ടതാണ്. അതിന് ശേഷം നാം കർത്താവിനോട് ചേർന്നു നിൽക്കേണ്ടതുമാണ്. എങ്കിൽ, നാം എടുത്ത തീരുമാനം പാലിക്കുന്നതിന് കർത്താവ് തന്നെ നമ്മെ സഹായിക്കും.

നാം തയ്യാറെടുക്കുന്നുവെങ്കിൽപ്പോലും എപ്പോഴും നാം ഈ പരീക്ഷയിൽ വിജയം കാണുമോ? ഒരു പക്ഷേ ഇല്ല. എങ്കിൽത്തന്നെയും, നാം ആദ്യശ്രമത്തിൽ പരാജയമടയുന്നുവെങ്കിൽക്കൂടിയും നമുക്ക് രണ്ടാമതൊരു അവസരം ഉപയോഗിക്കാം. നമ്മുടെ പരാജയത്തിൽ നമുക്ക് പശ്ചാത്തപിക്കുകയും ദൈവത്തോട് ക്ഷമ യാചിക്കുകയും ചെയ്യാം. നമ്മുടെ എതിരാളിയെ സമീപിച്ച് നമുക്ക് ഇങ്ങനെ പറയാം: "ഒരു ക്രിസ്തീയ വിശ്വാസി എങ്ങനെ പെരുമാറേണ്ടതുണ്ടായിരുന്നുവോ അങ്ങനെ ഞാൻ പ്രതികരിച്ചില്ല. എന്റെ പ്രവർത്തിയിൽ ഞാൻ ലജ്ജിതനാണ്. ഞാൻ നിങ്ങളോട് ക്ഷമ ചോദിക്കുന്നു."

---

കുറിപ്പുകൾ

[1]John R. W. Stott, *The Message of Romans: God's Good News for the World*, The Bible Speaks Today (Downers Grove, Ill.: Inter-Varsity Press, 1994), 317. [2]Warren W. Wiersbe, *The Bible Exposition Commentary*, vol. 1 (Wheaton, Ill.: Victor Books, 1989), 553. [3]R. C. Bell, *Studies in Romans* (Austin, Tex.: Firm Foundation Publishing House, 1957), 133. [4]J. D. Thomas, Class Notes, *Romans*, Abilene Christian College (1955). [5]"Therefore" appears in these verses in the NASB. Sometimes it is used to translate the Greek word *oun*; other times it represents a different Greek word. [6]W. E. Vine, Merrill F. Unger, and William White, Jr., *Vine's Complete Expository Dictionary of Old and New Testament Words* (Nashville: Thomas Nelson Publishers, 1985), 62. [7]Dale Hartman, sermon preached at Eastside church of Christ, Midwest City, Oklahoma, c. 2004. [8]Marvin R. Vincent, *Word Studies in the New Testament*, vol. 3, *The Epistles of Paul* (Grand Rapids, Mich.: Wm. B. Eerdmans Publishing Co., 1965), 153. [9]F. F. Bruce, *The Letter of Paul to the Romans*, 2d ed., The Tyndale New Testament Commentaries (Grand Rapids, Mich.: Wm. B. Eerdmans Publishing Co., 1985), 212. [10]Thomas, Class Notes, *Romans*.

[11]William Barclay, *The Letter to the Romans*, rev. ed., The Daily Study Bible (Philadelphia: Westminster Press, 1975), 156. [12]Stott, 322. [13]Vine, 509. [14]Barclay, 156–57.[15]Earlier, in 9:4, the NASB rendered *latreia* as "service," adding the word "temple" in front of it. A kindred word, λειτουργία (*leitourgia*), is where we get "liturgy," a term used today to refer to preset worship rituals preferred by some denominations. [16]Anonymous; quoted in Bruce Barton, David Veerman, and Neil Wilson, *Romans*, Life Application Bible Commentary (Wheaton, Ill.: Tyndale House Publishers, 1992), 232. [17]Paul used two different words for "form" in 12:2: σχῆμα (*schēma*) in "conformed" (which has to do with the outward form that constantly changes) and μορφή (*morphē*) in "transformed" (which refers to the essential nature of a thing). Some think Paul deliberately used different words

to contrast them. The TEV provides an example of this point of view: "Do not conform *outwardly* to the standards of this world, but let God transform you *inwardly*" (emphasis added). Other writers believe that Paul used the terms as synonyms, using different expressions for variety, as writers and speakers do today. Either interpretation is possible. Whichever is used, Paul's basic message remains the same. [18]A form of *metamorphoō* is translated "transfigured" in Matthew 17:2 and Mark 9:2. Christ's appearance was dramatically changed as the glory of His deity shone through the flesh. [19]English has only two voices: active (that which we do) and passive (that which is done to us). The Greek has a third voice: middle (that which we do to or for ourselves). [20]The word "is" does not appear in the original text; it has been supplied by the translators.

[21]Walter Bauer, *A Greek-English Lexicon of the New Testament and Other Early Christian Literature*, 3d ed., rev. and ed. Frederick W. Danker (Chicago: University of Chicago Press, 2000), 255. [22]Barclay, 155. [23]Vine, 583. [24]C. G. Wilke and Wilibald Grimm, *A Greek-English Lexicon of the New Testament*, trans. and rev. Joseph Henry Thayer (Edinburgh: T. & T. Clark, 1901; reprint, Grand Rapids, Mich.: Baker Book House, 1977), 408. [25]Most writers agree that the list includes both miraculous gifts and non-miraculous gifts, but there are differences of opinion regarding which were miraculous and which were non-miraculous. [26]Bell, 136. [27]*The Analytical Greek Lexicon* (London: Samuel Bagster & Sons, 1971), 354. [28]Ibid., 23. [29]Vine, 494. [30]Stott, 327; citing C. E. B. Cranfield, *A Critical and Exegetical Commentary on the Epistle to the Romans*, vol. 2, The International Critical Commentary (Edinburgh: T. & T. Clark, 1983), 621.

[31]Vine, 619. [32]*The Analytical Greek Lexicon*, 265. [33]Bauer, 104. [34]Ibid. [35]O. Bauernfeind, "*haplótēs*," in *Theological Dictionary of the New Testament*, ed. Gerhard Kittel and Gerhard Friedrich, trans. and abr. Geoffrey W. Bromiley (Grand Rapids, Mich.: Wm. B. Eerdmans Publishing Co., 1985), 65. [36]Vine, 169. [37]Ibid., 404. [38]Ibid., 98. [39]D. Stuart Briscoe, *Romans*, The Communicator's Commentary (Waco, Tex.: Word Books, 1982), 222. [40]Anders Nygren, *Commentary on Romans* (Philadelphia: Fortress Press, 1949), 424.

[41]Vine, 316. [42]Ibid., 1. [43]Jim McGuiggan, *The Book of Romans*, Looking Into The Bible Series (Lubbock, Tex.: Montex Publishing Co., 1982), 367. [44]For additional passages on hating evil, see Ps. 97:10; 119:104; Prov. 8:13; Heb. 1:9. [45]Vine, 104. The KJV has "cleave." The same Greek word is used in Matthew 19:5 to refer to husband and wife being joined to one another. [46]A fourth Greek word for "love," ἔρως (*erōs*), refers to physical love (including sex). Physical love in the context of a scriptural marriage is right and is even encouraged (1 Cor. 7:2, 3; Heb. 13:4), but *erōs* had so many bad connotations that New Testament writers did not use it. [47]For more information about the Greek words for "love," see David Roper, *Getting Serious About Love* (Searcy, Ark.: Resource Publications, 1992), 13–29. [48]Vine, 310. [49]Ibid., 483. [50]Barclay, 164.

[51]*The Analytical Greek Lexicon*, 286. [52]Vine, 233. [53]Barclay, 163. [54]Leon Morris, *The Epistle to the Romans* (Grand Rapids, Mich.: Wm. B. Eerdmans Publishing Co., 1988), 447. [55]Vine, 17. [56]Ibid., 462. [57]The NASB has the English word "devoted" in both verses 10 and 12; but a different Greek word is used in verse 12 than was used in verse 10. [58]W. Grundmann, "*karteréō*," in *Theological Dictionary of the New Testament*, 417. [59]Vine, 177, 233. [60]Luke Hartman, "God's Call to Love," sermon preached at Eastside church of Christ, Midwest City, Oklahoma, 17 July 2005.

[61]For a discussion of hospitality, see David Roper, "The Man Who Gave Life (2 Kings 4:8–17)," *Truth for Today* 24, no. 11 (April 2004): 28–29. [62]A. Oepke, "*diṓkō*," in *Theological Dictionary of the New Testament*, 177. [63]The Greek word for "you" is left out of several ancient manuscripts, so some commentators suggest that Paul's admonition applies to persecutors in general. [64]Adapted from Vine, 69. [65]That kind of language is condemned elsewhere. For instance, Colossians 3:8 denounces "abusive speech" ("filthy communication"; KJV). [66]Morris, 451. [67]Stott, 333. [68]Richard A. Batey, *The Letter of Paul to the Romans*, The Living Word Commentary (Austin, Tex.: R. B. Sweet Co., 1969), 155. [69]Barton, Veerman, and Wilson, 243. [70]Douglas J. Moo, *Romans*, The NIV Application Commentary (Grand Rapids, Mich.: Zondervan Publishing House, 2000), 417.

[71]Vine, 274. The KJV has "Provide things honest in the sight of all men." Doing "what is right" (*kalos*) includes being honest, but it encompasses more than that. The NKJV says, "Have regard for good things in the sight of all men." [72]John Kachelman, "How to Handle Hostility," *Truth for Today* 9, no. 12 (May 1989): 27. [73]A number of translations use terms like "friends" or "dear friends," but

*agapētos* is stronger and deeper than mere friendship. [74]Lewis Copeland, ed., *Popular Quotations for All Uses*, rev. ed. (Garden City, N.Y.: Doubleday & Co., 1961), 391. [75]Dale Hartman, sermon preached at the Eastside church of Christ, Midwest City, Oklahoma, 24 October 2004. [76]It has been suggested that Paul referred to the wrath of the persecuted or to the wrath of the persecutor, but the context indicates that he was referring to God's wrath. [77] Jimmy Allen, *Survey of Romans*, 7th ed. (Searcy, Ark.: By the author, 1994), 105. [78]Adapted from McGuiggan, 373. [79]Benjamin Franklin, *Poor Richard's Almanack* (October 1749). [80]Morris, 454.

[81]Jim Townsend, *Romans: Let Justice Roll Down* (Elgin, Ill.: David C. Cook Publishing Co., 1988), 86. [82]Bruce, 217–18. [83]Allen, 105. [84]Thomas R. Schreiner, however, interpreted the "burning coals" as God's judgment. (Thomas R. Schreiner, *Romans*, Baker Exegetical Commentary on the New Testament [Grand Rapids, Mich.: Baker Academic, 1998], 674–76.) [85]Barclay, 170. [86]Stott, 337. [87]*Latreia* is not one of the primary New Testament words for "worship," but that does not mean that worship is excluded from its meaning. [88]Halford E. Luccock, *Preaching Values in the Epistles of Paul*, vol. 1, *Romans and First Corinthians* (New York: Harper & Brothers, 1959), 77. [89]University of Illinois, Urbana-Champaign, "Atmospheric Pressure" (http://ww2010.atmos.uiuc.edu/(Gh)/guides/mtr/fw/prs/def.rxml; Internet; accessed 19 September 2013). [90]Joe Barnett, "You Are Someone Special" (tract) (N.p., n.d.), 6.

[91]James O. Baird, "Going to Heaven from the Pew," sermon preached at Macquarie church of Christ, Sydney, Australia, July 1976. [92]Adapted from a talk made by Coy Roper during a faculty retreat at Heritage Christian University in Florence, Alabama, 25 August 2004. [93]Adapted from Stott, 334–35. [94] Adapted from C. Roy Angell, *Iron Shoes* (Nashville: Broadman Press, 1953), 52–53. [95]Adapted from Robert J. Morgan, *Nelson's Complete Book of Stories, Illustrations, & Quotes* (Nashville: Thomas Nelson Publishers, 2000), 267–68. [96]This is misused, first, because the Old Testament edict is not so much about personal revenge as it is about punishment by society. Second, we are to live today by New Testament standards (see Mt. 5:38–42). [97]Taylor Cave, class taught at Eastside church of Christ, Midwest City, Oklahoma, 14 July 2005. [98]Bell, 141–42. [99]Bob Stewart, *Revenge Redeemed* (Old Tappan, N.J.: Fleming H. Revell Co., 1991). [100]*India Report*, Central church of Christ, Lufkin, Texas, 15 July 2002.